# നോവൽ
## പഠനങ്ങൾ

(Malayalam)
**Noval Padanangal**

**Edited by**
Dr.Bennichen Scaria
Nimmy Kurian

**First Published**
October 2021

**Cover Design & Type setting**
Divya Mathew
Price : Rs.150/-
No part of this publication may be reproduced or transmitted
in any form or by any means without prior written
permission of the publisher

ISBN: 978-81-947879-9-0 (Print)
ISBN: 978-81-947879-0-7 (E Book)

**Publishers**
For Pavanatma College

ABPL Publications
www.abplpublications.co.in.

# നോവൽ
## പഠനങ്ങൾ


എഡിറ്റർമാർ:

**ഡോ. ബെന്നിച്ചൻ സ്കറിയ**

**നിമ്മി കുര്യൻ**



പാവനാത്മാ കോളേജിനു വേണ്ടി

എ.ബി.പി.എൽ. പബ്ലിക്കേഷൻസ്

വില: 150/-

# മുഖവുര

കാലത്തിന്റെ ചലനങ്ങളെ അതിവേഗം ആവാഹിച്ചെടുത്ത് മുന്നേറുന്ന സാഹിത്യജനുസ്സാണ് നോവൽ. ഭിന്നതലവർത്തിയായ മനുഷ്യജീവിതം സമഗ്രമായി ആവിഷ്ക്കിക്കാൻ നോവൽ എന്ന സാഹിത്യരൂപത്തിനുള്ള കഴിവ് അനുപമമാണ്. സാഹിത്യലോകത്തെ വിവിധ ഭാവുകത്വപരിണാമങ്ങളെ കാലോചിതമായി നോവൽ അടയാളപ്പെടുത്തുന്നു.

ആദ്യകാല നോവൽ മുതൽ പുതുകാല നോവൽ വരെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പതിനൊന്നു ലേഖനങ്ങളാണ് ഈ പഠനഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നോവൽ എന്ന സാഹിത്യരൂപത്തിൽ ഇന്നോളം വന്നു ചേർന്നിട്ടുള്ള കാതലായ മാറ്റങ്ങളും, വർത്തമാനകാലത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ദളിത്, സ്ത്രീ, പരിസ്ഥിതി പ്രതിനിധാനങ്ങളും, ആഖ്യാനത്തിലെ ബഹുസ്വരതയും വിമർശനബുദ്ധ്യാ വിശകലനം ചെയ്ത് അവതരിപ്പിക്കുവാൻ എല്ലാ ലേഖകരും ശ്രദ്ധിച്ചിട്ടുണ്ട്.

പോത്തേരി കുഞ്ഞമ്പു , സുഭാഷ് ചന്ദ്രൻ, യു.കെ.കുമാരൻ, പ്രദീപൻ പാമ്പിരിക്കുന്ന്, കെ.ആർ.മീര, ആർ.രാജശ്രീ, സോണിയ റഫീക്ക്, ആശിഷ് ബെൻ അജയ്, എസ്.ഗിരീഷ് കുമാർ, വിനോയ് തോമസ് എന്നിവരുടെ ശ്രദ്ധേയമായ നോവലുകളാണ് ഈ കൃതിയിൽ വിലയിരുത്തപ്പെടുന്നത്.

ഈ പുസ്തകത്തിലേയ്ക്ക് ലേഖനങ്ങൾ എഴുതി നൽകിയ എല്ലാ സുഹൃത്തുക്കൾക്കും നന്ദി. ഈ ഗ്രന്ഥത്തിന്റെ ടൈപ്പ്സെറ്റിംഗ്, കവർ ഡിസൈനിംഗ് ചെയ്ത ദിവ്യ മാത്യുവിനോടും പ്രസാധനം നിർവ്വഹിച്ച എ.ബി.പി.എൽ. പബ്ലിക്കേഷനോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**ഡോ.ബെന്നിച്ചൻ സ്കറിയ** **നിമ്മി കുര്യൻ**

# ഉള്ളടക്കം

1. മനുഷ്യന് ഒരു ആമുഖത്തിന്റെ സാമൂഹ്യപ്രസക്തി
- *ഡോ.ബെന്നിച്ചൻ സ്കറിയ*

2. ഖബർ; ചരിത്രവും ഭാവനയും
- *നിമ്മി കുര്യൻ*

3. കല്യാണി ദാക്ഷായണിമാരുടെ ദേശകാലാതീതമായ (നോവൽ) സ്വരൂപം
- *ആര്യ രാജ്*

4. ഹെർബേറിയം - പച്ചയുടെയും, സ്ത്രീരചനയുടെയും രാഷ്ട്രീയം
- *സോണിയ ജോസ്*

5. സ്ത്രീ പോരാട്ടം അതിജീവനം
- *ഡോ.നടാഷ സെബാസ്റ്റ്യൻ*

6. എരിയുടെ നാനാർത്ഥങ്ങൾ
- *അൽഫോൻസ ഫ്രാൻസീസ്*

7. തക്ഷൻകുന്നിന്റെ സ്വരൂപപാഠങ്ങൾ
- *വിഷ്ണു പി.എ.*

8. ഒരു യാത്രയും കുറേ തിരിച്ചറിവുകളും
- *ഷെറിൻ ജോർജ്ജ്*

9. ദളിത് മുന്നേറ്റത്തിന്റെ ഇതിഹാസഗാഥകൾ
- *സിബിൾ സണ്ണി*

10. അലിംഗം-നായികാ നടന്റെ ജീവിതം അരങ്ങിലും അണിയറയിലും
- *രമ്യാമോൾ ജി.*

11. ചരിത്രാഖ്യാനം കരിക്കോട്ടക്കരിയിൽ
- *ആൻമരിയ സിബി*

# 'മനുഷ്യന് ഒരു ആമുഖ'ത്തിന്റെ സാമൂഹ്യപ്രസക്തി

ഡോ. ബെന്നിച്ചൻ സ്കറിയ
അസിസ്റ്റന്റ് പ്രൊഫസർ & റിസേർച്ച്ഗൈഡ്
പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

**ആമുഖം**

പറുദീസാനഷ്ടവും ഘടികാരങ്ങൾ നിലയ്ക്കുന്ന സമയവുമൊക്കെയായി മലയാളിയുടെ വായനാലോകത്തിൽ തന്റേതായ നിലയുറപ്പിച്ച കഥാകാരനാണ് സുഭാഷ് ചന്ദ്രൻ. അഗാധമായ അനുഭവലോകത്തിലേയ്ക്ക് വായനക്കാരനെ കൂടി ആനയിക്കുന്നതാണ് അദ്ദേഹത്തിന്റെ രചനകൾ. വായനക്കാരന് കൂടി ജീവിതത്തിന് ആമുഖമാകുന്നു സുഭാഷ് ചന്ദ്രന്റെ 'മനുഷ്യന് ഒരു ആമുഖം'. തച്ചനക്കര എന്ന ഗ്രാമത്തിന്റെ നൂറു വർഷത്തെ ചരിത്രത്തിലൂടെ മനുഷ്യാന്വേഷണം വ്യത്യസ്ത ആഖ്യാനശൈലിയിലൂടെ അവതരിപ്പിക്കുന്നതാണ് 'മനുഷ്യന് ഒരു ആമുഖം'. ധർമ, അധർമ, കാമ, മോക്ഷങ്ങളിലൂടെ ഭൂത - വർത്തമാനങ്ങൾ സമന്വയിക്കപ്പെടുന്നു. വർത്തമാനകാലത്തിൽ നിൽക്കുന്ന ജിതേന്ദ്രനിൽ പോയകാലത്തിന്റെ കണ്ണീർ തിളങ്ങുന്ന കണ്ണുകളുണ്ട്. അതിൽ അയ്യാട്ടുമ്പിള്ളിയിലെ തറവാടും നാറാപിള്ളയും ഗോവിന്ദനും അടയാളപ്പെടുത്തലുകളാൽ മുഖരിതമായ ഒരുകൂട്ടം കഥാപാത്രങ്ങളും ഇടംകണ്ടെത്തുന്നു. ഉജ്ജ്വലമായ ജീവിത മുഹൂർത്തങ്ങളുടെ തിരകൾ വായനക്കാരനാകുന്ന തീരത്തെ തൊട്ടുരുമ്മുന്നു. ഇടയ്ക്ക് വല്ലാതെ ഉലയ്ക്കുന്നു. താളുകൾ മറിയുമ്പോൾ കഥയാകുന്ന തിരയ്ക്കൊപ്പം തച്ചനക്കരയുടെ കടലിലേയ്ക്ക് സ്വയം കഥാപാത്രമായി പരിവർത്തനപ്പെട്ട് യാത്രയാകുന്നു. 'മനുഷ്യന് ഒരു ആമുഖം' അത്ഭുതമാകുന്നു.

**താക്കോൽ വാക്കുകൾ: അസ്തിത്വം, വരത്തൻ, സ്ത്രീ ജീവിതം.**

“ധീരനും സ്വതന്ത്രനും സർവോപരി സർഗാത്മകനുമായ മനുഷ്യശിശു അറുപതോ എഴുപതോ വർഷംകൊണ്ട് ഭീരുവും പരതന്ത്രനുമായിത്തീർന്ന് സ്വന്തം സൃഷ്ടിപരത വംശവൃദ്ധിക്കുവേണ്ടി മാത്രം ചെലവിട്ട് ഒടുവിൽ വൃദ്ധവേഷംകെട്ടി വലിയൊരു കുട്ടിയായി മരിച്ചുപോകുന്നതാണ് മനുഷ്യജീവിതം എന്ന് പറയുന്നതെങ്കിൽ പ്രിയപ്പെട്ടവളേ മനുഷ്യനായി പിറന്നതിൽ എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല”. ജിതേന്ദ്രൻ ആൻമരിയയ്ക്ക് അയച്ച കത്തിലെ ഭാഗം നോവലിന് മാത്രമല്ല മനുഷ്യന്റെ അസ്തിത്വത്തിന് കൂടി ആമുഖമാകുന്നു. അവിദഗ്ദനായ കാക്കാലനുപോലും കൈനോക്കി പ്രവചിക്കാൻ കഴിയുംവിധ സമാനസ്വഭാവമുള്ള കാര്യങ്ങളിലൂടെ ഇഴഞ്ഞുനീങ്ങി വെറുതെ മരിച്ചുപോകുന്ന ഒരു പാവം ശരീരം മാത്രമായി മനുഷ്യൻ ഒതുങ്ങുമ്പോഴും അതിന്റെ അടയാളപ്പെടുത്തലുകൾ നോവലിൽ ഇതിഹാസതുല്യമാകുന്നു.

ഫ്യൂഡൽപ്രഭുത്വത്തിന്റെ സിരാകേന്ദ്രമായ അയ്യാട്ടുമ്പിള്ളിയിലെ നാറാപ്പിള്ളയിൽ നിന്നും നാലുവശങ്ങളിൽ മാത്രമല്ല, മുകളിലും താഴെയുംകൂടി അയൽക്കാരെ സൃഷ്ടിച്ച കൂറ്റൻ ഫ്ളാറ്റിലേക്കുള്ള ജിതേന്ദ്രന്റെ പരിണാമം യഥാർത്ഥത്തിൽ ചുരുങ്ങുകയാണോ അതോ ബൃഹത്താക്കപ്പെടുകയോ? ഏതാണെങ്കിലും ഇത് കാലഘട്ടത്തിന്റെ കൂടി പരിണാമകഥയാകുന്നു. അമ്പലക്കുളത്തിന്റെ ആഴങ്ങളിൽ ചീർത്ത ശവമായി നാറാപ്പിള്ളയുടെ മരണം അടയാളപ്പെടുത്തപ്പെടുമ്പോൾ ഡയപ്പറിന്റെ നനവിനെ മറച്ച്പിടിക്കേണ്ട ഗതികേടായി ഒതുങ്ങുന്നു ജിതേന്ദ്രന്റെ അന്ത്യം. കണ്ണുനീരിന്റെ സമുദ്രം താണ്ടി, ഏകാന്തതയുടെ പായ്ക്കപ്പലേറി വരത്തനായി ഭൂമിയിൽ ജീവിച്ചുമരിക്കേണ്ടിവരുന്നവരുടെ ചങ്ങലയിലെ ഒരു കണ്ണിമാത്രമാണയാൾ.

എവിടെയും ഏതുകാലത്തും പെണ്ണിന്റെ കണ്ണീർ പുരുഷന്റെ ഭോഗത്തിനുള്ള സ്നിഗ്ദ്ധകമാകുന്നു. അത് നാറാപ്പിള്ളയിലും ജിതേന്ദ്രനിലും സാമ്യത കൈവരിക്കുന്നുമുണ്ട്. ടോയ്‌ലറ്റിൽ പെരുകിവരുന്ന

കോണ്ടത്തിന്റെ എണ്ണം അയാളുടെ തന്നെ ഉറച്ചുനിൽക്കാത്ത പൗരുഷത്തിന്റെ നേരടയാളമാകുന്നു. എങ്കിലും ഭാര്യയെ നടുമുറ്റത്തെ കല്ലിൽ തലയിടിപ്പിച്ച് കൊലപ്പെടുത്തിയ നാറാപ്പിള്ളയിൽ നിന്നും എത്രയോ ദൂരെയാണ് ജിതേന്ദ്രൻ. സ്വന്തം ചിറകിനടിയിൽ, തണലിൽ പ്രിയപ്പെട്ടവളെ ചേർത്തുനിറുത്തി തന്റെ മഴയിൽ നനച്ചുനിറുത്താൻ കൊതിച്ച് അയാൾ മന്ത്രിക്കുന്നു "പ്രിയപ്പെട്ടവളേ വരൂ, വസ്ത്രങ്ങളില്ലാതെ വരൂ, ആഭരണങ്ങളില്ലാതെ വരൂ, കഴിയുമെങ്കിൽ നിന്റെ ശരീരം കൂടി അഴിച്ചുകളഞ്ഞിട്ട് വരൂ". ആമുഖങ്ങൾക്കിടമില്ലാതെ പോയ സ്ത്രീജീവിതത്തിന്റെ കണ്ണീരും സ്വപ്നങ്ങളും നോവലിലുടനീളം ചിതറി കിടക്കുന്നു.

മലയാളസാഹിത്യത്തിന് നവ്യമായ രൂപഭാവം പ്രധാനം ചെയ്യാൻ നോവലിന് സാധിച്ചിട്ടുണ്ട്. വാക്കുകളിൽ കവിതയൂറുന്ന മാന്ത്രികത നോവലിലുടനീളം കണ്ടെത്താനാകും. പലപ്പോഴും നോവലിസ്റ്റിന്റെ തന്നെ ജീവിതലക്ഷ്യത്തോടുള്ള അവ്യക്തതയും ആശയക്കുഴപ്പവുമെല്ലാം കഥാപാത്രങ്ങളിൽ ഇടകലർത്തപ്പെടുന്ന അനുഭവം, ഭാഷയും ജീവിത മുഹൂർത്തങ്ങളും ബിംബങ്ങളുമെല്ലാം വ്യതിരിക്തത കൈവരിക്കുകയാണ് നോവലിൽ.

"പൂർണ്ണവളർച്ചയെത്തുന്നതിനു മുമ്പേ മരിച്ചുപോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ". അപൂർണനായ മനുഷ്യന്റെ അസ്ഥിത്വം കൂടി അടയാളപ്പെടുത്തുന്നതാണ് ഈ നിർവ്വചനം. അടിച്ചമർത്തലിന്റെയും ഭയത്തിന്റെയും ചിലന്തിവലയിൽ വല്ലാതെ ഉഴറുന്ന നാറാപ്പിള്ളയിൽ നിന്നും ഗോവിന്ദനിലേയ്ക്കും ജിതേന്ദ്രനിലേയ്ക്കുമെത്തുമ്പോൾ മരണവും ജന്മദുഃഖവുമെല്ലാം ഇഴപിരിക്കാനാകാത്ത വിധം ചേർച്ച കൈവരിക്കുന്നു. അഗാധമായ ഏകാന്തതയിലും ഒറ്റപ്പെടലിന്റെ തുരുത്തിലും കൂട്ടമായി ജീവിച്ച് മരിക്കുന്നു. സ്ഥാനക്കയറ്റം ലഭിക്കുന്തോറും സ്വന്തമായൊരു താഴ്ത്തിക്കെട്ടൽ അനുഭവപ്പെടുന്ന ഉദ്യോഗമായി ജീവിതം ചുരുങ്ങുന്നു.

"നമ്മിലൊരാൾ മരിക്കും വരെ മലയാളത്തിലെ ഒരു കൂട്ടക്ഷരം പോലെ അഴിക്കാനാവാത്ത വിധം നമ്മുടെ ആത്മാക്കൾ കടുംകെട്ടാകാൻ പോകുകയാണ് ". വായനക്കാരനും കഥാപാത്രവും നോവലിലൂടെ

അഴിക്കാനാവാത്ത വിധം താദാത്മ്യം പ്രാപിക്കുന്നു. 'അത്ഭുതകരമായ അളവിൽ സർഗോർജത്തിന്റെ വിനിയോഗം നടന്നിട്ടുള്ള കൃതിയാണ്' മനുഷ്യന് ഒരു ആമുഖം എൻ. പ്രഭാകരൻ രേഖപ്പെടുത്തുന്നു.

"ദൈവമേ തീർച്ചയായും ഈ സമുദ്രതരണത്തിന്റെ വലിയ കപ്പിത്താൻ നീയായിരുന്നു. ആ മരക്കപ്പലിന്റെ ഏതോ മൂലയിലിരുന്ന് പങ്കായം വലിക്കുക മാത്രമേ ഞാൻ ചെയ്തിട്ടുള്ളു". എന്ന് തന്റെ സൃഷ്ടിയെ വിശേഷിപ്പിക്കുന്ന സുഭാഷ് ചന്ദ്രന്റെ അഗാധമായ അനുഭവലോകവും വ്യതിരിക്തമായ ഭാഷാശൈലികളും കഥാന്തരീക്ഷവുമെല്ലാം വായനയുടെ പുതിയ അനുഭവമാകുന്നു.

മൂന്ന് തലമുറയുടെ ജനിമൃതികളുടെ കഥ പറയുന്ന നോവൽ അർത്ഥരഹിതമായ കാമനകൾക്ക് വേണ്ടി ജീവിതമെന്ന വ്യർത്ഥകാലത്തിലൂടെ സഞ്ചരിക്കുന്ന മനുഷ്യജന്മങ്ങൾക്ക് ഒരു ആമുഖമാകുന്നു. കേരളീയ സമൂഹത്തിന്റെ ദൃശ്യതലത്തിലും സത്തയിലും സംഭവിച്ച മാറ്റത്തിന്റെ രേഖയാകാനുള്ള ഉദ്യമമാണ് മനുഷ്യന് ഒരു ആമുഖം. കേരളചരിത്രത്തെ ദിശാബോധമുള്ളതാക്കാൻ സംഭാവനകൾ നൽകിയ മഹാപുരുഷന്മാരുടെ സാന്നിദ്ധ്യം നോവലിനെ ജീവനുള്ളതാക്കി മാറ്റുന്നു. നാം ഓരോരുത്തരും കെട്ടിയാടുന്ന ജീവിതം ആത്യന്തികമായി ഒരു ഫലിതമാണെന്ന ചുട്ടുപൊള്ളുന്ന സത്യം മനുഷ്യന് ഒരു ആമുഖം ഓർമ്മപ്പെടുത്തുന്നു.

**സഹായകഗ്രന്ഥങ്ങൾ**

1. സുഭാഷ് ചന്ദ്രൻ,2017, മനുഷ്യന് ഒരു ആമുഖം, ഡി.സി. ബുക്സ്, കോട്ടയം.

# ഖബർ; ചരിത്രവും ഭാവനയും

നിമ്മി കുര്യൻ

ഗവേഷക, ഗവ.കോളേജ് കട്ടപ്പന

ഉത്തരാധുനിക നോവലുകൾ കൈകാര്യം ചെയ്യുന്ന ജ്ഞാനവിഷയങ്ങൾ പലതാണ്. രചനയിൽ വിഭിന്ന തരം ആഖ്യാന തന്ത്രങ്ങൾ കൂട്ടിക്കലർത്തുന്ന മിശ്ര രചനാരീതി ഉത്തരാധുനിക എഴുത്തിന്റെ പ്രത്യേകതയാണ്. ഈ പരിതസ്ഥിതിയിൽ ചരിത്രമെന്ന ആഖ്യാനതന്ത്രം ഏതെല്ലാം സവിശേഷരീതികളിൽ പരീക്ഷിക്കപ്പെടുകയും വിജയിക്കുകയും ചെയ്തു എന്നതിന്റെ ഉത്തരം കൂടിയാണ് കെ.ആർ. മീരയുടെ ഖബർ എന്ന നോവൽ. മീരയുടെ മറ്റ് നോവലുകളിൽ എന്നതുപോലെ ചരിത്രവും പുരാവൃത്തവും സ്ഥലകാലഭാവനകളും വർത്തമാനകാല സാമൂഹിക, രാഷ്ട്രീയ സമസ്യകളും ഖബറിലും ഇടം കണ്ടെത്തിയിരിക്കുന്നു.

ഖബറിന്റെ കഥയും കഥാപാത്രങ്ങളും പൂർണ്ണമായും ഭാവനാസൃഷ്ടിയാണെന്ന് കഥാകൃത്ത് സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും അതിനുള്ളിൽ പ്രത്യേകിച്ച് സ്ഥലം, കാലം എന്നിവയിൽ യാഥാർത്ഥ്യഛായ കാണാൻ അനുവാചകന് സാധിക്കുന്നു. വർത്തമാനകാല രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ഖബറിന്റെ രചന ഗൗരവാഹവും അതിലുപരി വിപ്ലവാത്മകവുമാണ്.

നോവലിലെ പ്രധാന കഥാപാത്രങ്ങളായ ഭാവന, ഖലായുദ്ദീൻ തങ്ങൾ എന്നിവരുടെ കുടുംബചരിത്രത്തോടൊപ്പം പ്രത്യക്ഷ രാഷ്ട്രീയവും കൂടിയാണ് ഖബർ വായനക്കാരന് മുമ്പിൽ തുറന്നിടുന്നത്. ഭാവന എന്നു പേരായ ജില്ലാ ജഡ്ജിയുടെ അനുഭവലോകത്തിലൂടെയാണ് നോവൽ വികസിക്കുന്നത്. ഭാവന എന്ന വ്യക്തിയുടെ വ്യക്തി ജീവിതത്തിന്റെയും ഔദ്യോഗിക

ജീവിതത്തിന്റെയും കൂടിക്കുഴച്ചിലുകൾക്കിടയിൽ നോവലിലേയ്ക്ക് രംഗപ്രവേശം ചെയ്യുന്നത് ചരിത്രത്തിന്റെയും പുരാവൃത്തങ്ങളുടെയും ഭാവനയുടേതുമായ വിശാലഭൂമികയാണ്. ഖലായുദ്ദീൻ തങ്ങളുടെ കുടുംബചരിത്രവും സമാന്തരമായി നോവലിൽ വികസിക്കുന്നു.

കോടതി വ്യവഹാരങ്ങളുടെ അന്തരീക്ഷത്തിൽ ഇന്ത്യയിലെ ഒരു ചരിത്ര സംഭവത്തെയും അതിനേക്കാൾ ഉപരി ഇനി ചരിത്രമായി മാറാൻ പോകുന്ന ഒരു നീതിന്യായ വിധിയെയും ഖബർ ആവിഷ്ക്കരിക്കുന്നു. കോടതിയും അനുബന്ധ വ്യവഹാരങ്ങളും നിലകൊള്ളുന്നത് നീതി എന്നതിലൂന്നിയാണ്. നോവലിന്റെ ശീർഷകമായ ഖബർ എന്നത് നീതിയെ അടക്കം ചെയ്തിരിക്കുന്ന ഖബർ ആണെന്ന് വായനക്കാരന് ഒറ്റ വായനയിൽ മനസ്സിലാകുന്നതാണ്. ഇവിടെ ഖബർ എന്നത് ഒരു പ്രതീകമാണ്. നിഗൂഢതകളെ നിഗൂഹനം ചെയ്തിരിക്കുന്ന മനുഷ്യമനസ്സിന്റെ ഭയവിഹ്വലതകളെ അടക്കിവയ്ക്കുന്ന മനഃസാക്ഷിയുടെ, നിഷേധിക്കപ്പെട്ടിരിക്കുന്ന നീതിയുടെ, ഭാവനയിലും മഹേന്ദ്രജാലത്തിന്റെ മായികതയിലും അഭിരമിക്കുന്ന പ്രണയലോലഭാവങ്ങളുടെ പ്രതീകമാണ് ഖബർ.

തങ്ങളുടെ അവകാശങ്ങളെയും കടമകളെയും സംബന്ധിക്കുന്ന ഒരു വിശ്വാസ പ്രമാണമെന്ന മട്ടിൽ മനുഷ്യർ അവരുടെ പൂർവ്വികരെ പിന്തുടരുന്നു. അവന്റെ പാരമ്പര്യബോധം തന്നെ ചരിത്രത്തിലധിഷ്ഠിതമാണ്. എഴുതിവയ്ക്കപ്പെട്ട ചരിത്രവും കേട്ടുകേൾവികളായ പരക്കുന്ന ചരിത്രവും നിലനിൽക്കുന്നു. അമൂല്യങ്ങളായ മുഹൂർത്തങ്ങൾ പലതും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് ചരിത്രത്തിലാണ്. ഇവിടെ ചരിത്രത്തിന്റെ കാവൽക്കാരനായി വർത്തിക്കുന്നത് നീതിയുടെ പ്രവാചക പരിവേഷത്തോടെ നോവലിലെത്തുന്ന തങ്ങൾ ആണ്. എഴുതിവയ്ക്കപ്പെടാത്ത കേട്ടുകേൾവികളായി കൈമാറിപ്പോരുന്ന തന്റെ കുടുംബപുരാണത്തിലൂടെ ഭാവന എന്ന ജഡ്ജിയും ചരിത്രത്തിന്റെ ഖബറിൽ തപ്പി പരതുന്നത് തന്റെ പാരമ്പര്യത്തിന്റെ വേരുകളാണ്. പ്രത്യക്ഷത്തിൽ രണ്ട് സമുദായങ്ങളെ പ്രതിനിധാനം ചെയ്യുന്ന തങ്ങളും ഭാവനയും നോവൽ പിൻവാങ്ങുമ്പോഴേയ്ക്കും ഒരേ പാരമ്പര്യത്തിന്റെ തായ്‌വേരിൽ പറ്റിച്ചേരുന്നത് കാണാം. നോവൽ വിളംബരം ചെയ്യുന്ന ഈ സൗഹാർദ്ദ അന്തരീക്ഷം കാലിക പ്രസക്തിയുള്ളതാണ് ഈ പശ്ചാത്തല

ത്തിലാണ് നോവലിൽ പരാമർശിക്കുന്ന ചില ചരിത്രമുഹൂർത്തങ്ങളും തീയ തികളും പ്രസക്തമാക്കുന്നത്.

നീതിയുടെ മൂടുപടമണിഞ്ഞ് പ്രത്യക്ഷപ്പെട്ട വർത്തമാനകാലത്തെ ഏറ്റവും വലിയ അനീതിയുടെ കഥയാണ് ഖബർ. അധികാരവും നിയമവും കൈകോർത്തപ്പോൾ നിശബ്ദമായി അടക്കം ചെയ്യപ്പെട്ടുപോയ നീതിയുടെ കഥയാണ് നോവൽ. മുന കൂർത്ത ആഖ്യാന ചടുലതയോടെ നോവലിസ്റ്റ് വർത്തമാന ചരിത്രത്തെ നോവലിൽ ആവിഷ്കരിക്കുന്നു. 2019 നവംബർ 9 എന്ന തീയതി നോവലിൽ പരാമർശിക്കുന്ന മറ്റ് തീയതികളെക്കാൾ പ്രാധാ ന്യമർഹിക്കുന്നു. ഒരു പരമോന്നത രാഷ്ട്രത്തിന്റെ രാഷ്ട്രീയ ചിത്രം - ഖബ റടക്കം ചെയ്യപ്പെട്ട നീതിയുടെ ചരിത്രം, ഇതാണ് വായനക്കാരിലേയ്ക്ക് സംവേദനം ചെയ്യപ്പെടുന്നത്.

2019 നവംബർ 9 ന് ഖലായുദ്ദീൻ തങ്ങൾ മരിച്ചു. പുരാതന സ്മാരകം പുതുക്കി പണിയാൻപോയ അദ്ദേഹം, അതേ സ്മാരകത്തിന്റെ തൂണുകളി ലൊന്ന് തലയിൽ അടർന്നുവീണാണ് മരിച്ചത്. അയാൾക്ക് മസ്തിഷ്കമ രണം സംഭവിച്ചു. ഇന്ത്യയുടെ പരമോന്നത നീതിപീഠം സുപ്രധാനമായ ഒരു വിധി പുറപ്പെടുവിച്ച ദിവസമാണ് ഇതെന്നത് വായനക്കാർ ശ്രദ്ധിക്കാതെ വിടാൻ തരമില്ല. രാഷ്ട്രത്തിനും ഭരണഘടനയ്ക്കും മസ്തിഷ്ക മരണം സംഭവിച്ച ദിവസം തന്നെയായിരുന്നു അത്. നോവലിൽ അന്നേ ദിവസം തന്നെയാണ് ഭാവനയുടെ കുടുംബക്ഷേത്രത്തിന്റെ പുനഃപ്രതിഷ്ഠയും തീരു മാനിക്കപ്പെട്ടിരിക്കുന്നത്. ഒരിടത്ത് തകർച്ചയും മറ്റൊരിടത്ത് പുനഃസ്ഥാപ നവുമായി നോവലിന്റെ കഥാതന്തു മുന്നോട്ടുപോകുന്നു. പക്ഷേ, തൊട്ടാൽ പൊള്ളുന്ന ഒന്നിന്റെ/ഭരണകൂടാനീതിയുടെ തുറന്നുപറച്ചിലാണ് ഈ ചരി ത്രസംഭവനത്തിന്റെ ആഖ്യാനം എന്നത് ശ്രദ്ധേയമാണ്. ഈ സമാന്തര ചരി ത്രത്തെ വായനക്കാർ നോവലിൽ കണ്ടെത്തുന്നു. പ്രാക്തനവും ആദിമവു മായ സാഹോദര്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും വിത്തുകൾ ഖബറി നുള്ളിൽ അടക്കം ചെയ്ത് അതിനു മുകളിൽ രാഷ്ട്രീയാധികാരത്തിന്റെ ചിഹ്നങ്ങൾ വരയുമ്പോൾ അത് എഴുതപ്പെടാത്ത മറ്റൊരു ചരിത്രമായി മാറു ന്നു. സ്ഥലരാശിയുടെ പുരാവൃത്തം മനുഷ്യന്റെ തന്നെ വംശചരിത്രമായി

രൂപം മാറുന്നു. ഒരു സ്ഥലത്തിന്റെ കഥയായ ഖബർ അങ്ങനെ വ്യക്തിപര തയുടെയും രാഷ്ട്രീയത്തിന്റെയും വ്യത്യസ്ത തലങ്ങളിലേയ്ക്കുയരുന്നു.

ഐതിഹ്യങ്ങളിലെ പൂർവ്വികനായ യോഗീശ്വരനമ്മാവൻ മക്കത്തുപോയി ഇസ്ലാം മതം സ്വീകരിച്ച് മടങ്ങിയെത്തിയ ഒരാളാണെന്ന ഭാവനയുടെ തിരി ച്ചറിവ് ഏറ്റവും അവസാനമാണ് സംഭവിക്കുന്നത്. യോഗീശ്വരനമ്മാവനെ തന്നെയാണ് തങ്ങൾ തങ്ങളുടെ പൂർവ്വികനായി പരിഗണിക്കുന്നതും അദ്ദേ ഹത്തിന്റെ ഖബറിന് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി കോടതിയെ സമീപിക്കുന്നതും. ചരിത്രത്തിന്റെ വേരുകളിലേയ്ക്ക് മടങ്ങിച്ചെല്ലാൻ ആഗ്ര ഹിക്കുമ്പോൾ, മനുഷ്യരാശിയുടെ പൊതുസ്വത്തായ ചരിത്രത്തിൽ അയാൾ വിശ്വസിക്കുന്നു. ആരെയെങ്കിലും സന്തോഷിപ്പിക്കാനോ, സഹായിക്കാനോ അല്ലാതെ മഹേന്ദ്രജാലം ഉപയോഗിക്കാത്ത തങ്ങൾ അക്ഷരാർത്ഥത്തിൽ നീതിയുടെ കാവലാളായി നിലകൊള്ളുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് സ്നേഹി ക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്ത, ചതിക്കപ്പെടുകയും മരിക്കുകയും ചെയ്ത ഒരാളാണ് ഇതിനുള്ളിൽ. ആ വേരിൽ നിന്നാണ് ഞാൻ പൊട്ടിക്കി ളിർത്തത് എന്ന് തങ്ങൾ നിസ്സംശയം പറയുന്നുണ്ട്. പ്രാചീന സംസ്കൃതി യിൽ ഊറ്റം കൊള്ളുന്ന തങ്ങൾ എന്ന കഥാപാത്രവും വായനക്കാരുടെ മന സ്സിൽ ചരിത്രപുരുഷനായി മാറുന്നു.

ഭൂതകാലത്തിലേയ്ക്കും അനുബന്ധ ചരിത്രത്തിലേയ്ക്കും വർത്തമാന കാലത്തിലേയ്ക്കും മാറി മാറി സഞ്ചരിക്കുമ്പോൾ ഭാവനയുടേതും ഫാന്റ സിയുടേതുമായ മറ്റൊരു മായികലോകം കൂടി നോവലിസ്റ്റ് തുറന്നിടുന്നു ണ്ട്. ചരിത്രത്തിലേയ്ക്കു തുറന്ന വാതികൾ അടയുമ്പോൾ മറുപുറത്ത് ഭാവ നയുടെ ജാലകങ്ങൾ വശ്യമനോഹരമായി തുറന്നിട്ടിരിക്കുന്നു. നായികാ കഥാ പാത്രത്തിന്റെ പേരുതന്നെ ഭാവന എന്നാണ്. ഈ കഥാപാത്രവുമായി ബന്ധ പ്പെട്ടാണ് നിരവധി സാങ്കല്പിക മുഹൂർത്തങ്ങളുടെയും സന്ദർഭങ്ങളുടെയും ചിത്രീകരണം.

തങ്ങളെ ആദ്യമായി കോടതിമുറിയിൽവച്ച് കണ്ടുമുട്ടുമ്പോൾ മുതൽ തുട ങ്ങുകയാണ് ആ മായികലോകം. ഏഴുനിറങ്ങൾ ഏഴായിരമായി എന്റെ കണ്ണു കളെ ആക്രമിച്ചു, രക്തസമ്മർദ്ദം വർദ്ധിച്ചു. തലയോട്ടി പൊട്ടി തലച്ചോറും കൺകുഴികൾക്കുള്ളിൽ നിന്ന് കൃഷ്ണമണികളും തെറിച്ചു. കോടതിയുടെ

നിലവും ഭിത്തികളും ഇടിഞ്ഞു താഴ്ന്നു. ഞാൻ മാത്രം ഉയർന്നുപൊന്തി . നായികയുടെ ഈ ഉയർന്നുപൊന്തൽ പിന്നീടങ്ങോട്ടുള്ള മറ്റൊരു ലോക ത്തിലേയ്ക്കുള്ള യാത്രയുടെ തുടക്കമാണ്. തങ്ങൾ മഹേന്ദ്ര ജാലംകൊണ്ട് മെനഞ്ഞെടുക്കുന്ന മായികമായ അനുഭവലോകത്തിൽ ആകാശത്തുനിന്നും റോസാപ്പൂക്കൾ വർഷിക്കപ്പെടുന്നു. ഖലായുദ്ദീൻ തങ്ങളുടെ റോൾസ് റോയ്സ് കാർ ചക്രങ്ങൾ നിലം തൊടാതെ പിങ്ക് കാർപെറ്റായി മാറിയ റോഡി ലൂടെ ഓടുന്നു. മലമുകളിൽ ആകാശത്തേയ്ക്ക് ഉയർന്നുനിൽക്കുന്ന പാറ യുടെ ചരിവിൽ ഭാവന എന്ന പേരു കൊത്തിവച്ച അയാളുടെ വീട്, പൂക്ക ളുടെ മഴ, ശലഭവസന്തം. നട്ടുച്ചയ്ക്ക് നിലാവു പറന്നിറങ്ങുന്ന നക്ഷത്രങ്ങൾ. കാറ്റും, തണുപ്പും, സൗരഭ്യവും എല്ലാം നിറഞ്ഞ മായിക സ്ഥലം. സങ്കല്പ ത്തിനും യാഥാർത്ഥ്യത്തിനുമിടയിൽ പണിതീർത്ത ഇതരലോകം. മുമ്പേ പരാ മർശിക്കപ്പെട്ട അധികാരമോ ചരിത്രമോ ഇവിടെ കുതന്ത്രങ്ങളുമായി എത്തി നോക്കുന്നില്ല. ആഹ്ളാദത്തിന്റെ ആനന്ദത്തിന്റെ മാസ്മരിക ലോകമാണത്.

ഇങ്ങനെ പ്രത്യക്ഷചരിത്രവും അതീന്ദ്രീയലോകവും കൈകോർത്ത് ഖബർ എന്ന നോവൽ അതിന്റെ പരിസമാപ്തിയിൽ എത്തിച്ചേരുമ്പോൾ ഇവിടെ വിശകലനവിധേയമാക്കിയ ചരിത്രം, ഭാവന എന്നീ മേഖലകൾക്ക പ്പുറം ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്ന എഴുത്തു കാരിയുടെ മികവും നോവലിലുടനീളം കാണാം.

# കല്യാണിദാക്ഷായണിമാരുടെ ദേശകാലാതീതമായ (നോവൽ)സ്വരൂപം

ആര്യരാജ്
അസി.പ്രൊഫസർ, മലയാള വിഭാഗം
പാവനാത്മാ കോളേജ് മുരിക്കാശ്ശേരി

അനായാസലളിതമായി അനുഭവപ്പെടുന്ന ഒരു ആഖ്യാനമാണ് ആർ രാജശ്രീയുടെ കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ. ഫെയ്സ്ബുക്കിൽ ചെറിയ ഭാഗങ്ങളായി പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ നിരവധി ആരാധകരെ നേടിയ ഈ നോവൽ പുസ്തകരൂപത്തിൽ പുറത്തിറങ്ങിയപ്പോഴും സ്ഥിതി മറ്റൊന്നായിരുന്നില്ല. ലഘുത്വം ആണ് ഈ നോവലിന്റെ ജീവൻ. ഉള്ളടക്കത്തിലൊളിപ്പിച്ച നിഗൂഢതകളോ ഭാവിയെക്കുറിച്ചുള്ള ആകാംക്ഷകളോ കടുത്ത ദാർശനികവ്യഥകളെ ഗർഭം ധരിച്ച ഭാഷയുടെ ഗൗരവമോ ഈ നോവലിലില്ല. അസാധാരണമാം വിധം അതിസാധാരണം എന്ന് വിശേഷിപ്പിക്കാവുന്ന രചനയാണിത്. പശ്ചാത്തലമാകുന്ന ദേശത്തിന്റെ വാമൊഴി പെരുക്കങ്ങളുടെ സാധാരണത്വത്തിലൂടെ ആഖ്യാനം കടന്നുപോകുന്നു. അക്കാരണം കൊണ്ട് തന്നെ കല്യാണിയേച്ചിയുടെയും ദാക്ഷായണിയുടേയും എന്നതുപോലെ കേരളഭൂമിയിലെ സ്ത്രീജീവിതസമരങ്ങളുടെയും ആകെത്തുകയായി കൃതി അടയാളപ്പെടുകയും ചെയ്യുന്നു. നോവൽ എഴുതപ്പെടുംമുമ്പ് തന്നെ ഫെയ്സ്ബുക്കിൽ സമകാലിക സംഭവഗതികളോട് പ്രതികരിക്കുവാൻ കഥാകാരി സൃഷ്ടിച്ചതാണ് കല്യാണിയേച്ചി എന്ന കഥാപാത്രത്തെ. കല്യാണിവിനിമയങ്ങൾ പിന്നീട് രാജശ്രീ എന്ന എഴുത്തുകാരിയുടെ കന്നി നോവൽസംരംഭമായി മാറുകയായിരുന്നു.

പാവാടപൊക്കി തുടയിൽ നുള്ളിയ മാഷോട്, നീ പുയുത്ത് പോവ്വടാ നായീന്റെ മോനേ എന്ന് അനന്യസാധാരണമായ പ്രതികരണശേഷി പ്രകടമാക്കി കുഞ്ഞിയായിരിക്കെത്തന്നെ അക്കാദമികലോകത്തു നിന്നും കപടനാട്യങ്ങളോട് പൊരുതി പുറത്തായ ദാക്ഷായണിയുടെയും അവൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൂടെയിറങ്ങിയ കല്യാണിയുടെയും ജീവിതകഥയാണ് ഈ നോവലിന്റെ ഉള്ളടക്കം. ഇരുവരുടെയും കുടുംബജീവിതം, ചുറ്റുപാടുകൾ ഒക്കെയും നോവലിൽ തെളിയുന്നു. കല്യാണിയുടെയും ദാക്ഷായണിയുടെയും കഥകൾ ആഖ്യാതാവിന് പകർന്നുകിട്ടിയത് കല്യാണിയേച്ചിയിൽ നിന്നാണ്.ആഖ്യാതാവിന്റെ സഹപാഠിയായ ബിജുവിന്റെ അമ്മ എന്നതാണ് എഴുത്തുകാരിയും കഥാപാത്രവും തമ്മിലുള്ളബന്ധം. കല്യാണിയുടെയും ദാക്ഷായണിയുടെയും ജീവിതത്തിലൂടെയാണ് മറ്റുകഥാപാത്രങ്ങൾ നോവലിലേയ്ക്ക് കടന്നുവരുന്നത് .ആണിക്കാരനൊത്തുള്ള കല്യാണിയുടെ ദേശാന്തരഗമനം തെക്കുദേശത്തിന്റെ കഥാഭൂമികയെക്കൂടി തുറന്നുവെയ്ക്കുന്നു. അതുവഴി കൃതിയുടെ ദേശാതീതമായ മാനം കൂടുതൽ സമഗ്രമാകുന്നു. കുഞ്ഞിപ്പെണ്ണിന്റെയും തമിഴത്തിയുടെയും കഥകൾ കണ്ണൂരിലെത്തുന്നത് ദാക്ഷായണി വഴിയാണെങ്കിൽ ദാക്ഷായണിയുടെ ആണിക്കാരൻ നിന്ന വീട്ടിലെ പുതിയ താസക്കാരുടെ കഥ ആഖ്യാതാവിന്റെ നേരനുഭവമാണ്. കല്യാണിയേച്ചിയിലൂടെ ആഖ്യാതാവ് അറിഞ്ഞ കല്യാണിദാക്ഷായണിമാരുടെ കഥകൾ കൂടാതെ, ചേയിക്കുട്ടിയുടെ-വല്യേച്ചിയുടെ-ചോന്നമ്മയുടെ- കുഞ്ഞിപ്പെണ്ണിന്റെ-തമിഴത്തിയുടെ(യക്ഷി)-നബീസുവിന്റെ-കമലയുടെ-ദാക്ഷായണിയുടെ ആണിക്കാരൻ കഴിഞ്ഞ വീട്ടിലെ പുതിയ താസക്കാരിയുടെ-ഇവരുടെയൊക്കെ പുരുവന്മാരുടെ-മറ്റ് അനേകം സ്ത്രീകളുടെ-അവരെയൊക്കെ ചുറ്റിപ്പറ്റിയ അനേകം പുരുഷന്മാരുടെ കഥകൾ ഈ നോവലിലുണ്ട്. ഈ സ്ത്രീകേന്ദ്രിത ലോകം മനുഷ്യരിൽ മാത്രം ഒതുങ്ങുന്നില്ല. ഇവ കൂടാതെ കല്യാണിദാക്ഷായണിമാരുടെ പശുക്കൾ,വിവിധദേശങ്ങൾ അവിടങ്ങളിലെ മിത്തുകൾ തുടങ്ങി ചേതനയുള്ളതും അചേതനമെന്നും മനുഷ്യചേതനയിൽ നിന്നും വേറിട്ടു നിൽക്കുന്നതെന്നും കരുതപ്പെടുന്നതുമായ ഒട്ടനേകം കഥാപാത്രങ്ങൾ യഥാകാലം കടന്നുവരികയും തങ്ങളുടെ ബൗദ്ധികവും വൈകാരികവുമായ ഇടപെടലുകളിലൂടെ പാഠത്തെ സമ്പന്നമാക്കുകയും ചെയ്യുന്നു.

ഔദ്യോഗിക വിദ്യാഭ്യാസജീവിതത്തിൽ ഡ്രോപ് ഔട്ടുകളായിട്ടും പരാജിതരെന്ന് വിളിക്കാവുന്ന ജീവിതമല്ല കല്യാണിയും ദാക്ഷായണിയും ജീവിച്ചുപോരുന്നത്. സ്വന്തം നിലയിൽ ജീവിച്ചുതീർക്കുവാൻ ശ്രമിയ്ക്കെത്തന്നെ നിസ്സഹായവും ദരിദ്രവുമായ പകരംവയ്ക്കലുകൾക്കു വഴങ്ങിക്കൊടുക്കുകയും ചെലപ്പ ശരിയായിനെങ്കിലോ എന്ന് ഒരിക്കക്കൂടി നോക്കിനോക്കുകയും അവനോനെക്കൊണ്ട് പൊന്തുന്നില്ലെങ്കി ബെലിച്ച് ചാടീട്ട് ഇറങ്ങിവരികയും ചെയ്യുന്ന അതിസാധാരണമായ മനുഷ്യജീവിതം തന്നെയാണ് ഇരുവരും നയിക്കുന്നത്, എന്നാൽ ആ അതിസാധാരണത്വത്തെ തങ്ങൾ ജീവിച്ച ജീവിതത്തെ റദ്ദ് ചെയ്യുന്ന നിലയിലേയ്ക്ക് വളർത്തുവാൻ ഒരു ബാഹ്യശക്തിയേയും ഇരുവരും അനുവദിക്കുന്നുമില്ല. നോവലിന്റെ ആദ്യ അധ്യായങ്ങളിൽ നിന്നുതന്നെ സൈദ്ധാന്തികപരിശോധനകളോട് മുഖം തിരിക്കുന്ന കല്യാണിയെകാണാം. ലിംഗരാഷ്ട്രീയത്തെക്കുറിച്ചും ബോഡിപൊളിറ്റിക്സിനെക്കുറിച്ചും സംസാരിക്കാൻ ശ്രമിക്കുന്ന ആഖ്യാതാവിനോട് തച്ചുപെരക്കും കുരിപ്പേ എന്ന് കല്യാണിയേച്ചി പ്രതികരിക്കുന്നിടം മുതൽ നോവലിലുടനീളം ഈ മനോഭാവം വ്യക്തമാണ്. രണ്ടാം തരംഗ ഫെമിനിസം മുന്നോട്ട് വെച്ച സ്വകാര്യമായത് രാഷ്ട്രീയമാണ് എന്ന രാഷ്ട്രീയവാചകത്തെ വിമർശനാത്മകമായി അപഗ്രഥിക്കാൻ നോവലിന് കഴിയുന്നു. സ്വകാര്യം രാഷ്ട്രീയമാകുന്നതിനൊപ്പം തന്നെ സ്വകാര്യ ജീവിതത്തിന്റെ മൂല്യങ്ങൾ ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയത്തെയും വിമർശനവിധേയമാക്കുവാനുള്ള ശ്രമം ഈ കൃതിയുടെ സവിശേഷതയാണ്.പുരോഗമനനാട്യത്തിനടിയിൽ സമൂഹം ഒളിച്ചുവച്ചിട്ടുള്ള ജാതിക്കോയ്മയെക്കൂടി ചോദ്യം ചെയ്യാൻ ഈ ആഖ്യാനത്തിന് കഴിയുന്നു. ദാക്ഷായണിയുടെയും ആണിക്കാരന്റെയും വിവാഹജീവിതത്തിൽ ദാക്ഷായണിക്ക് കുറഞ്ഞ് പോയ പുള്ളികളെക്കുറിച്ചുള്ള പരാമർശം കാണാം. ആഖ്യാതാവും സ്വയം ദാമ്പത്യത്തിലെ ജാതിമേൽക്കോയ്മയെ അതിജീവിക്കുന്നുണ്ട്. കുടുംബം എന്ന സ്ഥാപനത്തെയും അത് മുന്നോട്ട് വെക്കുന്ന മൂല്യങ്ങളെയും വിമർശനവിധേയമാക്കുന്നതിനൊപ്പം ഇതേ മൂല്യങ്ങൾ ഉപയോഗിച്ച് വിവിധരാഷ്ട്രീയ മേഖലകളെക്കൂടി ചോദ്യം ചെയ്യാൻ കെല്പുള്ള ഒരു സ്ത്രീകേന്ദ്രിതബദൽ രാഷ്ട്രീയം ഈ പാഠത്തിനുള്ളിൽ നിർമ്മിക്കപ്പെടുന്നു. ഈ ബദൽ ആണ് നോവലിന്റെ രാഷ്ട്രീയത്തെ സമഗ്രമാക്കിത്തീർക്കുന്നത്.

അസ്വസ്ഥമായ ഒരു ദാമ്പത്യജീവിതം കൗൺസിലിംഗ് സെഷനുകളിലേയ്ക്ക് വലിച്ചിഴച്ച ആഖ്യാതാവിനോടുള്ള കല്യാണിയേച്ചിയുടെ സംഭാഷണത്തിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. ഫെയ്സ് ബുക്കിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിക്കപ്പെട്ട് ജനപ്രീതിയാർജ്ജിച്ച നോവൽ ഭാഗങ്ങൾക്ക് പിന്നീട് എഴുത്തുകാരി നൽകിയ ഇത്തരം മിനുക്കുപണികൾ കൃതിയുടെ ഔന്നത്യം ഉയർത്തുന്നതായി കാണാം. വ്യവസ്ഥിതിയോട് ചേർന്നു നിന്ന് മുന്നിലിരിക്കുന്നവരുടെ അസ്തിത്വത്തെ പരിഗണിക്കാതെയുള്ള മുൻവിധികളും തീർപ്പുകളും കൂടിച്ചേർന്ന് അസഹ്യമായിത്തീരുന്ന കൗൺസിലിംഗ് സെഷനുകളോടുള്ള അസ്വസ്ഥത മൂലമാണ് ആഖ്യാതാവ് തന്റെ കഥയ്ക്കു പകരം കല്യാണിയുടെയും ദാക്ഷായണിയുടെയും കഥ ഡോ. നാരായണ മൂർത്തിയോട് പറയുന്നത്. താൻ ഇതുവരെ ജീവിച്ച ജീവിതത്തെ മിഥ്യയെന്ന് തോന്നിപ്പിക്കുന്ന ലോകനീതിയോടും അതിന്റെ ഉപകരണമായി വർത്തിക്കുന്ന കൗൺസിലിഗിനോടും രൂക്ഷമായി പ്രതികരിക്കാനും സ്വന്തം അനുഭവങ്ങൾ സമ്മാനിക്കുന്ന വൈകാരിക തീക്ഷ്ണതയിൽ നിന്നും രക്ഷനേടാനും ഈ തന്ത്രം അവരെ സഹായിക്കുന്നു. ഇത് ഒരു തരം അപരനിർമ്മിതിയാണ്. ഈ അപരനിർമ്മിതി ആഖ്യാനത്തിലുടനീളം പടർന്നു കിടക്കുന്നതും കൃതിയുടെ രാഷ്ട്രീയമായി മാറുകയും ചെയ്യുന്നതായി കാണാം.കല്യാണിയേച്ചിയെ കല്യാണി എന്ന് വിളിച്ച് കഥ പറയാനനുവാദം തേടുന്നത് അപരവത്കരണത്തിന്റെ പരമാവധിയാണ്.തന്നിൽ നിന്നു തന്നെ വേർപെട്ട് കഥാകഥനം നടത്താൻ കല്യാണിയേയും ദാക്ഷായണിയേയും ഉപയോഗിക്കുന്ന കഥാകാരി അവരുടെകഥയെ തന്റെ തന്നെയും ദേശത്തെ പെൺജീവിതങ്ങളുടെ ആകെയും അപരം ആയി ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

ആഖ്യാനത്തിൽ പ്രഥമപുരുഷമാതൃകയാണ് നോവൽ സ്വീകരിച്ചിരിക്കുന്നതെന്ന് സാമാന്യമായി പറയാം.സാധാരണനിലയിൽ ഇത്തരം ആഖ്യാനരൂപങ്ങളിൽ ആഖ്യാതാവിന്റെ സാന്നിദ്ധ്യം അബോധതലത്തിലാണ് പ്രവർത്തിക്കുക. എന്നാലിവിടെ ഡോ.നാരായണമൂർത്തിയോടു പറയുന്ന കഥയിൽ ആഖ്യാതാവ് സ്വയമൊരു കഥാപാത്രമായി മാറുന്നുണ്ട്. മറ്റുചിലപ്പോൾ കഥാഗതിയിൽനിന്നും ഒട്ടുവേർപ്പെട്ടു നിന്ന് ഒട്ടൊക്കെ അ

ന്യഥാബോധത്തോടെ തന്നെ കഥ പറയുകയും ചിലപ്പോൾ തനിക്ക് പ്രിയപ്പെട്ട കല്യാണിയേച്ചിയുടെ പക്ഷം ചേർന്നുകൊണ്ട് ആഖ്യാനം നിർവഹിക്കുകയും ചെയ്യുന്നു. മറ്റുചിലപ്പോൾ കേൾവിക്കാരൻ അപ്രസക്തനാകുകയും ആഖ്യാതാവും കഥാപാത്രങ്ങളും തമ്മിലുള്ള വിനിമയമായി മാറുകയും ഇനിയും ചിലപ്പോൾ ആഖ്യാതാവ് വായനക്കാരുമായി നേരിട്ട് സംവദിക്കുകയും ചെയ്യുന്നു്..ശകലീകരണത്തെ ഒരു ഉത്സവമായി സാഘോഷം കൊണ്ടാടുന്നത് പാശ്ചാത്യപോസ്റ്റ്മോഡേണിസത്തിന്റെ സ്വഭാവമാണെന്ന് പി.പി. രവീന്ദ്രൻ അഭിപ്രായപ്പെടുന്നത് മുൻ നിറുത്തി പരിശോധിച്ചാൽ രൂപശില്പത്തിന്റെ ശകലീകരണസാദ്ധ്യതകളെ പരമാവധി ഉപയോഗിക്കാൻ നോവലിനു സാധിക്കുന്നു എന്നു മനസ്സിലാക്കാം. കഥയുടെ പ്രധാന ഘടനയിൽ നിന്നും അകന്ന് ആഖ്യാതാവ് നടത്തുന്ന ഇടപെടലുകളാൽ സമ്പന്നമാണ് പാഠം. ദാക്ഷായണി ആണിക്കാരന്റെ വീട്ടിൽചെന്നുകയറുന്ന സന്ദർഭം പരിശോധിക്കാം, ദാക്ഷായണി ചെന്നുകയറുമ്പോൾ ആണിക്കാരന്റെ വീട്ടിൽ ഉണ്ടായിരുന്നത് കുഞ്ഞിപ്പെണ്ണായിരുന്നു എന്ന വിവരണത്തിനുശേഷം കുഞ്ഞിപ്പെണ്ണിന്റെ കഥ ഒരു പ്രത്യേക സന്ദർഭത്തിൽ ദാക്ഷായണിക്ക് കല്യാണിയോട് പറയാനുള്ളതാണ് എന്നും തല്ക്കാലം അതിനുള്ള അനുമതിയില്ലാത്തതിനാൽ കുഞ്ഞിപ്പെണ്ണ് കുഞ്ഞിപ്പെണ്ണായി തുടരും എന്ന് ആഖ്യാതാവ് ഇടപെട്ട് നല്കുന്ന വിശദീകരണം ഇതിന് ഒരു ഉദാഹരണം മാത്രം. മറ്റൊരിടത്ത് അഡ്വാൻസ് പാർട്ടി,ഷഡ്ഢി എന്നിവയെക്കുറിച്ചുള്ള ചരിത്രപരവും സാംസ്കാരികവുമായ ഒരു വിശകലനവും വിശദീകരണവും ഇടയിൽ കയറുന്നു, സഹകരിക്കണം എന്ന മുന്നറിയിപ്പോടെയാണ് ആഖ്യാതാവിന്റെ നീണ്ട ഇടപെടൽ. ദേശത്തിന്റ കല്യാണ ഒരുക്കങ്ങളുടെ സുദീർഘചരിത്രം സംഗ്രഹിച്ചതിനുശേഷം ഓവർ ടു ചേയിക്കുട്ടി എന്ന പ്രഖ്യാപനത്തോടെ കളമൊഴിയുന്ന ആഖ്യാതാവ് കഥാപാത്രവിനിമയങ്ങൾക്ക് അരങ്ങ് വിട്ടുകൊടുക്കുന്നു. ഇങ്ങനെ ആഖ്യാതാവ് കഥയിൽ നേരിട്ട് ഇടപെട്ട് വിഘാതം സൃഷ്ടിക്കുന്ന അനേകം അവസരങ്ങൾ കഥയിൽ നിന്നു കണ്ടെടുക്കാം. ഇങ്ങനെ രചനാതന്ത്രത്തെക്കുറിച്ചുള്ള ആലോചനകൾക്കുടി പാഠത്തിന്റെ ഭാഗമാകുന്നു. ഒരുകഥയ്ക്കുള്ളിൽ മറ്റൊരു കഥഅവതരിപ്പിക്കപ്പെടുന്ന പ്രശ്നനാടകസ്വഭാവം ആഖ്യാനത്തിനും ഉള്ളടക്കത്തിനും കൂടുതൽകരുത്തുപകരുകയും ചെയ്യുന്നു.

കുടുംബത്തെ സംബന്ധിച്ച സങ്കല്പങ്ങൾ സ്ത്രീ-പുരുഷ-ദേശാനുസൃത മായ ഭേദങ്ങളോടെ നോവലിൽ അനാവൃതമാകുന്നു. ഭാര്യയുടെ ദേശപര മായ അസ്തിത്വത്തെയും അതുവഴി അവളുടെ സ്വത്വത്തെയും നിരസിക്കുന്ന ആണിക്കാരനിൽ നിന്നും രക്ഷപെട്ട് സ്വന്തം ദേശത്തേയ്ക്ക് ദാക്ഷായണി തിരിച്ച് പോരുമ്പോൾ തന്റെ നിർലൈംഗികതയെ മൂടിവയ്ക്കാൻ ശ്രമിച്ച് പരാജയപ്പെട്ട് എങ്ങോട്ടോ മാഞ്ഞുപോയ കോപ്പുകാരൻ നാരായണൻ എന്ന തന്റെ പുരുവന്റെ കുടുബം കല്യാണിക്ക് സ്വന്തം ഇടമായി മാറുന്നു. പല വട്ടം ഉപേക്ഷിച്ച്പോയിട്ടും ചോന്നമ്മയും ചേയിക്കുട്ടിയും അവളെ തിരി കെയെത്തിക്കുന്നു. കോപ്പുകാരൻ നാരായണന്റെ അനിയൻ ലച്ചിണനുമൊ ത്തുള്ള കല്യാണിയുടെ ബന്ധം വിവരിക്കുമ്പോൾ അതിനെ ന്യായീകരി ക്കാനോ കുറ്റപ്പെടുത്താനോ ആഖ്യാതാവ് ശ്രമിക്കുന്നില്ല. കേവലമർത്യജീ വിതം ഒറ്റ നാഴികൊണ്ട് അളന്നിടേണ്ടതോ വിധിക്കപ്പെടേണ്ടതോ അല്ലെന്നജ്ഞാനമാണ് ഈ കൃതിയുടെ മർമ്മം.ഗോവിന്ദേട്ടനെ ദാക്ഷായ ണിക്ക് അന്യനാക്കുന്ന ആണിക്കാരന്റെ കുടുംബസങ്കല്പത്തിൽ നിന്നും ഭിന്നമാണ് കല്യാണിദാക്ഷായണിമാരുടെ കുടുംബസങ്കല്പം. ഇത്തരം വ്യത്യസ്തതകളെ അടയാളപ്പെടുത്തുവാനും സ്ത്രീ എന്ന സവിശേഷ സാമൂ ഹ്യാവസ്ഥയ്ക്കുള്ളിൽ നിന്ന് വ്യക്തികൾ നേരിടുന്ന അപരവത്കരണത്തെ പ്രശ്നവത്കരിക്കാനും നോവലിന് കഴിയുന്നു.

കൃതി സജീവമായി കൈകാര്യം ചെയ്യുന്ന മറ്റൊരു വിഷയം ദേശവുമായി ബന്ധപ്പെട്ടതാണ്. നോവലിൽ പ്രത്യക്ഷമായി കാണുന്ന ദേശഭൂമികകൾ കല്യാണിയുടെയും ദാക്ഷായണിയുടെയും ആഖ്യാതാവിന്റെയും ദേശമായ കണ്ണൂരും ആണിക്കാരന്റെയും ആഖ്യാതാവിന്റെ പങ്കാളി വിനയന്റെയും ദേശ മായ കൊല്ലവും ആണ്. ഈ തെക്ക് വടക്ക് സംഘർഷം നോവലിൽ വളരെ പ്രധാനപ്പെട്ട വിഷയം ആണ്. സംഘർഷ ചിത്രീകരണം എന്നതിലുപരിയായി അനുഭവങ്ങൾക്ക് ദേശാതീതമായ ഒരു തുറവി നൽകുവാൻ ഈ സമീപന ത്തിലൂടെ സാധിക്കുന്നു. മലബാറിലേയ്ക്കുള്ള തെക്കൻ കുടിയേറ്റത്തെയും അതിലൂടെ സംഗതമാകുന്ന സാംസ്കാരികാവസ്ഥകളെയും നോവൽ ചോദ്യം ചെയ്യുന്നുണ്ട്. സ്ത്രീവിനിമയങ്ങളെയും അവരുടെ പ്രശ്നങ്ങളെയും ദേശകാലാതീതമായി പ്രശ്നവത്കരിക്കാനും ഈസമീപനം സഹായകമാ

കുന്നു.കല്യാണി കോപ്പുകാരന്റെ വീട്ടിൽനിന്നും ഇറങ്ങുമ്പോൾ ദേശത്തു പെയ്യുന്ന മഴയത്ത് തന്നെയാണ് ദാക്ഷായണി ആണിക്കാരനൊപ്പം തെക്കോട്ട് യാത്രതിരിക്കുന്നതും. ഇരുദേശങ്ങളിലുമായി അനേകം കല്യാണിദാക്ഷായണിമാർ(അവരിൽ കുഞ്ഞിപ്പെണ്ണുങ്ങളും തമിഴത്തികളും ചേയിക്കുട്ടി-വല്യേടത്തിമാരും ചോന്നമ്മകൂടിയവളുമാരും ചോന്നമ്മ തന്നെയുമുണ്ട്) ജീവിച്ചു തീർക്കുന്ന ജീവിതങ്ങൾക്കുമേൽ കാലാതിവർത്തിയായി ആ മഴ പെയ്തു കൊണ്ടേയിരിക്കുന്നു.

കൃതിയുടെ ഭാഷാപരമായ സവിശേഷതകളെ അവലോകനം ചെയ്യുമ്പോൾ ഭാഷയുടെ വിവിധസാദ്ധ്യതകളെക്കൂടി പരിഗണിക്കേണ്ടതായി വരുന്നു. ഭാഷയുടെ മാന്ത്രികശേഷിയെക്കുറിച്ച് എഴുത്താൾ തന്നെ പറയുന്നു- ഓരോ മന്ത്രത്തിനും ഇത്ര ഉരുവെന്നൊരു കണക്കുണ്ട്. പ്രയോഗസാദ്ധ്യതകൾ ലിമിറ്റഡാണ്.. അക്ഷരങ്ങൾ തെറ്റുകയോ കൂടിച്ചേരുകയോ ചെയ്താൽ തിരിച്ചടിക്കും. ഭാഷയുടെ ഇത്തരം ശേഷികൾ പരമാവധി ഉപയോഗിക്കാനും ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്.എടുക്കുമ്പോഴൊന്ന് തൊടുക്കുമ്പോൾ നൂറ് കൊള്ളുമ്പോഴായിരം എന്ന കണക്കിന് വാക്കുകൾ പ്രവർത്തിക്കുന്നു. ഇഷ്ടക്കേടിന്റെ,പരിഹാസത്തിന്റെ,പ്രതികാരത്തിന്റെ ലേപം പുരട്ടി അവയോരോന്നും ലക്ഷ്യം ഭേദിക്കുന്നു. വളരെ സാധാരണമായവാക്കുകൾ അതിസാധാരണമെന്ന് തോന്നിക്കുന്ന സന്ദർഭങ്ങളിൽ നിന്നും കുതിച്ചുചാടി കൃത്യമായരാഷ്ട്രീയവിചാരണകൾ സാദ്ധ്യമാക്കുന്ന മാന്ത്രികതയും നോവലിനുണ്ട്. പുറമെ കരുണയർഹിക്കുന്നത് എന്നു തെറ്റിദ്ധരിപ്പിക്കുന്ന ആണിക്കാരന്റെ വാക്കുകൾ ഗോവിന്ദേട്ടനെ അന്യനാക്കുന്നു പേരിന് പിമ്പേ വല്ലതും ഉണ്ടോന്ന് നോക്കും എന്ന വിനയന്റെ വാക്കുകൾ സമകാലിക സമൂഹം ഒളിച്ചുകടത്തുന്ന ജാതീയതയെ പുറം തോലുരിച്ച് വിചാരണയ്ക്കു വെക്കുന്നു. കണ്ണൂരിന്റെ വാമൊഴിപ്പെരുക്കങ്ങളുടെ ചടുലതയ്ക്കൊപ്പം തന്നെ ശ്രദ്ധയെത്തേണ്ട ഘടകങ്ങളാണ് കൊല്ലത്തിന്റെ തനത് ഭാഷയുടെ സാധാരണത്വവും ആഖ്യാതാവിന്റെ ഭാഷയിലെ ഇംഗ്ലീഷ്,മംഗ്ലീഷ്(ഡിവിഷൻ ഓഫ് ലേബർ,മിസ് ചെയ്തു തുടങ്ങി അനേകം വാക്കുകൾ) സാന്നിദ്ധ്യവും. ദേശകാലാതീതമായ നോവൽസ്വരൂപനിർമ്മിതിയിൽ ഭാഷയും അതിന്റെ പങ്കു വഹിക്കുന്നു.

മനുഷ്യഭാഷ ഉപയോഗിച്ചുകൊണ്ടുതന്നെയണ് മൃഗവിനിമയങ്ങളെയും കൃതിയിൽ ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ സംവേദനാത്മകമായ മൃഗഭാഷയെ കുറച്ചുകാണാനും കഥാകൃത്ത് ശ്രമിച്ചിട്ടില്ല.പലപ്പോഴും കഥാപാത്രങ്ങൾ മൃഗങ്ങളോട് നടത്തുന്ന വിനിമയങ്ങൾ തങ്ങളുടെ തന്ന അപരങ്ങളോട് നടത്തുന്ന സംഭാഷണങ്ങളാണ് എന്നു കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന് കല്യാണിയും എലിയും തമ്മിലുള്ള സംഭാഷണം നോക്കാം - വെള്ളത്തിൽ മുക്കാനെടുക്കുന്നതിനു മുമ്പ് എലിയുടെ മുഖത്തേയ്ക്കൊന്നു നോക്കും അവൾ. അതിനുശേഷം താഴെപ്പറയുന്നതുപോലൊരു സംവാദം അവർ തമ്മിൽ നടക്കും..ഏടെപ്പോയിനും നിന്റെ കാരണ്ടസാതനം- കോപ്പുകാരനുമൊത്തുള്ള വൈവാഹികജീവിതം അവസാനിപ്പിച്ച് അയാളുടെ വീട്ടിൽനിന്നും ഇറങ്ങാൻ നില്ക്കുന്ന അവസരത്തിലാണ് എലിയുമൊത്തുള്ള കല്യാണിയുടെ സംഭാഷണങ്ങൾ കടന്നുവരുന്നത്. കോപ്പുകാരന്റെ ലൈംഗികശേഷിക്കുറവിനെ ധ്വനിപ്പിക്കുന്നതാണ് ഈ സംഭാഷണം. കോപ്പുകാരനോട് പറയാനുള്ള വാചകങ്ങളെ മൗനത്തിന്റെ തടവിലിട്ട് ഒരു നോട്ടംകൊണ്ട് കടന്നുപോവാനൊരുങ്ങുന്ന കല്യാണി തന്നോടുതന്നെയുള്ള ന്യായീകരണമെന്നവണ്ണം നടത്തുന്ന ആത്മഗതമാണ് ഈ സംഭാഷണം. തന്റെ പ്രവർത്തികൊണ്ട് ഒരു എലിക്കുഞ്ഞിനെയെന്ന വണ്ണം നാരായണനെ ശ്വാസം മുട്ടിയ്ക്കാൻ പോകുകയാണ് കല്യാണി. എന്നാൽ ഇതൊരു അനിവാര്യതയാണ് ധാരാളം അവസരങ്ങൾ നല്കിയിട്ടും ഉപയോഗപ്പെടുത്താനാവാത്ത നാരായണനിൽനിന്നും കല്യാണിക്ക് മോചനമുണ്ടായേ പറ്റൂ. മറ്റൊരവസരത്തിൽ എനിക്ക് വല്ലോരുടേം പോച്ച തിന്നേണ്ട കാര്യവില്ലെന്ന് കല്യാണിയോട് ശുണ്ഠിപിടിച്ച് വെട്ടിത്തിരിഞ്ഞ് നടന്നുപോകുന്ന അയൽക്കാരിപ്പശുവാകട്ടെ ദേശഭേദങ്ങളെക്കുറിച്ചും കീഴ്വഴക്കങ്ങളെക്കുറിച്ചും അവളെ ഓർമ്മപ്പെടുത്തുന്ന അവളുടെതന്നെ അപരമായിവർത്തിക്കുന്നു.ഇത്തരം നിരവധി സന്ദർഭങ്ങൾ നോവലിൽ കാണാം.കൂടാതെ മറ്റനേകം സന്ദർഭങ്ങളിൽ മനുഷ്യ-മൃഗവിനിമ.ങ്ങളുടെ വ്യത്യസ്ത ഭാവങ്ങൾ കാണാൻ കഴിയും. അവയിൽ സൗന്ദര്യപ്പിണക്കങ്ങൾ മുതൽ രാഷ്ട്രീയചർച്ചകളും തത്ത്വചിന്തകളും ഉൾപ്പെടുന്നു. കൂടാതെ മൃഗങ്ങൾ തമ്മിലുള്ള വിനിമയങ്ങളും നോവലിലുണ്ട്. മനുഷ്യത്വത്തെക്കാൾ ഒരുപടി മുകളിൽ നിൽക്കുന്ന മൃഗത്വം പുലർത്തിക്കൊണ്ട് രാഷ്ട്രീയവും ആത്മീയവുമായ വിശകലനങ്ങളിൽ ഏർപ്പെടുന്നതും കാണാം.

ആഖ്യാനം പുലർത്തിപ്പോരുന്ന ഉയർന്ന നർമ്മബോധത്തെക്കുറിച്ചുകൂടി പരാമർശിക്കാതെ ഈ പാഠപ്രദക്ഷിണം പൂർത്തിയാകില്ല. ആഖ്യാനത്തിന്റെ പ്രധാനസവിശേഷതകളായി മുമ്പേ ചൂണ്ടിക്കാട്ടിയിട്ടുള്ള അപരനിർമ്മിതി, ഭാഷ തുടങ്ങിയവയിലൂടെയാണ് ഹാസ്യം അനുഭവേദ്യമാകുന്നത്. നർമ്മം നോവൽ ജീവിതത്തിലുടനീളം മൂർച്ചയുള്ള ഒരു ആയുധമാണ്. കഥയുടെ രാഷ്ട്രീയം തന്നെ ഹാസ്യമാണെന്നുവരുന്നു. സാക്ഷരസമൂഹത്തിന്റെ ജാതിവെറിയെയും സ്ത്രീജീവിതത്തിന്റെ ദൈന്യതയേയുമെല്ലാം പരിഹാസത്തിന്റെ സൂക്ഷ്മാംശങ്ങൾകൊണ്ട് കഥാകൃത്ത് നേരിടുന്നു.ആ പരിഹാസശരമേറ്റ മുറിവുകൾ ഒരിയ്ക്കലുമുണങ്ങാതെ ചോരപൊടിക്കുന്നു. അതേസമയം തന്നെ കല്യാണിയുടെയും ദാക്ഷായണിയുടെയും ജീവിതത്തിലേയ്ക്ക് നടത്തുന്ന കടന്നുകയറ്റങ്ങളുടെ പേരിൽ ആഖ്യാതാവ് തന്നെത്തന്നെയും വായനക്കാരെയും പരിഹാസരൂപേണ വിമർശിക്കുന്നുണ്ട്. നോവലിലുടനീളം പരിഹാസത്തിലൂടെയുള്ള വിമർശനങ്ങൾ കാണാം.

ചരിത്രപരവും സമകാലികവുമായ സ്ത്രൈണജീവിതങ്ങളുടെ കാതൽ കടഞ്ഞെടുത്ത് നിർമ്മിച്ച മൂർച്ചയേറിയ ഒരു ആയുധംകൊണ്ട് എഴുതപ്പെട്ടതാണ് കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത. വ്യത്യസ്ത ദേശക്കാരും വ്യത്യസ്ത നിലകളിലുള്ള ജീവിതങ്ങൾ ജീവിച്ചുതീർക്കുന്നവരുമായ സ്ത്രീകളുടെ മാനസികവും ശാരീരികവുമായ അനുഭവങ്ങളുടെയും ആഗ്രഹങ്ങളുടെയും സത്യസന്ധമായ ചിത്രീകരണം എന്ന നിലയിൽ, നിലനിൽക്കുന്ന ആൺ കേന്ദ്രിതസമൂഹത്തിന്റെ ഭാഷയേയും ഭാവനയേയും ഈ കൃതി ചോദ്യം ചെയ്യുന്നു.

# ഹെർബേറിയം - പച്ചയുടെയും സ്ത്രീരചനയുടെയും രാഷ്ട്രീയം

സോണിയ ജോസ്

അസി.പ്രൊഫസർ, മലയാള വിഭാഗം

പാവനാത്മാ കോളേജ് മുരിക്കാശ്ശേരി

ജീവന്റെ പച്ചപ്പിന്റെ ലോകം ചുരുങ്ങി ചുരുങ്ങി ഹെർബേറിയമാക്കപ്പെടുന്ന കാലഘട്ടത്തിന്റെ ഓർമ്മപ്പെടുത്തലാണ് സോണിയ റഫീക്കിന്റെ ഹെർബേറിയം എന്ന നോവൽ. അധികം കാലതാമസമില്ലാതെ ഓരോ ചെടിയും ഓരോ ജീവനും ഫയലുകൾക്കുള്ളിലെ ഉണങ്ങിയ ഫോസിലുകളായി രൂപാന്തരപ്പെടുമ്പോൾ മനുഷ്യൻ അടുത്ത ഗ്രഹത്തിലേക്ക് യാത്രതിരിക്കാൻ തയ്യാറാവുന്നു. പ്രവാസലോകത്തിരുന്നു കൊണ്ട് പച്ചപ്പിലേക്ക് ആകാംക്ഷയോടെ ഉറ്റുനോക്കുന്ന എഴുത്തുകാരിയുടെ വിഹ്വലതകൾ വായനക്കാരിലേക്കും വ്യാപിപ്പിക്കത്തക്കതാണ് നോവൽ. തൊടിയിലെ നശിച്ചുകൊണ്ടിരിക്കുന്ന മരങ്ങളുടെ നെഞ്ചിലേക്ക് ചെവിയോർത്തുവെച്ച് ഉള്ളിലെ ചൂടും മിടിപ്പും കണ്ടെത്താൻ അവർ ശ്രമിക്കുകയും ചെയ്യും.

ദുബായ് എന്ന യാന്ത്രിക നഗരിയിൽ നിന്നും നാട്ടിൻപുറത്തിന്റെ സ്വാഭാവികതകളിലേക്കും കാവിന്റെയും കാടിന്റെയും പച്ചപ്പിലേക്കും എത്തിയ ടിപ്പു എന്ന ബാലനാണ് നോവലിലെ കേന്ദ്രകഥാപാത്രം. അവന്റെ അമ്മയായ ഫാത്തിമ വ്യത്യസ്തയും പച്ചപ്പിനെ വളരെയധികം സ്നേഹിച്ചിരുന്നവളുമായിരുന്നെന്ന് ഭർത്താവ് ആസിഫ് കണ്ടെത്തുന്നത് അവളുടെ മരണശേഷമാണ്. അവളുടെ ആത്മാവിന്റെ സ്വഭാവം വെളിപ്പെടുത്തുന്നതും അവൾ ആരായിരുന്നുവെന്ന് അയാൾ

തിരിച്ചറിയുന്നതും അവൾ അവിടെയുമിവിടെയുമൊക്കെയായി ഒളിപ്പിച്ചുവച്ചിരുന്നതുമായ ചെറിയ കുറിപ്പുകളിലൂടെയാണ്. തന്റെ ഭാര്യ താൻ മനസ്സിലാക്കിയതിൽ നിന്നും തികച്ചും വ്യത്യസ്തയായിരുന്നുവെന്ന കണ്ടെത്തൽ അക്ഷരാർത്ഥത്തിൽ അയാളെ ഞെട്ടിക്കുന്നു. തികച്ചും നാഗരിക ജീവിയായി ഫാസ്റ്റ്ഫുഡിന്റെയും ഗെയിമിന്റെയും അടിമയായിരുന്ന ടിപ്പുവിനെ നാട്ടിലേക്ക് പറിച്ചുനടാനും ജോലി നാട്ടിലേക്ക് മാറ്റാനും ആസിഫ് തീരുമാനിച്ചതിനു പിന്നിലും ഫാത്തിമയുടെ കുറിപ്പുകളിലൂടെ തുടിക്കുന്ന നാട്ടിൻപുറത്തിന്റെ ഹൃദയസൗരഭ്യം തന്നെയാണ്.

നാട്ടിൻപുറത്തിന്റെ പച്ചപ്പിലേക്ക് വളരെ പെട്ടെന്നുതന്നെ ടിപ്പു അലിഞ്ഞുചേരുന്നതോടെ അവന്റെ ജീവിതവും ഒപ്പം വായനക്കാരുടെ കാഴ്ചപ്പാടുകളും മാറിമറിയുന്നു. ഉമ്മയുടെ വീടിനടുത്തുള്ള സർപ്പക്കാവിന്റെ നിഗൂഢതകളിലേക്കും തണുപ്പിലേക്കും അവനു പ്രിയപ്പെട്ടവനായിത്തീർന്ന തങ്കു ആമയിലേക്കും ടിപ്പു എത്തുമ്പോൾ നമ്മുടെ തലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്ന ഗ്രാമീണതയുടെ വിശുദ്ധിയെ ഓർത്ത് വായനക്കാരുടെ ഹൃദയം ഭാരപ്പെടും.

നാട്ടിലെ സ്കൂളിൽ പഠിക്കാനാണ് ടിപ്പു എത്തുന്നത്. ക്ലാസ്സ് തുടങ്ങുന്നതിനു മുൻപു ലഭിച്ച രണ്ടുമാസം അവനെ സംബന്ധിച്ചിടത്തോളം പച്ചപ്പിനെക്കുറിച്ചുള്ള പഠനമായിരുന്നു. കൂട്ടുകാരിയായ അമ്മാളുവിന്റെ അച്ഛൻ വിനീത് പണ്ടുശേഖരിച്ചുവെച്ച ഹെർബേറിയത്തിലെ സസ്യങ്ങൾ വീണ്ടും കണ്ടെത്താനുള്ള ടിപ്പുവിന്റെയും അമ്മാളുവിന്റെയും അന്വേഷണം വളരെ മനോഹരമാണ്. പത്തു സസ്യങ്ങളൊഴികെ മറ്റെല്ലാത്തിനെയും അവർ കണ്ടെത്തുന്നു. ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നീടൊരിക്കലും ലഭിക്കാത്ത മരത്തിന്റെയും സസ്യങ്ങളുടെയും വിത്തുകൾ അവരുടെ ഉള്ളിൽ ഉൽകണ്ഠ ജനിപ്പിക്കുന്നു. കാവുനശിപ്പിക്കാനെത്തിയ റഷീദലിക്കു മുന്നിൽ ടിപ്പു നഷ്ടപ്പെട്ട പത്തുചെടികളുടെ ഒപ്പം പതിനൊന്നാമത് ഒരു ശവക്കുഴികൂടി തോണ്ടിവെച്ചത് മനുഷ്യജന്മങ്ങൾക്കുള്ള ശവക്കുഴിയുടെ പ്രതീകമായാണ്.

**പച്ചയുടെ രാഷ്ട്രീയം**

പച്ചപ്പിലേക്ക് അനുവാചക മനസ്സിനെ കൊണ്ടുപോകുന്ന ഹെർബേറിയം ഒരനുഭൂതിയാണ്. കാലം ഉണക്കി ഫയലുകളാക്കാൻ

പോകുന്ന പച്ചപ്പുകളെ ഓർത്തുള്ള നോവലിസ്റ്റിന്റെ വിഹ്വലതകൾ തന്നെയാണ് സോണിയ അക്ഷരങ്ങളായി നോവലിൽ ചേർത്തുവെയ്ക്കുന്നത്. ഇവിടെ പരിസ്ഥിതി രാഷ്ട്രീയം എന്ന ഉത്തരാധുനിക കാലഘട്ടത്തിലെ ചിന്തയും പ്രസക്തമാകുന്നു. പച്ചയുടെ രാഷ്ട്രീയത്തിന്റെ നാലു തൂണുകളായി ഡെറക് വാൾ കരുതുന്നത് പാരിസ്ഥിതിക വിജ്ഞാനം, സാമൂഹ്യനീതി, അടിത്തറ ജനാധിപത്യം, അഹിംസ എന്നിവയാണ്. അധികാര വികേന്ദ്രീകരണം, സാമുദായികാധിഷ്ഠിത സാമ്പത്തിക ശാസ്ത്രം, ഫെമിനിസം, വൈവിധ്യങ്ങളോടുള്ള ആദരവ്, ആഗോള ഉത്തരവാദിത്വം, ഭാവി ലക്ഷ്യമാക്കൽ എന്നിങ്ങനെ ആറുമൂല്യങ്ങൾകൂടി 1984-ൽ യു.എസ്. ഗ്രീൻ കമ്മറ്റി ഉൾപ്പെടുത്തുന്നു. പങ്കാളിത്ത ജനാധിപത്യവും സുസ്ഥിരവികസനവും വംശീയത്തനിമയുമൊക്കെ പിന്നീടിതിന്റെ ഭാഗമാകുന്നു. അതായത് പച്ചയുടെ രാഷ്ട്രീയം ഒറ്റപ്പെട്ടു നിൽക്കുന്ന ഒന്നല്ല എന്നർഥം. ഉത്തരാധുനികതയുടെ പൊതുപ്രവണതകളോട് അതും ചേർന്നുനിൽക്കുന്നു.

നോവലിൽ നോവലിസ്റ്റ് കഥ പറഞ്ഞു തുടങ്ങുകയും ടിപ്പുവിന്റെ കാഴ്ചപ്പാടിലൂടെ അത് വികസിപ്പിക്കുകയും ചെയ്യുന്നു. പ്രഥമപുരുഷാഖ്യാനവും ഉത്തമപുരുഷാഖ്യാനവും ഇടകലർന്നു മുന്നേറുന്ന രചനാരീതി. നോവലിലെ മികച്ച ആഖ്യാനം ഹെർബാറാഷ് എന്ന ഗെയിമിന്റേതാണ്. വീഡിയോ ഗെയിമിനെയും ജീവിതത്തെയും ഇടകലർത്തി ഭ്രമാത്മകതയുടെ തലത്തിലേക്ക് ഈ ആഖ്യാനം ഉയരുന്നു. മനുഷ്യജീവിതം തന്നെ അപകടകരമായ ഒരു വീഡിയോ ഗെയിമായി പരിവർത്തിക്കപ്പെടുന്ന വർത്തമാനകാല ജീവിതാവസ്ഥ തുടർന്നുള്ള ആഖ്യാനത്തിലും കടന്നുവരുന്നുണ്ട്. എന്നാൽ മനുഷ്യൻ വീഡിയോ ഗെയിമിലെ മൃഗമായിത്തീരുന്ന ദുരന്തത്തെ അടയാളപ്പെടുത്തുക എന്നതിനേക്കാൾ ഈ അവസ്ഥയെ മഹത്വവൽക്കരിക്കുന്നതായും നോവലിൽ കാണാനാവും.

കാവിലെ ചെടികൾ റോഡരികിൽ നടുന്ന അമ്മാളുവിന്റെ പരിണാമം നോവലിസ്റ്റ് രേഖപ്പെടുത്തുന്നുണ്ട്. അത് മീഡിയയിലൂടെ ലോകമറിഞ്ഞപ്പോൾ രാവും പകലും അവിടെ തിരക്കായി. യാത്രികർ

അവിടെ കുട്ടികളെക്കൊണ്ട് വെള്ളമൊഴിപ്പിക്കുകയും ഫോട്ടോ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. കുട്ടികളുടെ മരങ്ങളെക്കുറിച്ച് കവിതയും കഥയുമുണ്ടായി. നാടകവും സിനിമയും നിർമ്മിക്കുന്നു. ഗവേഷണവും പഠനങ്ങളുമുണ്ടായി. പ്രകൃതി സംരക്ഷണവും കച്ചവടവും ഉത്തരാധുനിക കാലത്ത് എത്രമാത്രം പരസ്പരപൂരകമായിരിക്കുന്നു എന്നു തെളിയിക്കാൻ ഈ ഒരൊറ്റ സംഭവം മതി. വിദേശത്തുനിന്നും വനസ്നേഹിയായ ജൂലിയ എത്തുന്നതോടെ ടൂറിസത്തിന്റെ അടയാളങ്ങളും പ്രത്യക്ഷപ്പെടുന്നു. കാവ് നശിക്കുന്നതിനുമുമ്പ് ഒരു രാത്രി ജൂലിയ കുട്ടികളെയും കൂട്ടി കാവിനുള്ളിൽ ടെന്റടിച്ച് താമസിക്കുന്നുണ്ട്. കാടിന്റെ പതിപ്പായ കാവിൽ ഒരു അപകടരഹിത സാഹസിക ടൂറിസ്റ്റുരാത്രി. ജൈവപ്രകൃതിയേയും ജീവിതത്തേയും ടൂറിസ്റ്റുവൽക്കരിക്കുന്ന ഈ പ്രക്രിയ നോവലിൽ മഹത്വവൽക്കരിക്കപ്പെടുന്നു. ടൂറിസ്റ്റിന് കണ്ടകാഴ്ചകൾ ഇനിയും കാണാനായി അവ സംരക്ഷിക്കപ്പെടണം എന്ന വാചാലത ഉണരുമ്പോൾ അത് ടൂറിസ്റ്റ് ആക്റ്റീവിസമാണ്. ഇത്തരമൊരു കാഴ്ച ഹെർബേറിയത്തിലുടനീളം കാണാനാവും. ടിപ്പുവിന്റെ കുഞ്ഞിക്കണ്ണുകൾ പ്രകൃതിയെ ടൂറിസ്റ്റു കൗതുകത്തോടെയാണ് നോക്കുന്നത്. കാവിനെ ത്രീഡി കണ്ണട വെച്ചുനോക്കിയാൽ ഈ കാടുപൊലെയുണ്ടാകും എന്നവൻ പറയുന്നത് അതിനാലാണ്. വംശനാശം വന്ന മൃഗങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ഒറ്റക്കൊമ്പൻ കാണ്ടാമൃഗം കാർട്ടൂൺ കഥാപാത്രമായെങ്കിലുമുണ്ടല്ലോ എന്നും ചിമ്പാൻസിയില്ലാതെ എന്തു മൃഗശാല എന്നുമാണവൻ ചിന്തിക്കുന്നത്.

### സ്ത്രീരചനയുടെ രാഷ്ട്രീയം

പരിസ്ഥിതി പ്രധാനമായ രചന എന്നതിനൊപ്പം സ്ത്രീരചനയുടെ സൂക്ഷ്മരാഷ്ട്രീയംകൂടി നോവലിലുടനീളം വിന്യസിക്കാൻ സോണിയയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സ്ത്രീ പ്രകൃതിയേയും ജീവിതത്തെയും അനുഭവിക്കുന്നതിന്റെ നേരെഴുത്ത് നോവലിൽ കണ്ടെത്താനാവും. ഹെർബേറിയത്തിലെ ഫാത്തിമ നോവലാരംഭിക്കുമ്പോൾത്തന്നെ ഇല്ലാതായവളാണ്. പക്ഷേ അവൾ അവശേഷിപ്പിച്ചവയിലൂടെയും അവളുടെ

കുറിപ്പുകളിലൂടെയും അവസാനംവരെ സജീവ ജൈവ സാന്നിധ്യമായി നിലനിൽക്കുന്നു. സ്ത്രൈണചോദനകളിൽനിന്നൂറിക്കൂടുന്ന ഉൾക്കാഴ്ചകളുടെ സത്യസന്ധമായ രേഖപ്പെടുത്തലാണ് ഫാത്തിമയുടെ എഴുത്ത്. അപൂർണ്ണവും ഹ്രസ്വവുമായ അവളുടെ ലേഖനങ്ങൾ അവളുടെ പ്രതിരോധങ്ങൾ കൂടിയാണ്. അതിജീവനത്തിനുവേണ്ടിയുള്ളത്, എവിടേക്കു പിഴുതുമാറ്റിയാലും അവിടെ വേരുറപ്പിക്കുന്ന വാശിയുടെയും.

സ്കൂൾ നോട്ടീസ് ബോർഡിൽ കാണാതായ/ഇല്ലാതായ ചെടികളുടെ വിവരം കൊടുക്കുമ്പോൾ തന്റെ ഉമ്മുടുവിന്റെ ചിത്രവും ഇട്ടാലോ എന്ന് ടിപ്പു ഒരുമാത്ര ആലോചിക്കുന്നുണ്ട്. തുടർന്ന് അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ ജീവജാലങ്ങൾ പെട്ടെന്ന് അപ്രത്യക്ഷമാകുന്നത് പ്രകൃതിയിൽ സാധാരണമാണ്. ഉമ്മുടുവും അങ്ങനെയായിരിക്കുമെന്ന നിഗമനത്തിൽ അവനെത്തി നിൽക്കുന്നു.അസാന്നിധ്യംകൊണ്ടും ഫാത്തിമ ഹെർബേറിയ ത്തിന്റെ ശക്തിയും പ്രേരണയുമാകുന്നത് അസാധാരണമായ രചനാകൗശലം കൊണ്ടുതന്നെയാണ്. നിധിവേട്ടക്കളിയുടെ ഔത്സുക്യത്തോടെയാണ് ആസിഫ് അവളുടെ കുറിപ്പുകൾ തിരയുന്നത്. ഗുപ്തമായ സൂക്ഷിപ്പുകേന്ദ്രങ്ങളിൽ നിന്നാണവ പുറത്തുവരുന്നത്. ഈ കുറിപ്പുകളുടെ ഒളിഞ്ഞിരിപ്പ് വ്യക്തമായും വിധേയത്വത്തിന്റെ ചിഹ്നങ്ങൾ തന്നെയാണ്. സാമൂഹ്യ നിയമങ്ങൾക്കും കുടുംബഘടനകൾക്കുമിണങ്ങിയ നിശബ്ദത. അവളുടെ കുറിപ്പുകളിൽ തന്റെ തുടർച്ചയെക്കുറിച്ചുള്ള പ്രത്യാശയും വ്യക്തമാണ്. തന്റെ വിപ്ലവം ഫ്ളാറ്റിലെ ബാൽക്കണിയിൽ കെട്ടിക്കിടക്കുന്നതാണെന്നും അതിനപ്പുറമുള്ള വളർച്ച ടിപ്പുവിലൂടെ മാത്രമേ ഉണ്ടാവുകയുള്ളുവെന്നും അവൾ അറിഞ്ഞിരുന്നു. അവൻ വരയ്ക്കാനിരിക്കുന്ന പച്ചപ്പിലേക്കാണ് അവളുടെ തുടർജീവിതം. അതിനായി അവൾ മാഞ്ഞുപോയേ മതിയാവൂ. ഡയറിയെഴുത്ത് ഇമ്പോസിഷനെഴുത്താണെന്നും ഓരോ ദിവസത്തെയും അനുഭൂതികളാണ് കുറിക്കേണ്ടതെന്നും ഫാത്തിമ വിശ്വസിച്ചിരുന്നു. സിഗരറ്റ് വലിക്കാനും ആൺകുട്ടികളോട് കൂട്ടുകൂടാനും കൊതിക്കുന്ന റിബൽബോധം എന്നിവയെല്ലാം വ്യക്തമാക്കുന്നു ഫാത്തിമ കുറിപ്പുകളിലൂടെ. ഓരോ കുറിപ്പിലൂടെയും അവൾ പുതിയതെന്തൊക്കെയോ ആയി

രൂപാന്തരപ്പെടുകയാണ് ആസിഫിനു മുന്നിൽ. ആസിഫ് പരതി കണ്ടെത്തുന്ന കുറിപ്പുകൾ പുതിയ ഇടങ്ങളും പുതിയ കാഴ്ചകളുമായി സ്വഭാവികതയിൽ അയാൾക്കുമുന്നിൽ തുറക്കപ്പെടുന്നു.

ഫാത്തിമയുടെ മരണത്തിനുശേഷം നാട്ടിലേക്കു തിരിച്ചെത്തുന്ന ഒൻപതു വയസുകാരൻ ടിപ്പുവിലൂടെയാണ് ഹെർബേറിയത്തിന്റെ പാരിസ്ഥിതിക പ്രത്യയശാസ്ത്രം സ്ഥാപിതമാകുന്നത്. കുടുംബം എന്നർത്ഥമുള്ള Oikos' എന്ന വാക്കിൽനിന്നുൽഭവിച്ച ecology മനുഷ്യനെയും പ്രകൃതിയേയും കൂട്ടിയിണക്കുന്ന ജ്ഞാനശാഖയാണ്. കുടുംബവുമായി, ഉല്പാദനക്ഷമത, സർഗ്ഗാത്മകത തുടങ്ങിയ സ്ത്രൈണ മൂല്യങ്ങളുമായി പരിസ്ഥിതിബോധം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീയും പരിസ്ഥിതിയും പങ്കിടുന്ന പരിസ്ഥിതിബോധത്തിന്റെ ചിത്രം ഭംഗിയിൽ നോവലിൽ അനാവൃതമാകുന്നു.

# സ്ത്രീ-പോരാട്ടം അതിജീവനം

ഡോ.നടാഷ സെബാസ്റ്റ്യൻ
അസോസിയേറ്റ് പ്രൊഫസർ,
നേശമണി മെമ്മോറിയൽ ക്രിസ്ത്യൻ കോളേജ്,
മാർത്താണ്ഡം

സ്ത്രീയുടെ പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും കഥയാണ് കെ.ആർ. മീരയുടെ സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ. ആൺകോയ്മയിലധിഷ്ഠിതമായ കുടുംബത്തിലും സമൂഹത്തിലും ഇടം കണ്ടെത്താൻ സ്ത്രീകൾ നടത്തുന്നപോരാട്ടങ്ങൾക്കുനൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സ്ത്രീയ്ക്കും പുരുഷനും തുല്യതയുള്ള ഒരു പുതുലോകത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ളതായിരുന്നു ആ സമരങ്ങളൊക്കെയും. വോട്ടവകാശം, തുല്യവേതനം, ലിംഗസമത്വം, അവസരസമത്വം, സ്വത്തവകാശം എന്നിങ്ങനെ പല ആവശ്യങ്ങൾ പല കാലങ്ങളിലായി സ്ത്രീവാദസംഘടനകൾ ഉയർത്തിക്കൊണ്ടുവന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ ഇന്ത്യയിലും സംഘടിത സ്ത്രീവാദസംഘടനകൾ കരുത്താർജ്ജിച്ചു. ഫെമിനിസ്റ്റാശയങ്ങൾക്ക് കൂടുതൽ വ്യക്തത കൈവരികയും ചെയ്തു. പുരുഷാധിപത്യത്തിലടിയുറച്ച സാമൂഹിക നീതികളെ ചോദ്യം ചെയ്തുകൊണ്ട് ഒട്ടേറെ സ്ത്രീസമരങ്ങൾ കേരളത്തിലുമുണ്ടായി. സ്ത്രീവിദ്യാഭ്യാസത്തിലുണ്ടായ പുരോഗതി സ്ത്രീമുന്നേറ്റങ്ങളെ ത്വരിതപ്പെടുത്തി. ഇതരസംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളം സാക്ഷരതയിലും സ്ത്രീവിദ്യാഭ്യാസത്തിലും ഏറെ മുമ്പിലാണ്. സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം നേടാനും സാമൂഹികരാഷ്ടീയ സാംസ്കാരിക രംഗങ്ങളിലൊക്കെ കടന്നു വരാനുമുള്ള അവസരങ്ങൾ ഇന്നുണ്ട്. എന്നാൽ ഉന്നതവിദ്യാഭ്യാസവും ഉയർന്ന സാമൂഹികപദവിയും

കേരളത്തിലെ സ്ത്രീകളുടെ നില മെച്ചപ്പെടുത്തിയിട്ടുണ്ടോ എന്ന അന്വേഷണം പ്രസക്തമാണ്. ഗാർഹികപീഡനങ്ങൾ, സ്ത്രീധനമരണങ്ങൾ, ലൈംഗികാതിക്രമങ്ങൾ എന്നിവ കേരളത്തിൽ കൂടി വരുന്നതായാണ് കാണുന്നത്. ആണധികാരത്തിലധിഷ്ഠിതമായ കുടുംബത്തിനകത്തുപോലും സ്ത്രീക്ക് തുല്യനീതി ലഭിക്കുന്നില്ല. അവളനുഭവിക്കുന്നത് ഒരു തരം അടിമത്തമാണ്. വീടിനകത്തു നരകയാതനകൾ അനുഭവിക്കുമ്പോഴും വിവാഹമോചനത്തിനായി മുന്നോട്ടു വരുന്ന സ്ത്രീകൾ കുറവാണ്. സഹിച്ചും ക്ഷമിച്ചും മുന്നോട്ടു പോകാനാണ് അധികം പേരും ശ്രമിക്കുന്നത്. വിവാഹത്തോടെ സ്ത്രീയ്ക്ക് സ്വന്തം വീട്ടിൽ ഇടമില്ലാതാകുന്നു. വിവാഹമോചിതയായ സ്ത്രീയ്ക്ക് സമൂഹത്തിന്റെ അംഗീകാരം പലപ്പോഴും ലഭിക്കാറില്ല. അതുകൊണ്ടുതന്നെ മകൾക്ക് ഭർത്തൃഗൃഹത്തിൽ എത്ര പീഡനങ്ങൾ ഏൽക്കേണ്ടിവന്നാലും അവിടെത്തന്നെ തുടരാൻ മാതാപിതാക്കൾ നിർബന്ധിക്കുന്നു. അക്കാര്യത്തിൽ പലപ്പോഴും പിതാവിനേക്കാൾ കൂടുതൽ മാതാവാണ് ശാഠ്യം പിടിക്കുന്നത്. കുടുംബത്തിനു പുറത്ത് സ്ത്രീകൾക്കു നിലനില്ക്കാനാവില്ലെന്ന വിശ്വാസം ഊട്ടിവളർത്തിയാണ് ഓരോ പെൺകുട്ടിയെയും വളർത്തുന്നത്. ആൺകോയ്മാ കുടുംബഘടനയിൽനിന്നും ഏതെങ്കിലും തരത്തിൽ പുറംതള്ളപ്പെടുന്ന സ്ത്രീകളുടെ കാര്യത്തിൽ നിയമം അനുശാസിക്കുന്നത് എന്തു തന്നെയായാലും ഇന്ത്യൻ ഗ്രാമങ്ങളിൽ ഇന്ന് യഥാർത്ഥത്തിൽ നടപ്പിലുള്ള നിയമം ബ്രാഹ്മണമതത്തിന്റേതാണെന്നും സ്ത്രീയുടെ സ്ഥാനം ഭർത്താവിന്റെ കൂടെയാണെന്നുമുള്ള ഹൈന്ദവപ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം ജാതിമതഭേദമന്യേ ഇന്ത്യയിലെ എല്ലാ സമുദായങ്ങളെയും ഗ്രസിച്ചിട്ടുണ്ടെന്ന് ഗെയ്ൽ ഓംവേദ്ത് ചൂിക്കാണിക്കുന്നു.

(Economic and Political weekly, April 29,1989) ആണധികാരം എപ്പോഴും സ്ത്രീയെ നിശ്ശബ്ദയാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കുലീന, കുലസ്ത്രീ, ഉത്തമകുടുംബിനി, വീടിന്റെ വിളക്ക്, മാതൃകാസ്ത്രീ എന്നിങ്ങനെ സ്ത്രീയെ മഹത്ത്വവല്ക്കരിച്ചുകൊണ്ടും അങ്ങനെയാകാൻ പ്രേരിപ്പിച്ചുകൊണ്ടും സ്ത്രീയെ അരികുവല്ക്കരിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. കുലീനത, അനുസരണ, വിധേയത്വം, ക്ഷമ,

സഹിഷ്ണുത തുടങ്ങി സ്ത്രൈണാനുഗുണമെന്നു കല്പിക്കപ്പെട്ട അഭിരുചികൾ ചേർന്നു രൂപപ്പെടുത്തുന്ന സ്ത്രീയാണ് സാഹിത്യത്തിലും കലകളിലും അഭിമതയായത്. (ഡോ. ജിസ ജോസ്,(2020), സ്ത്രീവാദസൗന്ദര്യശാസ്ത്രം -പ്രയോഗവും പ്രതിനിധാനവും, പു.10) ഉത്തമ കുടുംബിനിയാകാനുള്ള പരിശീലനമാണ് അവൾക്കു ലഭിക്കുന്നത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഈ കാഴ്ചപ്പാടിനു വലിയ മാറ്റമൊന്നുമുായിട്ടില്ലെന്നു കാണാം. ഭർത്തൃഗൃഹത്തിൽ കൊല ചെയ്യപ്പെടുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന സ്ത്രീകളുടെ എണ്ണം കൂടി വരുന്നു. അവരിൽ പലരും ഉന്നതവിദ്യാഭ്യാസവും ഉയർന്ന സാമൂഹിക പദവിയുമുള്ളവരാണെന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. വിവാഹമോചനത്തിനായി കോടതിയെ സമീപിക്കുന്ന സ്ത്രീകൾ കടുത്ത മാനസികവൈകാരിക സമ്മർദ്ദങ്ങൾക്കു വിധേയരാകുന്നു. കോടതിമുറികളിൽപോലും പുരുഷന്റെ തെറ്റുകൾ ന്യായീകരിക്കപ്പെടുന്നു. ചീത്തസ്ത്രീയല്ലെന്ന് തെളിയിക്കേണ്ടത് സ്ത്രീയുടെ ബാധ്യതയായി മാറുന്നു. അതിനാൽ എല്ലാ അതിക്രമങ്ങളും സഹിച്ചുകൊണ്ട് ദാമ്പത്യജീവിതം തുടരാൻ സ്ത്രീകൾ നിർബന്ധിതരാകുന്നു. അല്ലെങ്കിൽ ആത്മഹത്യയിൽ അഭയം തേടുന്നു. അകമേ പ്രതിഷേധിയ്ക്കുമ്പോഴും സ്ത്രീകൾക്ക് മറ്റൊരാളായി, ഉത്തമ സ്ത്രീയായി നടിക്കേണ്ടിവരുന്നു. അത്തരം കുലസ്ത്രീനാട്യങ്ങൾ അഴിച്ചുവെച്ച് സ്വത്വസ്ഥാപനത്തിനായി പോരാടുന്ന ഒരു യുവതിയുടെ പീഡാനുഭവങ്ങളുടെയും ഉയിർപ്പിന്റെയും കഥയാണ് കെ.ആർ. മീരയുടെ സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ എന്ന നോവൽ. സമകാലീനപെണ്ണവസ്ഥയുടെ ആവിഷ്ക്കാരമാണീ നോവൽ. ഇതിലെ കേന്ദ്രകഥാപാത്രം ജെസബെൽ ആണ്. വിദ്യാസമ്പന്ന. എല്ലാ പരീക്ഷകളിലും ഉന്നതവിജയം. മിടുക്കിയായ ഡോക്ടർ. ശാക്തീകരിക്കപ്പെട്ടവരെന്നും സൗഭാഗ്യവതികളെന്നും വിശ്വസിക്കുന്ന കേരളീയസമൂഹത്തിലെ സ്ത്രീകളെ അടയാളപ്പെടുത്തുകയാണ് ജെസബെൽ. ആൺകോയ്മയാലും ആൺബോധത്താലും സൃഷ്ടിച്ച ഉത്തമസ്ത്രീ സ്ങ്കല്പത്തിൽനിന്നും പുറത്തു വരാൻ ജെസബെൽ തീരുമാനമെടുത്തതോടെ കുടുംബത്തിനകത്തുനിന്നും പുറത്തുനിന്നും അവൾക്ക് എതിർപ്പുകൾ നേരിടേണ്ടിവന്നു. പഴയനിയമത്തിലെ ജെസബെൽ

രാജ്ഞിയെപ്പോലെ വ്യഭിചാരിണിയെന്നും ഭർത്താവിനെ മരണത്തിലേക്കു നയിച്ചവളെന്നും കുറ്റം ചാർത്തപ്പെട്ടു. ബൈബിളിലെ ഏറ്റവും ക്രൂരയും നികൃഷ്ടയുമെന്ന് മുദ്രകുത്തപ്പെട്ട സ്ത്രീയാണ് ജെസബെൽ രാജ്ഞി. ഒരു സ്ത്രീയും ജെസബെലിനെപ്പോലെയാകരുതെന്നാണ് പഠിപ്പിക്കാറുള്ളത്.

യഥാർത്ഥത്തിൽ ആരായിരുന്നു ജെസബെൽ?. ശക്തയായ ഭരണാധികാരി. പുതിയനിയമത്തിലെ വെളിപാടിന്റെ പുസ്തകത്തിൽ പരാമർശിക്കപ്പെട്ട പഴയനിയമത്തിലെ ഏക സ്ത്രീകഥാപാത്രം. പതിനഞ്ചാമത്തെ വയസ്സിൽ ഇസ്രായേലിലെ രാജാവായ ആഹാബിന്റെ പത്നിയായി സമരിയായിലേക്കു വന്നവൾ. വെള്ളത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും നാട്ടിൽനിന്നു മരുഭൂമിയിലേക്കും ഗോത്രനിയമങ്ങൾക്കുമിടയിലേക്കാണവൾ എത്തിയത്. സ്വന്തം ആചാരങ്ങളിലും വിശ്വാസങ്ങളിലും ഉറച്ചുനിൽക്കാൻ ആഗ്രഹിച്ചു.ഏകദൈവസങ്കല്പത്തെ ചോദ്യം ചെയ്തു. ഏലിയാപ്രവാചകനെതിരെ ശബ്ദമുയർത്തി. അതുകൊണ്ടു അവർ അവളെ വ്യഭിചാരിണിയെന്നു മുദ്രകുത്തി. അധികാരംകയ്യടക്കാൻ ആഗ്രഹമുള്ളവരെ ചോദ്യം ചെയ്ത സ്ത്രീകളെല്ലാം എന്തുകൊണ്ട് വ്യഭിചാരിണികളെന്നു വിളിക്കപ്പെട്ടു? എന്ന് ജെസബെൽ ചിന്തിക്കുന്നു. ഒരു സ്ത്രീയ്ക്കു നേരെ പ്രയോഗിക്കാൻ കഴിയുന്ന ഏറ്റവും മൂർച്ചയേറിയ ആയുധം അതാണ്. ഏറ്റവും ബലഹീനരായ മനുഷ്യരുടെ ഏറ്റവും ഗതികെട്ട ആയുധമാണ് ഒരു സ്ത്രീയ്ക്കെതിരെ ഉപയോഗിക്കുന്ന വ്യഭിചാരിണി എന്ന പദപ്രയോഗം എന്ന് കെ. ആർ മീര ഒരു മാധ്യമചർച്ചയിൽ അഭിപ്രായപ്പെടുകയുണ്ടായി. പ്രവാചകനെയും ഏകദൈവസങ്കല്പത്തെയും ചോദ്യം ചെയ്തതിനാലാണ് ജെസബെൽ രാജ്ഞി അനഭിമതയായത്. ആണധികാരത്തെ ചോദ്യം ചെയ്യുന്ന സ്ത്രീകൾ നിന്ദ്യരും വെറുക്കപ്പെട്ടവരുമായി. മതഘടനകളുടെ കേന്ദ്രസ്ഥാനത്ത് പുരുഷനാണുള്ളത്. മതവ്യവസ്ഥകളെയും ആചാരങ്ങളെയും ചിട്ടപ്പെടുത്തിയത് ആണധികാരത്തിന്റെ പ്രത്യയശാസ്ത്രമായതിനാൽ മതസമീപനങ്ങൾ എക്കാലത്തും സ്ത്രീവിരുദ്ധമായിരുന്നു. പലപ്പോഴും ഹിംസാത്മകസ്വഭാവം പ്രദർശിപ്പിക്കുന്ന മതസമീപനങ്ങൾ അധികാരത്തിന്റെ കേന്ദ്ര സ്ഥലികളിൽനിന്ന് സ്ത്രീകളെ

ആട്ടിയകറ്റാനുള്ള ഉപാധികളും യുക്തികളുംഅനായാസം സൃഷ്ടിച്ചെടുക്കുന്നു. അതുപോലെ മറ്റേതു സ്ഥാപനങ്ങളേക്കാളും സമർത്ഥമായി സ്ത്രീകളുടെ സാമൂഹികപദവി ഇകഴ്ത്തിക്കാട്ടാനുള്ള താത്ത്വികസങ്കല്പനങ്ങൾ സൃഷ്ടിച്ചെടുക്കുന്നതും മതങ്ങളാണ് (ഡോ. ജിസ ജോസ് (2020), സ്ത്രീവാദസൗന്ദര്യശാസ്ത്രം -പ്രയോഗവും പ്രതിനിധാനവും, പു.26).

കുടുംബത്തിലായാലും മതത്തിലായാലും ആണധികാരത്തെ ചോദ്യം ചെയ്ത സ്ത്രീകൾ ചീത്ത സ്ത്രീകളെന്ന് മുദ്ര കുത്തപ്പെട്ടു. ലോകത്തേതെങ്കിലും സത്യക്രിസ്ത്യാനി സ്വന്തം മകൾക്കു ഈ പേരിടുമോ? എന്ന ജോർജ് ജെറോം മരയ്ക്കാരന്റെചോദ്യം കേട്ട അന്നാണ് തന്റെ പേര് എത്ര ദാരുണമാണെന്ന് ജെസബെലിനു തോന്നിയത്. ആദ്യരാത്രിയിൽ ജെറോം അവളുടെ സമ്മതമോ അനിഷ്ടമോ വകവെയ്കാതെ ലിംഗം അവളുടെ വായിലേക്കു തള്ളി ആനന്ദമൂർച്ഛയിൽ അവളോടു പറഞ്ഞു. നിന്റെ പേരിനോട് നീതി കാണിക്കെടാ ... നീതി കാണിക്ക് ... നിന്റെ സാമർത്ഥ്യം ഞാനൊന്നുകാണട്ടെ... അപമാനവും അത്മനിന്ദയുംകൊണ്ട് പിടഞ്ഞ അവൾ ആ നിമിഷങ്ങളെഅതിജീവിക്കാൻ ലിംഗത്തെക്കുറിച്ചും ലൈംഗികോദ്ധാരണത്തെക്കുറിച്ചും ക്ലാസ് മുറിയിൽ പഠിച്ച പാഠങ്ങൾ ഓർത്തെടുക്കാൻ ശ്രമിച്ചു. കോടതിമുറിയിൽ എതിർഭാഗം വക്കീൽ ബൈബിളിലെ അടയാളം വെച്ച ഭാഗം തുറന്ന് ഉറക്കെ വായിച്ചതും ജെസബെൽ രാജ്ഞിയെക്കുറിച്ചായിരുന്നു.അപ്പോൾ ഇഥാ-ബെൽ (കർത്താവിന്റെ സ്ത്രീ)ഇസാബെൽ (ചാണകത്തിന്റെ സ്ത്രീ) ആയതെങ്ങനെയെന്ന് ജെസബെൽ ആശ്ചര്യപ്പെട്ടു. ആത്മാഭിമാനം വ്രണപ്പെട്ട ഓരോ സമ്പർക്കത്തിലും അവൾ ജെസബെൽരാജ്ഞിയുമായി താദാത്മ്യം പ്രാപിച്ചു. ജെസബെൽ അവൾക്കായി ഒരു പുതിയ നിയമമെഴുതി. മനസ്സിലിരുന്നു വീർപ്പുമുട്ടിയ ചോദ്യങ്ങൾക്കെല്ലാം റബ്ബിയായ ജെസബെൽ ഉത്തരം നല്കി. മധ്യകേരളത്തിലെ ക്രൈസ്തവകുടുംബത്തിലാണ് ജെസബെലിന്റെ ജനനം.

മതത്തിന് അവരുടെ ജീവിതത്തിൽ വലിയ സ്വാധീനമാണുള്ളത്. സ്ത്രീയുടെ സ്ഥാനംപുരുഷനു താഴെയാണെന്ന് നിരന്തരം ഓർമിപ്പിക്കുന്ന

ഒരു സാമൂഹികസംവിധാനത്തിലാണ് ജെസബെൽ വളർന്നു വന്നത്. കുട്ടിക്കാലത്തു തന്നെ അവളുടെ അമ്മച്ചി ബൈബിളിലെ സുഭാഷിതങ്ങൾ അവളെ പഠിപ്പിച്ചിരുന്നു. പുസ്തകത്തിന്റെ ഉദ്ദേശ്യംമുതൽ ഉത്തമയായ ഭാര്യ വരെ അവൾ തെറ്റാതെ ഉരുവിട്ടിരുന്നു. ഭർത്താവിന്റെ പെരുമാറ്റത്തിൽ മനംനൊന്ത് ആകെ തളർന്നും വ്യസനിച്ചും സ്വന്തം വീട്ടിൽ വന്നു കയറിയപ്പോൾ അവളുടെ അമ്മച്ചി അവൾ കേൾക്കാനായി ഉറച്ചു വായിച്ചു. ഭാര്യമാരേ നിങ്ങൾ കർത്താവിന് എന്നപോലെ ഭർത്താക്കൻമാർക്കു വിധേയരായിരിക്കുവിൻ. എന്തെന്നാൽ ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്. ക്രിസ്തു തന്നെയാണ് ശരീരത്തിന്റെ രക്ഷകനും. സഭ ക്രിസ്തുവിനു വിധേയമായിരിക്കുന്നതു പോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കൻമാർക്കു വിധേയരായിരിക്കണം. മതഗ്രന്ഥങ്ങളും മതപഠനവുമൊക്കെ പുരുഷകോയ്മയുടെ അടയാളങ്ങളും അടയാളപ്പെടുത്തലുകളുമാണ്. കുടുംബകോടതിയിൽവെച്ച് എതിർ ഭാഗം വക്കീൽ അവളോട് ഇഷ്ടമില്ലാത്ത മനുഷ്യനോടൊപ്പം രണ്ടരവർഷം എന്തിനു ജീവിച്ചുവെന്നു ചോദിക്കുന്നുണ്ട്. അപ്പോൾ അവൾക്കതിന് ഉത്തരം കിട്ടുകയും ചെയ്തു. വായിച്ച പുസ്തകങ്ങളിലും കണ്ട സിനിമകളിലുമെല്ലാം ഉത്തമ ഭാര്യമാർ ഭർത്താക്കൻമാർ നല്ലവരാകുന്നതുവരെ കാത്തിരിക്കാൻ തയ്യാറായിരുന്നു.എല്ലാം ക്ഷമിക്കുകയും സഹിക്കുകയും കാത്തിരിക്കുകയും ചെയ്യാനാണ് പള്ളിയിലും പള്ളിക്കൂടത്തിലുമെല്ലാം അവളെ പഠിപ്പിച്ചത്. എല്ലാവരും മിടക്കവും ആശയടക്കവും ആവശ്യപ്പെട്ടു. സ്ത്രീയുടെ അസ്തിത്വത്തെ നിഷേധിക്കാനും അവളെ രണ്ടാംകിട പൗരത്വത്തിലേക്കു തള്ളിവിടാനും സ്ത്രീയുടെ കീഴായ്മ പദവി സ്ഥാപനവത്ക്കരിക്കാനുള്ള ശ്രമങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്.പുരുഷ നിർമ്മിതമായ സദാചാരമൂല്യസംഹിതകൾക്കും സ്ത്രൈണ സങ്കല്പങ്ങൾക്കുമിണങ്ങുന്നവളായി സ്ത്രീയെ മെരുക്കിയെടുക്കുന്നതിൽ മത സ്ഥാപനങ്ങൾ പ്രധാന പങ്കുവഹിച്ചു. സ്ത്രീയുടെ സ്ഥാനം പുരുഷനേക്കാൾ താഴെയാണെന്നും സ്ത്രീ സൃഷ്ടിക്കപ്പെട്ടത് പുരുഷനുവേണ്ടിയാണെന്നും ബൈബിളിലെ പഴയ നിയമവും പുതിയ

നിയമവും ഉദ്ബോധിപ്പിക്കുന്നു.അതാണു ശരിയെന്ന് സ്ത്രീകളെ വിശ്വസിപ്പിക്കുന്നിടത്താണ് ആണ്കോയ്മയും മതസ്ഥാപനങ്ങളും ജയിക്കുന്നത്. അനുസരണയും വിധേയത്വവുമാണ് സ്ത്രീയ്ക്കുണ്ടാകേണ്ടത് എന്ന പാഠമാണ് ഓരോ സ്ത്രീയ്ക്കും ലഭിയ്ക്കുന്നത്.

And the oak tree and the Cypress grows not in each other's shadow..... എന്ന ഖലീൽ ജിബ്രാന്റെ വരികളായിരുന്നു. വിവാഹത്തെക്കുറിച്ചോർക്കുമ്പോൾ ജെസബെലിന്റെ മനസ്സിൽ. രണ്ടുപേർക്കും ചില്ലകൾ വിടർത്താനുള്ള ഇടം പരസ്പരം അനുവദിക്കുന്ന ഓക്കുമരത്തെയും സൈപ്രസ്‌വൃക്ഷത്തെയും സങ്കല്പിച്ച് അവൾ ആഹ്ലാദിച്ചിരുന്നു. പക്ഷേ നിവർന്നു നില്ക്കാനുള്ള ഇടംപോലും അവൾക്കു കിട്ടിയില്ല. ദാമ്പത്യത്തിൽ അവൾ ഒരു കൂട്ടുകാരനെയും കാമുകനെയും ആഗ്രഹിച്ചു. പകരം ഒരു യജമാനനും യജമാനനുമേൽ മറ്റൊരു യജമാനനും അനുവദിക്കപ്പെട്ടു. ഭർത്താവിനേക്കാളേറെ ജെസബെലിനെ മാനസികമായി പീഡിപ്പിച്ചത് അമ്മായിയപ്പനാണ്. ജെറോമിന്റെ നഗരത്തിലേക്കുള്ള ആദ്യയാത്ര രാജ്യത്ത് ആദ്യ വനിതാ രാഷ്ട്രപതി സത്യപ്രതിജ്ഞചെയ്ത ദിവസമായിരുന്നു. കുടുംബത്തിലായാലും സമൂഹത്തിലായാലും അധികാരം കയ്യാളുന്നത് പുരുഷനാണ്. സ്തീകൾ ഉന്നതാധികാര സ്ഥാനങ്ങളിലെത്തിയിട്ടും ഇന്ത്യയിലെ സ്ത്രീകളുടെ നില മെച്ചപ്പെട്ടിട്ടില്ലെന്നും സാമൂഹികസാംസ്കാരിക വേദികളിലോ അധികാരശ്രേണികളിലോ സ്ത്രീകൾക്കു അർഹമായ പ്രാതിനിധ്യം കിട്ടിയിട്ടില്ലെന്നുമുള്ള യാഥാർത്ഥ്യത്തിലേക്കാണ് നോവലിസ്റ്റ് വിരൽ ചൂണ്ടുന്നത്. അധികാരത്തിലെത്തുന്ന സ്ത്രീകൾ ആൺകോയ്മയുടെ ഗുണഭോക്താക്കളും ആസ്വാദകരുമായി മാറുന്ന കാഴ്ചയാണ് പലപ്പോഴും നാം കാണുന്നത്. കുടുംബത്തിലായാലും പുറത്തായാലും ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന സ്ത്രീകളെ നിശ്ശബ്ദരാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. നിലനില്ക്കുന്ന കുടുംബവ്യവസ്ഥ പുരുഷകേന്ദ്രീതമാണ്. ജോർജ് ജെറോം മരയ്ക്കാരൻ ജെസബെലിനോടു പറയുന്നു. ഇവിടെ സഭേടെ നാഥൻ കർത്താവും കുടുംബത്തിന്റെ നാഥൻ ഭർത്താവുമാ, കെട്ടിക്കഴിഞ്ഞ പെണ്ണിന് സ്വന്തമായി പണവുംസ്വത്തുമൊന്നുമില്ല.

കെട്ടുന്നേനു മുമ്പ് അത് അപ്പന്റെയാ. കെട്ടിക്കഴിഞ്ഞാൽ കെട്ടിയോന്റെയും. ശമ്പളം കിട്ടിയാൽ കാശ് ജെറോമിനെ ഏല്പിയ്ക്കണം. വേണ്ടത് അവൻ തരും.

അതാ ഈ വീട്ടിലെ നിയമം. ഇന്ന് സ്ത്രീകൾ വീടിനു പുറത്ത് ജോലിക്കു പോകുന്നുണ്ട്.അപ്പോഴും ദൈനംദിനച്ചെലവുകൾക്കുപോലും പല സ്ത്രീകൾക്കും ഭർത്താവിന്റെ മുമ്പിൽ കൈ നീട്ടേണ്ടി വരുന്നു. വീടിനകത്തു ചെയ്യുന്ന ജോലികൾക്കാകട്ടെ വിനിമയ മൂല്യമോ വിപണന മൂല്യമോ ഇല്ല. അതാകട്ടെ സ്ത്രീയുടെ കടമയും കർത്തവ്യവുമായി വ്യവഹരിക്കപ്പെടുന്നു. ജെസബെൽ ഒരു ഡോക്ടറാണ്. ഒരേ സമയം വീടിനകത്തും പുറത്തും ജോലി ചെയ്യേണ്ടി വരുന്നു. വീടിനകത്താണെങ്കിൽ വെയ്ക്കുകയും വിളമ്പുകയും വീടു വൃത്തിയാക്കുകയും തുണിയലക്കുകയുമൊക്കെ പ്രതിഫലമില്ലാതെ ചെയ്യുന്ന ഒരു വേലക്കാരിയുടെ സ്ഥാനമാണ് അവൾക്കു ലഭിക്കുന്നത്. ജെസബെലിന് ഭർത്താവിൽ നിന്നും അമ്മായിയപ്പനിൽ നിന്നും നേരിടേണ്ടി വരുന്ന പീഡനങ്ങൾ അനവധിയാണ്. അമ്മായിയപ്പനും ഭർത്താവും ജെസബെൽ അവരേക്കാൾ എത്രയോ താഴെയാണെന്നു വരുത്തിത്തീർക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു.വാക്കുകളാൽ നിരന്തരം അധിക്ഷേപിക്കപ്പെട്ടു. ജെറോം അപ്പന്റെ അനുസരണയുള്ളമകനായിരുന്നു. ജെസബെൽ ഗർഭ നിരോധനഗുളിക കഴിക്കുന്ന വിവരംപോലും അയാൾഅപ്പനെ അറിയിക്കുന്നുണ്ട്. അതിന്റെ പേരിൽ അയാൾ അവളെ ചോദ്യം ചെയ്യുന്നു.

ജെസബെൽ പ്രവാചക എന്നാണ് അയാൾ അവളെ കളിയാക്കി വിളിക്കുന്നത്.സാനിട്ടറി പാഡ് വാങ്ങുന്നതിനെക്കുറിച്ച് അയാൾ പറയുന്നു :ഞങ്ങളുടെ കുംടുംബത്തിലെ പെണ്ണുങ്ങള് പഴേ തുണിനനച്ചുണക്കിയാ ഉടുക്കുന്നേ. ഈ വീട്ടിൽ വന്നു കേറിയ സ്ഥിതിക്ക് മരുമോളും അതുതന്നെ ചെയ്താൽ മതി. കുടുംബത്തിൽ ഭർത്താവു പറയുന്നതാ നിയമം എന്ന് ജെറോമും അവളോട് പറയുന്നുണ്ട്. എങ്കിൽപ്പിന്നെ എന്തിനാണ് ഭരണഘടന എന്ന ജെസബെലിന്റെ ചോദ്യത്തിന്വീട്ടിനകത്തോന്തോന്നു ഭരണഘടന?!!! എന്ന് അയാൾ ചോദിക്കുന്നത് ആത്മാർത്ഥമായ അമ്പരപ്പോടെയാണ്. കുടുംബത്തിനകത്തെ ആൺകോയ്മയെ ചോദ്യം ചെയ്തനിമിഷം മുതൽ

അവൾ വ്യഭിചാരിണിയെന്നു മുദ്രകുത്തപ്പെട്ടു.ദാമ്പത്യത്തിന്റെയും കുടുംബത്തിന്റെയും ഏകദൈവത്തെ വെല്ലുവിളിക്കുന്ന നിമിഷം മുതൽ ഓരോ സ്ത്രീയും സമരിയായിലെ ജെസബെൽ രാജ്ഞിയായിത്തീരും എന്ന് സ്വന്തം അനുഭവങ്ങൾ ജെസബെലിനെ പഠിപ്പിച്ചു. ജോർജ് ജെറോം മരയ്ക്കാർ ഇസ്രയേലിൽ വരൾച്ചയുാകാൻ ശപിച്ച ഏലിയാ പ്രവാചകനെപ്പോലെയായിരുന്നു. അയാൾ തകർക്കാൻ ശ്രമിച്ചത് ജെസബെലിന്റെ ആത്മവിശ്വാസത്തെയാണ്. വിവാഹമോചനത്തിനായി കോടതി കയറുന്ന സ്ത്രീകൾ നേരിടുന്ന അപമാനംചെറുതല്ല. ഓരോ വിവാഹവും ദൈവം കൂട്ടിച്ചേർത്തതാണെന്ന കാഴ്ചപ്പാടാണ്. ക്രൈസ്തവമതവിശ്വാസികൾക്കുള്ളത്. അതുകൊണ്ടുതന്നെ വിവാഹമോചനത്തെ പ്രോത്സാഹിപ്പിക്കാറില്ല. ഒന്നുകെട്ടിയത് അഴിക്കാൻ ഇതെന്താ പാടാ വക്കീലേ?കെട്ടാൻ ഇതൊന്നും വേണ്ടാതാനും അല്ല്യോ? എന്ന് ജെസബെലിന്റെ വല്യമ്മച്ചി ചോദിക്കുന്നുണ്ട്. പരപുരുഷബന്ധമുള്ളവൾ, ഭർത്താവിനെ കൊല്ലാൻ വാടകഗുണ്ട യെചുമതലപ്പെടുത്തിയവൾ, ലഹരിമരുന്നുപയോഗിക്കുന്നവൾ, കോമായിലായ ഭർത്താവിനെ ഉപേക്ഷിച്ചു സ്വന്തം സുഖം തേടിപ്പോയവൾ, നിഷേധി. ആരോപണങ്ങളുടെ ഒരുനീണ്ട പട്ടിക കോടതിമുറിയിൽ അവൾക്കെതിരായി നിരത്തി. വിവാഹം ഒരു കെട്ടുംകെട്ടുപാടും സാമ്പത്തികഇടപാടുമായി മാറിയ ഇക്കാലത്ത് വിവാഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറേണ്ടതുണ്ട്. പൊരുത്തപ്പെടാനാവാത്ത ദാമ്പത്യം വേണ്ടെന്നുവെയ്ക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടാകണം. അവർ സ്വന്തം വീട്ടിലേക്ക്തിരിച്ചു വന്നാൽ ആശ്രയം നല്കാൻ മാതാപിതാക്കളും കുടുംബവും കൂടെയുണ്ടാകണം. ജെസബെലിന്റെ ഭർത്താവ് ജെറോം സ്വവർഗ്ഗാനുരാഗിയായിരുന്നു. സ്വവർഗ്ഗരതി ഈ നോവലിലെ ഒരു പ്രധാന വിഷയമാണ്. സ്വവർഗ്ഗാനുരാഗം പാപവും മ്ലേച്ഛവും പ്രകൃതിവിരുദ്ധവുമാണെന്ന കാഴ്ചപ്പാടുകൾ ഇന്നു മാറിയിട്ടുണ്ട്.

അത് സ്വാഭാവിക ലൈംഗികചോദനയായി ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. നിയമത്തിന്റെ പരിരക്ഷയുമവർക്കുണ്ട്.എങ്കിലും സ്വവർക്ഷാനുരാഗികളോടുള്ള

പൊതുസമൂഹത്തിന്റെ കാഴ്ചപ്പാട്പൂർണമായും മാറിയിട്ടുണ്ടെന്നു പറയാനാവില്ല. സമൂഹത്തിൽ അംഗീകരിക്കപ്പെടാനും തന്റെ ആൺസുഹൃത്തിനോടൊപ്പം ജീവിക്കാനുള്ള ഭൗതികവും സാമ്പത്തികവുമായ അടിത്തറയുണ്ടാക്കുന്നതിനുമാണ് അയാൾ ജെസബെലിനെ വിവാഹം ചെയ്തത്. ഒരു സ്ത്രീയോടൊപ്പം സ്വാഭാവികമായ ദാമ്പത്യജീവിതം നയിക്കാനാവില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു. അയാൾക്ക് അവളൊരു സെക്സ് ടോയി മാത്രമായിരുന്നു. രണ്ടുവർഷത്തെ ദാമ്പത്യത്തിനുശേഷവും ജെസബെൽ കന്യകയായിരുന്നു. അവൾക്ക് അയാളിൽ അഭിലാഷമുായിരുന്നു. ജെറോം ജെസബെലിനോടു പറയുന്നു. ഞങ്ങളുടെകുടുംബത്തിലെ പെണ്ണുങ്ങൾ സെക്സിനെക്കുറിച്ച് സംസാരിക്കാറില്ല. അതു കുടുംബത്തിൽ പിറന്ന പെണ്ണുങ്ങൾക്കു ചേർന്നതല്ല. സ്ത്രീയുടെ ലൈംഗികസ്വഭാവങ്ങളെ രൂപപ്പെടുത്തുന്നതിലും നിയന്ത്രിക്കുന്നതിലും മതത്തിനും സമൂഹത്തിനും പങ്കുണ്ട്. സ്ത്രൈണലൈംഗികത സമൂഹസൃഷ്ടമാണ്. അത് സ്ത്രീയെ താഴ്ത്തിക്കെട്ടുന്നു.അവരെത്തന്നെ അടിമകളാക്കുന്ന നിയമങ്ങളാണ് പെൺകുട്ടികൾ ചെറുപ്പം മുതൽശീലിക്കുന്നത്. സ്വന്തം ശരീരത്തെ അവർ ലജ്ജയോടെ നോക്കിക്കാണുന്നു. സ്വാഭാവികമായ സ്വയം നിർണയനാവകാശം അവർക്കു നഷ്ടപ്പെടുന്നു. അവളുടെ ശക്തി ശൂന്യമാകുന്നു. ഒറ്റപ്പെടുന്നു. (സുകുമാരൻ, വി. (2011), സ്ത്രീ എഴുത്തും വിമോചനവും, പു.70) അധികാരത്തിൽനിന്നു അവർ പല പടവുകൾ ദൂരെയാകും. ജെസബെലിനു കിട്ടിയപരിശീലനവും അത്തരത്തിലുള്ളതായിരുന്നു. പ്രത്യുല്പാദനത്തിനുവേണ്ടിയല്ലാതെയുള്ള സെക്സ് പാപമാണെന്ന കാഴ്ചപ്പാടായിരുന്നു ജെസബെലിന്റെ അമ്മച്ചി സാറയ്ക്കുണ്ടായിരുന്നത്. അവർക്ക് ശരീരത്തെ പേടിയായിരുന്നു. അതിന്റെ ആനന്ദങ്ങളെ അറപ്പായിരുന്നു. പുത്രിയെ പ്രസവിച്ചിട്ടും പുത്രനെ പ്രസവിച്ചിട്ടും ജോൺ സാറയെ അറിഞ്ഞില്ല. സാറ പുരുഷനെയും അറിഞ്ഞില്ല. അമ്മച്ചിയുടെ കഠിനശിക്ഷണത്തിലാണവൾ വളർന്നത്.പുരുഷന്റെ ലാളനയേൽക്കാൻ അവൾക്കു മോഹമുണ്ടായിരുന്നു. ഭർത്താവ് നിരസിച്ചപ്പോൾ സ്വന്തം ശരീരത്തെക്കുറിച്ച് അവൾക്ക് അപകർഷമുണ്ടായി. ശരീരം ഭാരമായി.ഡോ. നന്ദഗോപൻ ലൈംഗികമായി

ചൂഷണം ചെയ്യാൻ ശ്രമിച്ചപ്പോഴും കബീർ മുഹമ്മദ് അവളെ നിരസിച്ചപ്പോഴും അവൾ സ്വന്തം ശരീരത്തെക്കുറിച്ച് ലജ്ജിതയായി. കഠിനമായ ശാരീരിക മാനസിക സമ്മർദ്ദങ്ങളിലൂടെയാണവൾ കടന്നുപോയത്. കാമവും സ്നേഹവും സങ്കടവും വിശപ്പുമൊക്കെ സ്വാഭാവികമാണെന്നും അതിൽ ലജ്ജിക്കേതില്ലെന്നും തിരിച്ചറിഞ്ഞപ്പോൾ കുറ്റബോധത്തിൽനിന്നും മാനസികസംഘർഷത്തിൽനിന്നും പുറത്തേക്കുവരാൻ അവൾക്കു സാധിച്ചു. സ്ത്രീ ലൈംഗികതയെക്കുറിച്ചു സംസാരിച്ചുതുടങ്ങുമ്പോൾ അഴിഞ്ഞു വീഴുന്നത് സമൂഹ(പുരുഷ) നിർമിതമായ മാന്യതാസദാചാരസങ്കല്പങ്ങളാണ്. സ്ത്രീക്ക് സ്വന്തം ശരീരത്തിനുമേൽ സ്വയം നിർണായാധികാരംകൈവരിക്കാനാകുമ്പോൾ അവൾ കരുത്തയാകും. അതു നിലനില്ക്കുന്ന സാമൂഹികഘടനയുടെ അടിത്തറയിളക്കും. അതുകൊണ്ടാണ് ലൈംഗികതയെക്കുറിച്ച് സംസാരിക്കുന്ന സ്ത്രീകളെ ചീത്ത സ്ത്രീകളെന്നും വ്യഭിചാരിണികളെന്നും മുദ്ര കുത്തി നിശ്ശബ്ദരാക്കുന്നത്. കോടതിമുറിയിൽ ജെസബെലിന്റെ ആത്മാഭിമാനം വ്രണപ്പെടുത്തുന്ന സംഭവങ്ങൾ അരങ്ങേറി. കുറ്റപ്പെടുത്തലുകൾ, ആരോപണങ്ങൾ, ശാപവാക്കുകൾ, അർത്ഥഗർഭമായ അടക്കിപ്പിടിച്ച ചിരി. അവളുടെ മുറിവുകളെക്കുറിച്ച് ആരും അന്വേഷിച്ചില്ല. ക്രൂരപീഡാനുഭവങ്ങൾ മറികടക്കാൻ സ്വയം ക്രിസ്തുവായി സങ്കല്പിച്ചാൽ മതി. ഓരോ തവണ ആത്മാവു കൊല്ലപ്പെടുമ്പോഴും മൂന്നാം ദിവസം ഉയിർന്നെഴുന്നേല്ക്കുമെന്നും പിന്നെ വേദനയില്ലെന്നും തിരിച്ചറിയുക. ഇങ്ങനെയുള്ള ചില വെളിപാടുകളാണ്തന്റെ പീഡാനുഭവങ്ങളെ അതിജീവിക്കാൻ ജെസബെലിനു കരുത്തു നല്കിയത്. ഓരോ ദുരനുഭവങ്ങളും അവൾക്കു കുരിശുമരണമായിരുന്നു. ഓരോ അനുഭവങ്ങൾക്കുശേഷവും ശരീരവും ആത്മാവും ഉയിർത്തെഴുന്നേല്ക്കുന്നത് അവൾ അറിഞ്ഞു. തന്റെ അനുഭവങ്ങൾ തന്റേതു മാത്രമല്ല. തനിക്കു ചുറ്റമുള്ള സ്ത്രീകളുടേതു കൂടിയാണെന്നും ശരീരമാകുന്ന കുരിശും പേറി ഗോൽഗോഥയിലേയ്ക്കുള്ള യാത്രയാണ് ഓരോ സ്ത്രീയുടെയും ജീവിതമെന്നും അനുഭവങ്ങൾ ജെസബെലിനെ പഠിപ്പിച്ചു. അവളുടെ ഉള്ളിലെ പോരാട്ടവീര്യത്തെ ഉണർത്തിയത് വല്ല്യമ്മച്ചിയാണ്. ഒച്ച വെയ്ക്കാതെയും യുദ്ധം ചെയ്യാം. ആരുമറിയാതെ

യുദ്ധം ജയിയ്ക്കുകയും ചെയ്യാം. നമ്മളെ തന്നെ സ്നേഹിച്ചാൽ മതി. എന്നവളെ പഠിപ്പിച്ചത് അമ്മായിയമ്മ ലില്ലി ജോർജ് മരയ്ക്കാരനുമായിരുന്നു. ജീവിതം അവൾക്ക് പോരാട്ടമായി മാറുകയായിരുന്നു. ഭർത്താവില്ലാതെയും ഒരു സ്ത്രീയ്ക്കു സമൂഹത്തിൽ അന്തസ്സോടെ ജീവിക്കാനാകുമെന്ന് ലോകത്തെ ബോധ്യപ്പെടുത്തേണ്ടതായിരുന്നു. ഓടിയാൽ ജീവിതം മുഴുവൻ ഓടിക്കൊണ്ടേയിരിക്കണമെന്ന തിരിച്ചറിവ് പ്രതിസന്ധികളെ അതിജീവിക്കാനുള്ള കരുത്തു പകർന്നു. മുടി മുറിച്ചതിന്റെ പേരിലും ജീൻസിട്ടതിന്റെ പേരിലും അവൾ അവഹേളിക്കപ്പെട്ടു. അതേ റീ- എക്സാമിനു വരുമ്പം കുറച്ചുകൂടി ഡീസന്റായിട്ടു വരണം കേട്ടോ ഈ ജീൻസും ഷർട്ടും വേണ്ട. കേസ് ഒക്കെ കഴിഞ്ഞിട്ടു മുടി മുറിച്ചാൽ മതിയായിരുന്നു, ജഡ്ജിയുടെ ഇംപ്രഷൻ വളരെ പ്രധാനമാ എന്ന് വക്കീൽ ജെസബെലിനോടു പറയുന്നുണ്ട്.കേരളത്തിലെ സ്ത്രീകളുടെ വസ്ത്രധാരണനിയന്ത്രണങ്ങളിൽ ജാത്യാധികാരത്തിന്റെയും പുരുഷാധികാരത്തിന്റെയും കൈകളുണ്ടായിരുന്നു. ഈ നൂറ്റാണ്ടിലും കേരളത്തിലെ സ്ത്രീകൾ ധരിക്കേണ്ടിവരുന്നത് പരമ്പരാഗത പുരുഷാധികാരം സൃഷ്ടിച്ച മാന്യസ്ത്രീസങ്കല്പത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട വസ്ത്രധാരണരീതികളാണ് (സി.എസ്.ചന്ദ്രിക,(2016), കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ,പു.35) ഉത്തരാധുനിക കാലത്തും സ്ത്രീകളുടെ വസ്ത്രധാരണത്തെ അതിന്റെ പരമ്പരാഗതസ്വഭാവങ്ങളിൽ തുടർന്നുകൊണ്ടുപോകാൻ പുരുഷാധികാര നിർമ്മിതമനോഭാവങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ജീൻസു ധരിക്കുന്നത് അനഭിലഷണീയമാകുന്നത്. സാരിയും മുണ്ടും നേര്യതുമെല്ലാം ധരിക്കുന്ന സ്ത്രീകൾബഹുമാനിതരാകുന്നത്. ജെറോമിന്റെ മരിച്ചടക്കു കഴിഞ്ഞ ദിവസമാണ് ജെസബെലിന്റെ വിവാഹമോചന ഹർജി തള്ളിയ കോടതിവിധി വരുന്നത്. കോമായിലായ ഭർത്താവിനെ ശുശ്രൂഷിക്കാനായി ജിവിതം ഉഴിഞ്ഞുവെയ്ക്കാൻ ജെസബെലിനെ വീട്ടുകാരും നാട്ടുകാരും നിർബന്ധിക്കുന്നു. അതേ സമൂഹം തന്നെയാണ് ഭാര്യ കോമായിലായപ്പോൾ ബാലഗോപാലിനെ പുനർവിവാഹത്തിനു പ്രേരിപ്പിക്കുന്നത്. സ്ത്രീയ്ക്കും പുരുഷനും രണ്ടുനീതി. രണ്ട് അളവു

പാത്രങ്ങൾ.ജെസബെൽ ഒരു സാധാരണ പെൺകുട്ടിയായിരുന്നു. സഹജീവിസ്നേഹവും കാരുണ്യവും കൊണ്ടുമെനഞ്ഞെടുത്തവൾ. അതായിരുന്നു അവളുടെ ശക്തിയും വിശുദ്ധിയും. തന്നെ ദ്രേഹിച്ചവരെപോലും കാരുണ്യത്തോടെ ശുശ്രൂഷിക്കാൻഅവൾക്കു കഴിയുന്നു. ജീവിതത്തിൽ സത്യസന്ധത പുലർത്തുന്നു. കുടുംബിനിയാകാനും അമ്മയാകാനും താല്പര്യമുണ്ടന്നു കോടതിയിൽ പറയണമെന്ന വക്കീലിന്റെ ഉപദേശം അവഗണിച്ച് എനിക്കു സ്വാതന്ത്യം വേണം. എന്നാണവൾ പറഞ്ഞത്. ഒരുവളെ തടയാൻ അവൾക്കു മാത്രമേ കഴിയൂ. എന്നു മനസ്സിലായപ്പോൾ അവൾ കുലസ്ത്രീനാട്യങ്ങൾ വലിച്ചെറിഞ്ഞു. പുതിയ ജെസബെൽ പഴയ ജെസബെലിനെ താഴേക്കു വലിച്ചെറിഞ്ഞു. അങ്ങനെ അവൾ സൂര്യനെ അണിഞ്ഞു കഴിഞ്ഞ സ്ത്രീയായി. ഓരോ സ്ത്രീക്കും ജീവിതം പോരാട്ടമാണ്. പോരാട്ടവഴികളിൽ തളർന്നു പോകരുതെന്ന പാഠമാണ് ജെസബെലിന്റെ കഥയിലൂടെ നോവലിസ്റ്റ് നൽകുന്നത്.

# എരി യുടെ നാനാർത്ഥങ്ങൾ

അൽഫോൻസാ ഫ്രാൻസീസ്
ഗവേഷക, കാര്യവട്ടം

'എരി എന്തൊരു മറിമായമാണ് കാണിച്ചത്. അഭ്യാസം കൊണ്ടും വിദ്യ കൊണ്ടും എരിയോട് നേരേ നില്ക്കാൻ ഈ കുറുമ്പ്രനാട്ടിൽ ഒരു നായനും തിയ്യനുമില്ല. പറയനും പുലയനും അഭ്യാസിയായിരിക്കുകയും കോയ്മയോട് പകരം ചോദിക്കാൻ വരികയും ചെയ്തിരിക്കുന്നു. അതൊരു അശുഭസൂചനയാണ്. മന്ത്രതന്ത്രങ്ങൾക്കൊണ്ട് ഇനി വിധേയരാക്കാൻ അനുവദിക്കില്ല എന്ന ആത്മബോധം പുലയനും പറയനും നേടുന്നത് ഒരു അശുഭലക്ഷണമായി കോയ്മക്കാർ കരുതി.'

ചരിത്രം ഐതിഹ്യങ്ങളുടെയും കെട്ടുകഥകളുടെയും കോട്ടകൾ തകർത്ത് സ്വന്തം കാലത്തോട് സംവദിക്കാനാരംഭിക്കുമ്പോഴാണ് അധികാരകേന്ദ്രങ്ങളുടെ അകത്തളങ്ങളിൽ അസ്വസ്ഥതയുടെ ഇടിവെട്ടുകൾ മുഴങ്ങുന്നത്.(കെ.ഇ.എൻ:2012,43) മുഖ്യധാരാ ചരിത്രങ്ങളായി അംഗീകരിക്കപ്പെട്ട വരേണ്യ ആഖ്യാനങ്ങൾക്ക്, വ്യവസ്ഥാപിത ചരിത്രത്തിന്, തീ കൊടുത്ത് അവയെ ഉരുക്കഴിച്ചെടുത്താണ് ചരിത്രമില്ലാത്തവരുടെ ചരിത്രം സൃഷ്ടിക്കാൻ കീഴാള ജ്ഞാനപാരമ്പര്യം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പറയൻ എരിയുടെ പറച്ചിലുകളിലും ചെയ്തികളിലും ഇത്തരം ഒരു തീ എരിഞ്ഞുകൊണ്ടിരുന്നു. 'എന്തായിരുന്നു എരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആത്മബോധത്തിന്റെ സ്വഭാവം? അതെങ്ങനെ മനസ്സിലാക്കും? കർക്കടക മഴയിൽ കവിഞ്ഞൊഴുകുന്ന പുഴ നീന്തിക്കടക്കാൻ മാത്രം എന്ത് തീയാണ് എരിയിൽ എരിഞ്ഞുകൊണ്ടിരിക്കുന്നത്?'

അയ്യങ്കാളിക്കും ശ്രീനാരായണ ഗുരുവിനും മുൻപേ എത്തിയ, ചരിത്രത്തിൽ ഇടം കിട്ടാതെ പോയ, എരി എന്ന അദൃശ്യനായ, അത്ഭുത മനുഷ്യനെ അന്വേഷിച്ചുള്ള ഒരു ഗവേഷകന്റെ യാത്രകളുടെ വിവരണമാണ് ഡോ. പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി എന്ന നോവൽ. ചരിത്രത്തിലൂടെയുള്ള യാത്ര. ചരിത്രത്തിലേക്കുള്ള യാത്ര. ഭൂതത്തിലേക്കുള്ള യാത്ര. അന്വേഷണാത്മക യാത്ര. പറയന്റെ പറയപ്പെടാത്ത ചരിത്രത്തിലേക്ക്. എരിയുടെ സാഹസജീവിതം മരണത്തോടെ ഒരു ഓർമ്മയായി, കേട്ടുകേൾവിയായി, മൊഴികൾ മാത്രമായി അവശേഷിച്ചു. - ഇത്തരം അവശേഷിപ്പുകളെ, ഓർമ്മയുടെ ആഖ്യാനങ്ങളെ അത്രകണ്ട് പരിചരിക്കാതെയാണ് നാളിതുവരെയുള്ള ചരിത്രങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ ചരിത്രരചനായുക്തി വാങ്മയ രൂപങ്ങളെ ഉപാദാനങ്ങളായി ഉപയോഗപ്പെടുത്താൻ വേണ്ടത്ര ശ്രമം നടത്തുന്നുമില്ല. അവയെ സംസ്കാരത്തിന്റെ മുതൽക്കൂട്ടുകളായി പരിഗണിക്കേണ്ടതുണ്ട് എന്ന ചില നോട്ടങ്ങൾ ഇന്ന് രൂപപ്പെടുന്നുണ്ട്. ചരിത്രരചനയുടെ ഉപാദാനങ്ങളെക്കുറിച്ച് എരിയിലെ ഗവേഷകനും ചില സന്ദേഹങ്ങളുണ്ട്. ഓർമ്മകൾ ഗവേഷണത്തിനുപയോഗിക്കാമോ? ബോധാബോധങ്ങളിലൂടെയുള്ള കാലസഞ്ചാരങ്ങളെ എനിക്കെങ്ങനെ വിശ്വാസപ്രമാണമായി സ്വീകരിക്കാൻ കഴിയും. ഏതു രീതിശാസ്ത്രം കൊണ്ട് അവയെ ഗവേഷണത്തിന്റെ ഫ്രെയിമിൽ ഉൾപ്പെടുത്തും. മനസ്സിന്റെ ചരിത്രം ഇനിയും എഴുതപ്പെടേണ്ടതാണെന്ന് എനിക്കു തോന്നി.

സ്ഥാപനവൽക്കരിക്കപ്പെട്ട അധികാര വ്യവസ്ഥകളുടെയും ക്രമങ്ങളുടെയും രേഖീയമായ തുടർച്ചയെ അവതരിപ്പിക്കുക, അതിനായി സംഭവങ്ങളെ ക്രമീകൃതമാക്കി ഇണക്കിച്ചേർക്കുക എന്നതാണ് കേരള ചരിത്രത്തിന്റെ വ്യവസ്ഥാപിതമായ ചരിത്രാഖ്യാനശൈലി. ചരിത്രം ആരുടേതാണ്? ആരാണ് അതിന്റെ ഉടമ? - രാജാക്കന്മാരും നാടുവാഴികളും സവർണ്ണരും സമ്പന്നരും. ഇവർ തമ്മിലുള്ള ഉഭയ വിനിമയങ്ങൾ ആണ് ചരിത്രത്തിന്റെ കഥാതന്തു. സമൂഹത്തിൽ നിർവ്വാഹകത്വം ഉള്ളവർ. ആദർശശാലികൾ. വിജയിച്ചവർ. ഇവർ സംസ്കാരത്തിന്റെ ഉറവുകളായി വാഴ്ത്തപ്പെടുന്നു. ദലിതുകളും ആദിവാസികളും

അരികുവത്ക്കരിക്കപ്പെട്ടവരും സംസ്കാരം ഇല്ലാത്തവരാണ്. അവരുടെ ചരിത്രം പറഞ്ഞുകൂടാ. എഴുതിക്കൂടാ.

മലബാറിന്റെ, കുറുമ്പ്രനാടിന്റെ സാംസ്കാരിക ഭൂമിശാസ്ത്രത്തെ ആണ് എരി എന്ന നോവൽ ആഖ്യാനം ചെയ്യുന്നത്. അതിനായി ഇതിലെ ആഖ്യാതാവ് സ്വീകരിച്ച വേഷമാകട്ടെ ഗവേഷകന്റേതും. പറയൻ എരി ഒരു അത്ഭുതം തന്നെയായിരുന്നു എന്നതാണ് നോവലിലെ ആദ്യവാചകം. അതായിരുന്നു ആദ്യ അറിവ്. ആ അത്ഭുതങ്ങളെക്കുറിച്ചറിയാനും അവയെ അടയാളപ്പെടുത്താനുമായിരുന്നു ഗവേഷകന്റെ പരിശ്രമം.

അന്വേഷണങ്ങളവസാനിപ്പിച്ച് എഴുത്ത് ആരംഭിക്കുമ്പോഴേക്കും നോവൽ അവസാനിക്കുന്നു. 29 അധ്യായങ്ങൾ പിന്നിടുമ്പോഴും ചോദ്യങ്ങൾ അവസാനിക്കാതെ അവയെ വിശദീകരിക്കാൻ തുടങ്ങി. അവിടെ നോവലിസ്റ്റ് എഴുതിത്തുടങ്ങുകയായിരുന്നു. ജാതിരഹിത പൊതു സമൂഹം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി, അങ്ങേയറ്റം ജാതീയമായ അടിമത്തം അനുഭവിച്ച ഒരു ജനവിഭാഗത്തിൽ നിന്നും ആത്മാഭിമാനത്തോടെ ഉയർന്നുവന്ന കഥാപാത്രമാണ് എരി. വടക്കൻ കേരളത്തിലെ പഴയ കുറുമ്പ്രനാട് താലൂക്കിലെ പറയനാർപുരം എന്ന സാങ്കൽപ്പിക ദേശം ആണ് എരിയുടെ നാട്. ഐതിഹാസികമായ എരിയുടെ ജീവിതം ഐതിഹ്യങ്ങളിലൂടെയും ഓർമ്മകളിലൂടെയും വാമൊഴിയിലൂടെയും പുസ്തകങ്ങളിലൂടെയും മറ്റു രേഖകളിലൂടെയും ഒരു കീഴാള ഭാഷാഗവേഷകൻ പുനഃസൃഷ്ടിക്കാൻ ശ്രമിക്കുന്നതിന്റെ ബഹുസ്വരാത്മകാഖ്യാനമാണ് ഈ നോവൽ. (ആമുഖത്തിൽ നിന്ന്)

കേരളത്തിന്റെ സാംസ്കാരിക ഭൂമികയിൽ അസ്പൃശ്യരെന്നു മുദ്രകുത്തി മാറ്റിനിർത്തപ്പെട്ട പറയസമുദായത്തെ പ്രതിനിധീകരിക്കുന്ന ഒരു അത്ഭുത പ്രതിഭാസമാണ് എരി എന്ന മനുഷ്യൻ. എരിയുടെ സ്വത്വങ്ങൾ പലതാണ്. എരിയുടെ കർതൃത്വങ്ങളെ ഒറ്റ വായന കൊണ്ട് ചിട്ടപ്പെടുത്താനോ എണ്ണിയെടുക്കാനോ എളുപ്പമല്ല. എരി- പറയനാണ്, മിശ്രജാതിയാണ്, മാന്ത്രികനാണ്, അറിവുള്ളവനാണ്, പാണ്ഡിത്യമുള്ളവനാണ്, ആയോധനകലകളും മന്ത്ര തന്ത്രങ്ങളും അറിയുന്നവനാണ്, ഒടി വിദ്യകൾ മാത്രമല്ല ഓടി മറ

യാനും അറിയുന്നവനാണ്, നവോത്ഥാനനായകനാണ്, പ്രഭാഷകനാണ്. ഒടുവിൽ ഒരു ദൈവികപരിവേഷം പോലും എരിക്ക് കൈവരുന്നുണ്ട്.

എരിയുന്ന ജീവിതമെന്റെ ദൈവേ
എരിയാതെ നിർത്തണമെന്നുമെന്നും
എരിയെന്നിൽ വാഴുന്ന നേരത്തോളം
എരിയുന്നുണ്ടെന്നിൽ എന്റെ ദൈവം.

നോവലിൽ നിന്നും കണ്ടെടുക്കാൻ കഴിയുന്ന ഒട്ടേറെ കർതൃത്വങ്ങൾ ഇനിയുമുണ്ട്. നോവലിന്റെ ശീർഷകം തന്നെ നോക്കുക. അതൊരു തിരഞ്ഞെടുപ്പായിരുന്നു. ചരിത്രപ്രവാഹത്തിൽ അരഞ്ഞുപോകാൻ മാത്രം വിധിക്കപ്പെട്ടവന്റെ നിർമ്മിതിയായിരുന്നു എരി .- അരികുജീവിതങ്ങളുടെ നാഥനും നായകകഥാപാത്രവുമായ എരി എന്ന മനുഷ്യനെപ്പോലെ എരി എന്ന വാക്കും പേരും എരി എന്ന അനുഭവും നൽകുന്ന അർത്ഥങ്ങൾ പലതാണ്. എരി- എരിവ് -എരുവ്. എരി എന്ന വാക്ക് എരിയുക എന്ന ക്രിയയെകൂടി ഉൾക്കൊള്ളുന്നുണ്ട്. അതിന്റെ ആദ്യ അനുഭവം രസം ആയിരിക്കാം. രുചിയനുഭവം തന്നെ. നോവലിന്റെ ആരംഭത്തിൽ കൽപ്പറ്റ നാരായണൻ എഴുതി ചേർത്തതു പോലെ മധുരം ഒരു അയഥാർത്ഥ മേലാള രുചിയാണെങ്കിൽ എരിവ് ഒരു യഥാർത്ഥ കീഴാള രുചിയാണ്. തീയെരിയുന്നതുപോലെ. വിളക്കെരിയുന്നതുപോലെ. രുചിയിൽ എരിവെരിയുന്നു. ഒപ്പം ഈ എരിയോലയും. എരി- എന്നാൽ തീയ്, മുളകിന്റെ രസം, ഉഷ്ണം, കത്തൽ, കോപം എന്നിങ്ങനെയാണ് ശബ്ദതാരാവലി നൽകുന്ന അർത്ഥങ്ങൾ. എരിഞ്ഞു കത്തുക - എരിഞ്ഞടങ്ങുക എന്നിവ എരിയുടെ സാധ്യതകളാണ്. എരിയിലെ വൈരുദ്ധ്യവും ഇതുതന്നെ. യാഥാർത്ഥ്യത്തിന്റെ വിരുദ്ധപ്രകൃതങ്ങൾ. പറയൻ എരി അഗ്നി ആയപ്പോൾ പറയകുലം ആർക്കോവേണ്ടി എരിഞ്ഞുതീർന്ന ചൂട്ടുകറ്റപോലെ വലിച്ചെറിയപ്പെട്ടു. അവർ ചരിത്രത്തിൽനിന്നും ആട്ടിയകറ്റപ്പെട്ടു. കീടജന്മങ്ങളെന്ന് മുദ്രകുത്തപ്പെട്ടു. എരിയിലുടനീളം ഈ വിരുദ്ധോക്തിയുണ്ട്. എരി കേവലം ഒരു വാക്കല്ല. അത് നിരന്തരം അർത്ഥങ്ങളെ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു. എരി എന്ന പേരും അങ്ങനെ തന്നെ. അതുകൊണ്ടാവണം ആഖ്യാതാവ് എരിഞ്ഞടങ്ങിപ്പോഴേക്കും

വ്യാഖ്യാനങ്ങളും വായനകളും എരിഞ്ഞു കത്തുന്നതും എഴുതിത്തുടങ്ങുന്നതും. എരി– ഒരു രുചിയനുഭവമായി മാറുന്നു. ഈ രുചി (എരി) ഇതിനോടകം ഏറെ ആഘോഷിക്കപ്പെട്ടിരിക്കുന്നു. നവ മാധ്യമങ്ങളിലും ബദൽ ചിന്തകളിലും.

എരി ആരാണെന്ന് ആർക്കും കൃത്യമായി അറിയില്ല. എന്നാൽ എരിയെക്കുറിച്ച് എല്ലാവർക്കും പല കഥകൾ അറിയാം. അതുപോലെ എരി യുടെ ഭാര്യയും എവിടുത്തുകാരിയെന്ന് ആർക്കുമറിയില്ല. ഈ അജ്ഞാതത്വം സഹിയാഞ്ഞ് ഒരു ദിവസം വല്യമ്പ്രാൻ എരിയോട് ഓളേതാ ജാതി എന്ന് ചോദിച്ചു. മൃഗജാതി അല്ല എന്നായിരുന്നു ഉത്തരം. എരി എല്ലാവരോടുമായി പറഞ്ഞു. നമുക്ക് ആരെയും നമ്മുടെ ജീവിതപങ്കാളി യാക്കാനും ജീവിക്കാനുമുള്ള ശക്തിയും കഴിവും ഉണ്ട്. നമ്മളെല്ലാം മനുഷ്യരാണ്. യേശുമതത്തിലേക്ക് മാർഗ്ഗം കൂടിയതാണ് എന്റെ പെണ്ണ്. അവൾ തീയ്യജാതി ആയിരുന്നു. ഇനി അവൾക്ക് ക്രിസ്തുമതം ഇല്ല. തിയ്യജാതിയില്ല. അവൾ ഏതു മതം? ഏത് ജാതി? നമ്മൾ ജീവിക്കുന്ന ജാതി. ജാതി എന്നാൽ എന്താണ്? അത് ശാശ്വതമല്ല എന്നല്ല അർത്ഥം. മതം മാറിയതു കൊണ്ടോ ജാതി മാറിയതുകൊണ്ടോ മാറാത്ത എന്തോ നമ്മിലുണ്ട്.- മനുഷ്യൻ. വാക്കും അർത്ഥവും പേരും പ്രയോഗവും മാറുമ്പോഴും മാറ്റമില്ലാതെ നിൽക്കുന്നത് ജാതി മാത്രം. വേഷം മാറിയാലും രൂപം മാറിയാലും ജാതി ഒരു നിഴലുപോലെ അവരെ പിന്തുടരുകയാണ്.

എരി ഒരു നോവലാണ്, ദത്തശേഖരമാണ്, ബദൽചരിത്രമാണ്, ജീവചരിത്രമാണ്, പ്രാദേശികചരിത്രമാണ്, പറയരുടെ ജീവചരിത്രമാണ്, നവോത്ഥാനചരിത്രമാണ്, കുറുമ്പ്രനാടിന്റെ സാംസ്കാരിക ചരിത്രമാണ്. ഇങ്ങനെ എരിയിൽ നാനാർത്ഥങ്ങൾ തെളിയുന്നുണ്ട്. അവിടെ ജാതിയും മതവും കലയും കഥയും പാട്ടും പാരമ്പര്യങ്ങളും ദൈവങ്ങളും കോലങ്ങളും ഇരുട്ടും വെളിച്ചവും ജീവിതവും മരണവും പ്രണയവും ലൈംഗികതയും തിരിച്ചറിവും തിരസ്കാരവും സങ്കീർണതയും സരളതയും ഓർമ്മകളും ഭാവനകളും യാഥാർത്ഥ്യങ്ങളും സങ്കല്പങ്ങളും തമ്പ്രാന്മാരും അടിയാന്മാരും തിരിച്ചറിവും തിരുത്തലുകളും എല്ലാം ഉണ്ട്. ഇതെല്ലാം ചേർന്ന ചെറുതുക ളുടെ ചരിത്രം. അത് പൊളിച്ചെഴുത്തിന്റെ ചരിത്രമാണ്. നവോത്ഥാനത്തിന്റെ

ചരിത്രം വീണ്ടും പഠിക്കാൻ ഞാൻ തീരുമാനിച്ചു.പരാജയപ്പെട്ട മനുഷ്യരുടെ എണ്ണമറ്റ കണ്ണീർത്തുള്ളികളിൽ നിന്നാണ് യഥാർത്ഥ ചരിത്രം തുടങ്ങുന്നതെന്ന് ഞാൻ തിരിച്ചറിയുന്ന നിമിഷമായിരുന്നത്. സ്ഥൂലചരിത്രത്തിലൂടെയല്ല ഞാൻ സഞ്ചരിക്കുന്നതെന്നും മനുഷ്യരുടെ ഓർമ്മകളിലൂടെയും വാമൊഴികളിലൂടെയുമാണ് ഞാൻ നൂറ്റാണ്ടുകൾ പിന്നിടുന്നതെന്നും എനിക്ക് മനസ്സിലായി. -എന്ന് ചരിത്രരചനയുടെ രീതിശാസ്ത്രത്തെ ഗവേഷകൻ സ്വയം തിരിച്ചറിയുന്നുണ്ട്. എരിയിലെ പേരില്ലാത്ത ഗവേഷകൻ എഴുതുന്നതിനോടൊപ്പം തന്നെ പ്രദീപൻ നോവൽ എഴുതുന്നു. എഴുത്തിനെക്കുറിച്ചുള്ള എഴുത്താണ് എരി.

ഓർമ്മകളും കേട്ടുകേഴ്വികളും ഐതിഹ്യങ്ങളും കൊണ്ട് ചരിത്രം സൃഷ്ടിക്കുന്നതിലെ അനീതി എഴുത്തുകാരനെ എപ്പോഴും വിഹ്വലപ്പെടുത്തുന്നുണ്ട്. എങ്കിലും ആദ്യഘട്ടത്തിൽ കേൾവികളിലെ മനോനിലകളിലേക്ക് ചുവടുറപ്പിക്കുകയാണ് ഗവേഷകൻ. എരിയെക്കുറിച്ചുള്ള കഥകളിൽ നിന്ന് ഗവേഷകനെന്ന നിലയിൽ ചരിത്രം കണ്ടെടുക്കുന്നതെങ്ങനെ? അല്ലെങ്കിൽ ഈ കഥകൾ തന്നെയാകുമോ ചരിത്രം? ആകെ ലഭ്യമായിട്ടുള്ള ഒരു രേഖ എരിയെക്കുറിച്ച് തെയ്യോൻ പാടിയ എഴുത്തോല മാത്രമാണ്. എഴുത്തോലക്കെട്ടിൽ നിന്ന് എരിയെ വിമോചിപ്പിച്ചെടുക്കാൻ തന്നെ ഞാൻ തീരുമാനിച്ചത് ഇന്നു മാത്രമാണ്. തെയ്യോൻ പാടിയ എരിയോല. ശാസ്ത്രീയ കാഴ്ചപ്പാട് പുലർത്തുന്ന ആധുനിക ചരിത്രം ഇന്ന് ചോരപുരണ്ട സിംഹാസനങ്ങളിലും പൊടിപുരണ്ട താളിയോലകളിലും വിശ്രമിക്കുന്നില്ല. അത് ഇന്ന് അധികാരശക്തികൾക്കെതിരെ തീയാളുന്ന ചോദ്യങ്ങൾ ഉയർത്തിക്കഴിഞ്ഞിരിക്കുന്നു.(കെ.ഇ.എൻ) പറയനായ എരി ക്കും പുലയനായ വെള്ളനും എഴുതപ്പെട്ട ചരിത്രമില്ല. അവർ എപ്പോഴും ആശ്രിതചരിത്രം മാത്രമുള്ളവരായിരുന്നു. നാട്ടുരാജാക്കന്മാരുടെയും ജന്മിമാരുടെയും അടിമകളും വേലക്കാരും മാത്രം. അവർ വയലിറമ്പുകളിൽ ജീവിച്ചു മരിച്ചുപോയവരായി ചരിത്രം പറഞ്ഞു. തെയ്യോൻ പാടിയ എരിയോല തെയ്യോൻ പറയന്റെ ദാമ്പത്യജീവിതത്തിന്റെ കഥയായിരുന്നു. ആദ്യ വിലാപകാവ്യമായിരുന്നു. ഈ വിലാപത്തിൽ നിന്നാണ് എരിയുടെയും പറയരുടെയും ചരിത്രഗാഥ പിറവിയെടുത്തത്.

"ഒരു കീഴാള ഭാഷാഗവേഷകനെന്ന നിലയിൽ എരിയുടെ ഐതിഹ്യം എന്നിൽ എന്തുതരം ഭാവമാണ് ഉണ്ടാക്കിയതെന്ന് ഞാൻ വിശകലനം ചെയ്യാൻ തുടങ്ങി. എന്റെ അച്ഛന്റെ അച്ഛന്റെ സമകാലികനായിരുന്നുവത്രേ എരി. അച്ഛന്റെ വിവരണങ്ങളിൽ എരി ഒരു ജ്ഞാനിയായിരുന്നു. സമാന്തര മായ ഒരു അവർണ്ണ വിദ്യാപാരമ്പര്യം കുറുമ്പ്രനാട്ടിലുണ്ടായിരുന്നു. അത് പൂർണ്ണമായും നിത്യജീവിതവുമായി ബന്ധപ്പെട്ടതായിരുന്നു. എരിയുടെ കാലം ഞാൻ വീണ്ടും കണക്കുകൂട്ടി നോക്കി. അച്ഛന്റെ അച്ഛനിലേക്ക് നൂറു വർഷം പിറകിലേക്ക് പോകണം. ഒരു ഗവേഷകനെന്ന നിലയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ വടക്കൻ കേരളത്തിന്റെ ചരിത്രത്തിലേക്ക്, പ്രാദേശിക ചരിത്രത്തിന്റെ ഇരുട്ടിൽ ഞാൻ തപ്പിത്തടഞ്ഞുനിന്നു."
നോവലിസ്റ്റ് കാലത്തെ അടയാളപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. നൂറു വർഷം പിന്നിലേക്ക് പോയി എരിയെ കണ്ടെത്തി കാലത്തെ വായിച്ചെടു ക്കുന്നു. അവിടെനിന്നുമാണ് ഗവേഷകനും നവോത്ഥാനത്തിന്റെ ചരിത്രം വായിച്ചുതുടങ്ങുന്നത്. എരി ചരിത്രത്തിന്റെ ഭാഗമാണോ? പറയൻ എരി യുടെ ഭൂത, വർത്തമാന, ഭാവികൾ! എവിടെ നിന്ന്? എവിടേക്ക്? എരി ആധുനികനോ ഉത്തരാധുനികനോ? ചോദ്യങ്ങളിവിടെ അവസാനിക്കു ന്നില്ല. ഇതിൽ ഏതു പരിവേഷമാണ് എരിയ്ക്ക് നൽകുക. ചെറുതുകളെയും അരികുകളെയും അടിമകളെയും അവരുടെ ഒച്ചകളേയും പ്രശ്നവത്ക്കരി ക്കേണ്ടതുണ്ട് എന്ന പര്യാലോചനകൾക്ക് ഏറെ പഴക്കമില്ല. ബദൽചരിത്ര ങ്ങളും പ്രാദേശികചരിത്രങ്ങളും ചരിത്രം കെട്ടാൻ തുടങ്ങിയിട്ടും കാലമേ റെയായില്ല. അവയൊക്കെ എഴുത്താണെന്നും ചരിത്രമാണെന്നുമുള്ള തിരി ച്ചറിവുകളിലേക്ക്, സത്യാനന്തര കാലത്തിന്റെ തുറവുകളിലേക്ക് കേരളസ മൂഹവും എത്തിക്കൊണ്ടിരിക്കുന്നു.

എരി നോവലിൽ പറയപ്പെടാത്ത വംശത്തിന്റെ ചരിത്രം മാത്രമല്ല ഉള്ളത്. അവർ അനുഭവിച്ച വിശപ്പിന്റെ ചരിത്രം കൂടിയുണ്ട്. എരിയുന്ന വയറിന്റെ കഥകൾ. കത്തുന്ന വയറിന്റെ കഥകൾ. കാളിപ്പറയൻ പുളിമര ച്ചോട്ടിലിരുന്ന് പറഞ്ഞ കഥയിൽ നിന്നാണ് ഗവേഷകൻ, പറയന്റെ വിശ പ്പിന്റെ ചരിത്രം അറിഞ്ഞത്. കാമ്പുറത്തെ അടിയോടിയുടെ വീട്ടിലെ പുടമുറിക്കല്യാണത്തിന്റെ സദ്യയുടെ ഇലച്ചോറിനിടയിൽ നിന്നാണ് എന്റെ

അച്ഛൻ എരിയെ കാണുന്നത്. ഇലച്ചോറ് എന്നാൽ അതിഥികൾ കഴിച്ചു ബാക്കിയായ ഇലകൾ. അത് പറയർക്കാണ് കൊണ്ടിടുക. തണുത്ത പപ്പടം എരിക്ക് വലിയ ഇഷ്ടമായിരുന്നുവത്രേ. അവൻ പപ്പടം മാത്രം എടുത്ത് ദൂരെ മരച്ചുവട്ടിൽ പോയിരുന്നു തിന്നും. എരിയുടെ അമ്മ നല്ല ചോറ് പൊതിഞ്ഞു കെട്ടി വീട്ടിൽ കൊണ്ടുപോകും. എരി വീട്ടിൽ നിന്ന് കഴിക്കും. മുറ ത്തിന്റെയും കുട്ടയുടെയും കൂലി ചോറായിരുന്നു. കിട്ടുന്നത് വാങ്ങി പോരും. പിന്നെ പട്ടിണി. എരിയ്ക്ക് പട്ടിണിയെ ഭയമുണ്ടായിരുന്നില്ല. എരിയുന്ന വയറുമായി അവൻ തോട്ടിലിറങ്ങി മീൻ പിടിച്ചും തെങ്ങിൽ കയറി ഇളനീർ കുടിച്ചും വളർന്നു. ഉയർന്ന ജാതിക്കാരുടെ വീട്ടിൽ നിന്ന് ചത്ത പശുവിനെ വലിച്ചുകൊണ്ടുവന്ന് അതിന്റെ തോലു പൊളിച്ച് ഇറച്ചി തിന്നും അവർ വിശ പ്പടക്കിയിരുന്നു. എന്നാൽ, ചത്ത പശുവിന്റെ ഇറച്ചി തിന്നുകയില്ല എന്ന് തീരുമാനിക്കാൻ പറയരെ നിർബന്ധിച്ചതും പ്രേരിപ്പിച്ചതും എരിയാണെന്ന് ഗവേഷകൻ കണ്ടെത്തുന്നുണ്ട്. ജീവനോടെ പിടിക്കുന്ന മൃഗങ്ങളെ മാത്രമേ മൃഗങ്ങൾ പോലും തിന്നൂ എന്ന് എരി അവരെ ബോധ്യപ്പെടുത്തി.

ഇടവത്തിൽ മഴ തുടങ്ങിയാൽ പിന്നെ വയലിലെ കുടിലുകൾ ഉപേക്ഷിച്ച് അവർ കുന്നിൻചെരുവിലെ ബന്ധുവീടുകളിൽ അഭയം തേടും. തോടുകൾ പുഴകളിലേക്കൊഴുകുന്നു. പുലയർ ഞണ്ടും മീനും പിടിച്ച് ഒഴുകിവരുന്ന പൂളക്കിഴങ്ങുകൾ വേവിച്ച് കഴിച്ച് ജീവൻ നിലനിർത്തി. വലിയ വീടുകളിലൊഴിച്ച് മറ്റിടങ്ങളിൽ അടുപ്പ് പുകഞ്ഞില്ല. തട്ടാൻ ഉണ്ണിയുടെ ഭാര്യ ചേമ്പിൻതാളുകൊണ്ട് കറിവെച്ച് ഒലിച്ചുവന്ന പൊട്ട് കായക്കൊല പുഴുങ്ങിക്കഴിച്ചു. കുട്ടൂലി മണ്ണിൽ കുഴിച്ചിട്ടിരുന്ന ചക്കക്കുരു മാന്തിയെടു ത്തു. പറയനാർപുരം കൊടും പട്ടിണിയിലായി. രാത്രി വെട്ടിയും കുത്തിയും പിടിക്കുന്ന മീനുകൾക്കൊണ്ട് ആളുകൾ വിശപ്പടക്കി. പറയക്കുന്നിൽ മിക്ക പ്പോഴും പട്ടിണി തന്നെ. അവർ പുറത്തിറങ്ങാറില്ല. രാത്രി ഒളിച്ചു വന്നു ഞണ്ടും പരലും പിടിക്കും. ചത്ത പശുവിനെ തിന്നുന്നത് എരി വിലക്കിയതിനാൽ കടുത്ത പട്ടിണി നേരിട്ടു. എന്നിട്ടും അവർ വിലക്ക് ലംഘിച്ചില്ല. ചേർമലക്കുന്നിൽ നിന്ന് പറയൻകുന്നിലേക്ക് ഒരു രാത്രി ഒരു പട്ടിണിജാഥ പുറപ്പെട്ടു. കൊരിച്ചൊരിയുന്ന മഴയിൽ ചേമ്പിലയും വാഴയിലയും ചൂടി അവർ പങ്കെടുത്തു. നാടാകെ പട്ടിണിയാണ്.

പറയൻകുന്നിൽ ചെല്ലുമ്പോൾ അവിടെ എരിയും കൂട്ടരും നട്ടുവളർത്തിയ ചേമ്പും ചേനയും വാഴയും കൊത്തിയെടുത്ത് എല്ലാവർക്കും കൊടുക്കുകയാണ്. ഓല കെട്ടിയ പുരയിൽ വലിയ അടുപ്പിൽ കായപ്പുഴുക്ക് തിളയ്ക്കുന്നു. എരി പറഞ്ഞു. നമ്മള് പറയര് കായ്കനികളും മീനുമാണ് കഴിക്കുന്നത്. അതിന് നമ്മള് മറ്റുള്ളവരെ ആശ്രയിക്കുന്നതെന്തിന് വെള്ളത്തിൽ മീനുണ്ട്. കുന്നിൽ മണ്ണുണ്ട്. നമുക്കും കായ്കറികൾ ഉണ്ടാക്കാം. എരിയുടെ ഈ വാക്കുകൾ കേട്ടതോടെ പറയരുടെ വിശപ്പ് പോയി എന്ന് നോവലിസ്റ്റ് കൂട്ടിച്ചേർക്കുന്നു. എരി പറയരെ ജീവിക്കാൻ പഠിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ പറയരുടെ ചരിത്രം തിരുത്തപ്പെട്ടുതുടങ്ങി. സ്വയം മാറിത്തുടങ്ങിയിരുന്നു അടിയിലെ മനുഷ്യർ.

മുഖ്യധാരാ ചരിത്രങ്ങളും അവയുടെ രീതിപദ്ധതികളും പുറംതള്ളുകയും അപരവത്ക്കരിക്കുകയും ചെയ്ത അടിത്തട്ടുജീവിതങ്ങളെ ചരിത്രവത്ക്കരിക്കാനാണ് ഗവേഷകന്റെ ശ്രമം. മേൽജാതി പാരമ്പര്യം പുറം തള്ളിയ സാമൂഹിക വിഭാഗങ്ങളെ സാംസ്കാരിക അപരരും ഹീനരും പൈശാചിക സ്വത്വങ്ങളുമായി സാമൂഹിക പേടി ശരീരങ്ങളായി സ്ഥാനപ്പെടുത്തി ചിത്രീകരിക്കുന്ന പ്രതിനിധാനവ്യവസ്ഥയായി കോയ്മാ വ്യവസ്ഥ പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവുകളും നോവലിൽ കാണാം. പുലപ്പേടിയും മണ്ണാപ്പേടിയും പറയന്റെ തട്ടിക്കൊണ്ടു പോകലും ചരിത്രത്തിന്റെ ഭാഗമാണ്. കാരണം ലൈംഗികതയെ മുൻനിർത്തിയുള്ള പേടിസങ്കല്പം സവർണ്ണ ബ്രാഹ്മണപാരമ്പര്യത്തിന്റെ ശുദ്ധി സങ്കല്പത്തിലുള്ളതായിരുന്നു. ബ്രാഹ്മണ സവർണ്ണ സ്ത്രീയുടെ ലൈംഗികതയെപ്പറ്റിയുള്ള പേടിയെ കീഴാള ശരീരത്തിൽ ആരോപിച്ച് സമൂഹം പേടിക്കേണ്ട, തൊടാൻ പാടില്ലാത്ത, വസ്തുവാക്കി മാറ്റി. അവിടെയാണ് എന്നെ ജാതിയില്ലാത്ത ദേഹിയാക്കൂ എന്ന പരിദേവനം മുഴങ്ങിക്കേട്ടത്. സവർണ്ണർ ഒടിച്ചൊതുക്കി അടിമകളാക്കിയ മനുഷ്യരെയും അവരുടെ അറിവുരൂപങ്ങളെയും സാമൂഹ്യ ഓർമ്മകളിലൂടെ വീണ്ടെടുത്ത് ചരിത്രസൃഷ്ടി തുടരുകയാണ് എരിയുടെ ആഖ്യാതാവ്.

എരി എന്റെ ആഗ്രഹങ്ങളുടെ കൂടി കലർപ്പുള്ള ആത്മനിഷ്ഠമായ ആഖ്യാനമാണെന്ന് ഗവേഷകൻ വെളിപ്പെടുത്തുന്നുണ്ട്. അത് സംഭവങ്ങളുടെയും ഓർമ്മകളുടെയും ശൃംഖലതയാണെന്നും. അരികിലായവരുടെയും അടി

യിലായവരുടെയും വിശപ്പും ദാഹവും അദ്ധ്വാനവും സമരവും കാമവും സ്നേഹവും അറിവും അജ്ഞതയും മന്ത്രതന്ത്രങ്ങളും വൈദ്യവും വിദ്യയും സത്യവും അസത്യവും ഭാവനയും സങ്കല്പവുമെല്ലാം അതിലുണ്ട്. അങ്ങനെ അടിമസംസ്കാരം അക്ഷരരൂപത്തെ പ്രാപിച്ചു. അതിന് നവോത്ഥാന സംസ്കാരത്തേക്കാൾ പഴക്കം അവകാശപ്പെടാനുണ്ട്. അതേക്കുറിച്ച് അജ്ഞാതഗവേഷകൻ എഴുതിത്തുടങ്ങിയിട്ടേയുള്ളൂ. കാലം അവയെ പൂർത്തിയാക്കും. അജ്ഞാതൻ അറിയപ്പെടുന്നവനാകും. അഡ്രസ്സ് ഉള്ളവനാകും. മുഖ്യധാരാ ചരിത്രങ്ങളല്ലാം പേരുകൊണ്ട് ലേബലു ചെയ്യപ്പെട്ടതുപോലെ ബദൽചരിത്രങ്ങളെ ചരിത്രമായി പരിഗണിക്കാൻ എന്തു ലേബലാണ് നൽകേണ്ടത്. ഏതു സ്വത്വത്തിലേക്കും പരകായപ്രവേശം നടത്താൻ മാത്രം ആർജ്ജവത്വമുള്ളവയാണവ. ഏതു സംസ്കാരത്തേയും ഉൾക്കൊള്ളുന്നവ. സംസ്കൃതിയുടെ ശുദ്ധ-അശുദ്ധതകൾ ഈ അഗ്നിയിൽ എരിയും. ഒപ്പം ഭൂതവർത്തമാനങ്ങളും അവയുടെ വ്യവസ്ഥകളും.

വ്യവസ്ഥയ്ക്കു മുമ്പേയുള്ള ഭൂതം. അത് ഇരുട്ടാണ്. അതിലേക്കുള്ള എടുത്തുചാട്ടമാണ് ഈ നോവൽ. ഗവേഷകൻ ആ ഇരുട്ടുമായി മുഖാമുഖം നിൽക്കുന്നു. എരിയുമായി അവിടേക്ക് കടന്നുചെല്ലുന്നു. ചൂട്ടുകറ്റ കത്തിച്ച്. അങ്ങനെ എരി അന്ധന് അഞ്ജനമെഴുതി വെളിച്ചത്തിലേക്കുള്ള തുറവിയായി. എരി ഒരാവേശമായി മാറി. സുനിൽ മാഷിന്റെ വാക്കുകൾ കടമെടുത്താൽ - അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ. ഈ ദമിതമൊഴികളിൽ നിന്ന് നവോത്ഥാന ഭാവനയുടെ മറുപുറങ്ങളിലേക്ക് എത്തുമ്പോഴാണ് എൺപതുകാരനായ എരി ശ്രീനാരായണ ഗുരുവിലേക്ക് റൂട്ട് മാപ്പ് തിരിക്കുന്നത്. ഗവേഷകനായി അവതരിച്ച ആഖ്യാതാവാകട്ടെ ഭൂതകാലത്തിന്റെ ഇരുട്ടുകളെ വാരിക്കൂട്ടി കത്തിച്ച് എരിയായി ഓടി മറയുകയും ചെയ്തു. ഈ എരിയിൽ അനേകർ വെളിച്ചം കണ്ടുണരും എന്ന പ്രതീക്ഷയോടെ. ഈ എരി കത്തിക്കൊണ്ടേയിരിക്കും, കെട്ടടങ്ങാതെ.

**ഗ്രന്ഥസൂചി**


1. കെ.ഇ.എൻ 2012 സംസ്കാരത്തിലെ സംഘർഷങ്ങൾ,പ്രതീക്ഷാ ബുക്സ്.
2. പ്രദീപൻ പാമ്പിരിക്കുന്ന് 2018 എരി, ഡി.സി ബുക്സ്.


**ആനുകാലികങ്ങൾ**


കെ.എസ്.മാധവൻ 2020 (ഡിസം.ലക്കം.2) തിരസ്കൃതരുടെ ജീവിതവും ജനാധിപത്യ ഭാവനകളും,എഴുത്ത് മാസിക.


## Work cited


https://www.mathrubhumi,com

https://navamalayali,com

https://www.athmaonline.com

# തക്ഷൻകുന്നിന്റെ സ്വരൂപപാഠങ്ങൾ

വിഷ്ണു പി.എ.
ഗവേഷകൻ, ഗവ.കോളേജ് കട്ടപ്പന

സംസ്കാര പഠനത്തിന്റെ ശക്തമായ ഇടപെടലുകളാൽ ദേശകാലങ്ങൾ മലയാള നോവലുകളിൽ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. പൊതുധാര സമൂഹത്തിന്റെ ബാഹ്യവും ആന്തരികവുമായ ഒത്തുചേരലിന് ദേശകാലങ്ങളുടെ പരിണാമവഴികൾ സൃഷ്ടിച്ച ഉണർവ് പുതിയകാലത്ത് വായിക്കപ്പെടുന്നു. സാമൂഹികവും രാഷ്ട്രീയവുമായ ഗതിവിഗതികളെ നിർണയിക്കാൻ ഒരു നാടിന്റെ സംസ്കാരത്തിൽ അന്തർലീനമായിരിക്കുന്ന ആചാരനുഷ്ഠാനങ്ങളും മിത്തുകളും ഐതീഹ്യങ്ങളും പ്രാദേശിക നിർമ്മിതിയിൽ സ്വാധീനം ഉറപ്പിക്കുന്നു.

ചരിത്രവത്കരണത്തിന് പുതിയ അർത്ഥതലങ്ങൾ നൽകികൊണ്ട് യു.കെ. കുമാരൻ രചിച്ച നോവലാണ് തക്ഷൻകുന്ന് സ്വരൂപം. സമകാലീന രാഷ്ട്രീയ പശ്ചാത്തലത്തിൽ പ്രസദ്ധമായ ഒരു ചരിത്രകാലഘട്ടത്തിന്റെ ആവിഷ്കരണമാണ് യു.കെ. കുമാരന്റെ 'തക്ഷൻകുന്ന് സ്വരൂപം'. വടക്കൻ മലബാറിലെ പയ്യോളി, തുറയൂർ, മണിയൂർ, പള്ളിക്കര, അട്ടക്കുണ്ട്കടവ്, മേലടി തുടങ്ങിയ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് നോവൽ ചരിത്രസത്യങ്ങൾ അന്വേഷിക്കുന്നത്. ഇരുപതാംനൂണ്ടാറ്റിലെ വിവിധ ദശകങ്ങളിലായി വടക്കൻ മലബാർ കടന്നുപോയ പരിണാമത്തിന്റെ നേർകാഴ്ചയാണ് നോവലിൽ ചിത്രീകരിക്കുന്നത്. യാഥാർത്ഥ്യലോകവും ചരിത്രവസ്തുതകളും കെട്ടുപിണഞ്ഞു കിടക്കുന്ന പരിസരത്തിൽ തക്ഷൻകുന്നിന്റെ അനുഭവങ്ങളെ സൂക്ഷ്മതയോടും തികഞ്ഞ കൈയടക്കത്തോടുമാണ് നോവലിസ്റ്റ് പുനർസൃഷ്ടിച്ചത്.

താഴ്ന്ന ജാതിക്കാരൻ എന്നു മുദ്രകുത്തപ്പെട്ട കല്ലുവെട്ടുകാരൻ പാച്ചറുടെ മകൻ രാമറിന്റെ ബാല്യകാലസ്മരണകളിൽ കൂടിയാണ് കഥ വികസിക്കുന്നത്. രാമർ എന്ന കഥാപാത്രത്തിലൂടെ ചരിത്ര സംഭവങ്ങളെ വൈകാരികാനുഭൂതികളിലൂടെയാണ് അവതരിപ്പിക്കുന്നത്. കെ.കേളപ്പൻ, പി.കൃഷ്ണപിള്ള, ടി.കെ.മാധവൻ, എസ്.ആർ.കൃഷ്ണസ്വാമി അയ്യർ, മൊയ്യാരത്ത് ശങ്കരനമ്പ്യാർ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, പി.കൃഷ്ണപിള്ള തുടങ്ങിയ കേരളീയ നവോത്ഥാന നായകന്മാരും, ഗാന്ധിജി, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ ദേശീയനേതാക്കളും അടങ്ങുന്ന ചരിത്രപുരുഷന്മാരുടെ നീണ്ടനിരയും രാമർ, മാതമ്മ, കുഞ്ഞിരാമൻനമ്പ്യാർ, കല്യാണി, ലീല, ശ്രീധരൻഡോക്ടർ, പോക്കർഹാജി, കൃഷ്ണവാര്യർ തുടങ്ങിയ പ്രമാണിമാരും മദ്ധ്യവർത്തികളും സാധാരണക്കാരുമടങ്ങുന്ന കഥാപാത്ര സൃഷ്ടികളും ഭാവനയിലൂടെ 'തക്ഷൻകുന്ന് സ്വരൂപം' എന്ന നോവലിൽ പുനർജനിച്ചിട്ടുണ്ട്. യു.കെ. കുമാരന്റെ സാങ്കല്പിക കഥാപാത്രങ്ങൾ അന്നത്തെ കേരളീയ സമൂഹത്തെ പ്രതിനിധീകരിക്കുന്നവരാണ്.

ജന്മിസമ്പ്രദായത്തിന്റെയും സ്ത്രീവിരുദ്ധതയുടെയും ബാക്കിപത്രമായ 'അടയാളം വയ്ക്കൽ' എന്ന അനാചാരത്തെ രാമർ ശക്തമയി ചോദ്യം ചെയ്യുന്നു. കല്യാണിയെ രാമറിലേക്ക് അടുപ്പിക്കുന്നത് സ്ത്രീവിരുദ്ധ ആശയങ്ങളോടുള്ള വിപ്ലവാത്മക പ്രതികരണങ്ങളാണെന്ന് നോവലിൽ സൂചനകളുണ്ട്.

ആധുനികതകയുടെ ചിഹ്നങ്ങളായ കോടതിയും തീവണ്ടിയും മോട്ടോർവാഹനങ്ങളും റോഡുകളും ഓടുമേഞ്ഞ വീടുകളും തക്ഷൻകുന്നിലുണ്ടെങ്കിലും ആ ഗ്രാമം ആധുനികതയിലേക്ക് പൂർണമായി മിഴിതുറന്നിട്ടില്ല. കാളവണ്ടിയും കുതിരവണ്ടിയും മാത്രം കണ്ടു ശീലിച്ച ഉൾനാട്ടിൽ ബസ് സർവ്വീസും റെയിൽ ഗതാഗതവും വരുമ്പോഴുള്ള വിസ്മയവും ആകുലതയും ആശങ്കയും നോവലിസ്റ്റ് ചിത്രീകരിക്കുന്നു. സാങ്കേതികവിദ്യ ഉളവാക്കിയ ശാസ്ത്രാവബോധം ഉൾനാടൻ ഗ്രാമങ്ങളിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉന്മൂലനം ചെയ്യാനുള്ള ചവിട്ടുപടിയായി മാറുന്നതെങ്ങനെയെന്ന് നോവൽ

തുറന്നുകാട്ടുന്നു. ലോകം മുഴുവൻ ഒരു കുടകീഴിൽ കൊണ്ടുവരാൻ സാങ്കേതികവിദ്യയ്ക്ക് സാധിച്ചുവെങ്കിലും ബസ് ഗതാഗതം വഴി പുകയും പൊടിയും മൂടിയ വഴിയോരകാഴ്ചകൾ കണ്ട് അമർഷം ഉള്ളിലുണ്ടാകുന്ന ജനതയെ വളരെ സ്വാഭാവികമായിട്ടാണ് യു.കെ. കുമാരൻ വരച്ചിടുന്നത്.

പ്രാചീന മണിപ്രവാളകൃതിയായ ദാമോദരചാക്യാരുടെ ഉണ്ണിയാടി ചരിതത്തിലെ 'കോഴിക്കോട്ടങ്ങു നിൻറിന്റു കോഴികൂവിന്റ നേരമേ' എന്നു തുടങ്ങുന്ന വർണനയെ അനുസ്മരിക്കുന്ന വിധത്തിൽ കോഴിക്കോടിന്റെ ഗതകാല പ്രൗഢി ഈ നോവലിൽ ചിത്രീകരിക്കുന്നു. മാതൃഭൂമി പത്രമാപ്പീസും മിഠായിത്തെരുവും കോഴിക്കോട് നഗരത്തിന്റെ അഭിമാന സൂചകങ്ങളായി പ്രത്യക്ഷപ്പെടുന്നു. വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ഉപ്പ് സത്യാഗ്രഹവും കേരളീയ സാമൂഹിക പരിണാമത്തിൽ ചെലുത്തിയ സ്വാധീനം തക്ഷൻകുന്ന് സ്വരൂപത്തിൽ പ്രകടമാണ്. ചലന രഹിതമായിരുന്ന തക്ഷൻകുന്നിന് ദിശാബോധം നൽകിയത് കെ.കേളപ്പനായിരുന്നു. കേളപ്പന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളാണ് നോവലിന്റെ ആന്തർധാര. ദേശീയ പ്രസ്ഥാനനത്തിന്റെ അലയൊലികൾ തക്ഷൻകുന്നിൽ വേരൂന്നിയത് കേളപ്പനിലൂടെയാണ്. ബ്രിട്ടീഷ്വിരുദ്ധ സമരങ്ങളോടൊപ്പം അവർണർക്ക് ക്ഷേത്രപ്രവേശനത്തിനുവേണ്ടി പൊരുതിയ കേളപ്പൻ ആദർശവാനായ വ്യക്തിത്വമായി നിലകൊള്ളുന്നു. വൈകാരികാനുഭൂതിയുള്ള മനുഷ്യനായും അദ്ദേഹം നോവലിൽ പ്രത്യക്ഷപ്പെടുന്നു. മെറ്റിൽഡ ടീച്ചറുമായുള്ള കേളപ്പന്റെ പ്രണയം ഈ നോവലിലെ മിഴിവുറ്റ ഭാഗമാണ്. എന്നാൽ കേളപ്പന്റെ ജീവിതം ഇവിടെ സമ്പൂർണ്ണമായി അവതരിപ്പിക്കുന്നില്ല. രാമർ എന്ന കഥാപാത്രത്തിലൂടെയാണ് കേളപ്പനെ കാണുന്നത്. നോവലിന്റെ അവസാന ഭാഗത്ത് കോരുകുട്ടി എന്ന കഥാപാത്രവും കേളപ്പന്റെ ജീവിതത്തെ അവതരിപ്പിക്കുന്നു. തക്ഷൻകുന്നിൽ നിലനിൽക്കുന്ന വ്യവസ്ഥയോടു കുതരിക്കാരനായും ചാണകവില്പനക്കാരനായും കാര്യസ്ഥപ്പണിക്കാരനായും അനീതിയെ എതിർക്കുന്ന വ്യക്തിയായും രാമർ പൊരുതി. വിചിന്തനത്തിന്റെയും വിമർശനത്തിന്റെയും പ്രതീകമായി രാമർ മാറുന്നത് ചരിത്രം തിരുത്തപ്പെടു

ന്നതിനാലാണ്. കേളപ്പന്റെ വ്യക്തി ജീവിതത്തിന്റെ ഗതിവിഗതികൾ തക്ഷൻകുന്നുകാരുടെ നോട്ടത്തിലൂടെയാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. രാമറിലൂടെ യഥാർത്ഥ നായകനായ കെ.കേളപ്പനെ രംഗത്ത് കൊണ്ടുവരാതെ അവതരിപ്പിക്കുന്നതിലൂടെ ഉപാദാനവ്യാനമാണ് നോവലിന്റെ ഘടനയെ നിയന്ത്രിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

നോവലിലെ സ്ത്രീകഥാപാത്രങ്ങൾ പുരുഷ കഥാപാത്രങ്ങളെക്കാൾ ശക്തരാണ്. കുട്ടിക്കാലത്തുതന്നെ മരിച്ചുപോയ രാമറുടെ അമ്മയുടെ ഓർമ്മകളുമായാണ് നോവൽ ആരംഭിക്കുന്നത്. പ്രതിസന്ധികളെ തരണം ചെയ്യാൻ രാമറിന് പ്രചോദനമാകുന്നതും അമ്മയുടെ ഓർമ്മകളാണ്. പെൺകരുത്തിന്റെ ഉത്തമ ഉദാഹരണമാണ് മാതമ്മ എന്ന കഥാപാത്രം. കഠിനാദ്ധ്വാനിയായി ജീവിച്ച അവരാണ് തക്ഷൻകുന്നിൽ ആദ്യമായി ബസ് ഓടിച്ചത്. അനീതിയെ ശക്തമായി എതിർക്കുന്ന മാതമ്മ ജിവിതപ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഫലപ്രദമായി കൈകാര്യം ചെയ്യുന്നു. സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യം ഈ കഥാപാത്രസൃഷ്ടിയിലൂടെ ബോധ്യപ്പെടുന്നു. രാമറുടെ ഭാര്യയായ കല്യാണിയും ശക്തയായ കഥാപാത്രമാണ്. രാമറെ അക്ഷരം പഠിപ്പിക്കുകയും രാമർ കിടപ്പിലായപ്പോൾ ചോദിക്കാൻ ആരുമില്ലെന്ന ധാരണയിൽ അവരുടെ സ്ഥലം കൈയേറുന്ന കോവിലകത്തെ കാര്യസ്ഥനെയും പെൺകരുത്തിന്റെ ഉശിരോടെ കല്യാണി നേരിടുന്നു. അക്കാലത്ത് ജാതീയമായും ലിംഗപരമായും അവഗണനകൾ അനുഭവിച്ചിരുന്നവർക്ക് കല്യാണിയെപോലെ ചിന്തിക്കാനോ പ്രവർത്തിക്കാനോ സാധ്യമായിരുന്നില്ല. അയാർത്ഥ്യമായവയെ യാഥാർത്ഥ്യമായി അവതരിപ്പിക്കുമ്പോൾ എഴുത്തുകാരന്റെ സ്വാതന്ത്ര്യബോധമാണ് വ്യക്തമാകുന്നത്.

ഇന്ത്യയിൽ ദേശീയപ്രസ്ഥാനം ശക്തമായപ്പോൾ കേരളത്തിൽ അധഃസ്ഥിതവിഭാഗം കേരളീയ നവോത്ഥാനത്തിന്റെ ഭാഗമായ കാഴ്ച 'തക്ഷൻകുന്ന് സ്വരൂപ'ത്തിൽ ദൃശ്യമാണ്. കേരളത്തെ ഭ്രാന്താലയമാക്കി മാറ്റിയ ജാതിവ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ കേരളീയജനത പ്രാപ്തരായ കാലത്തെയാണ് ഈ നോവൽ ചൂണ്ടികാട്ടുന്നത്. ജാതിവിവേചനം സൃഷ്ടിച്ച ചലനങ്ങൾ

കേരളത്തിലെ രാഷ്ട്രീയ പോരാട്ടമായി മാറിയതെങ്ങനെയെന്ന് വായനക്കാർക്ക് മുന്നിൽ നോവൽ തുറന്നു കാട്ടുന്നു. ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന ഗാന്ധിജിയുടെ നിരീക്ഷണത്തെ ഇരുപതാം ശതകത്തിലെ കേരളീയ സാമൂഹിക സാഹചര്യങ്ങളുമായി ചേർത്തു വായിക്കാൻ നോവലിന് കഴിയുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം ബ്രിട്ടീഷുകാരിൽ നിന്നുമുള്ള മോചനം മാത്രമായിരുന്നില്ല ജാതീയമായും സാമൂഹികമായും പാർശ്വവത്കരിക്കപ്പെട്ടവർക്ക് ലഭ്യമായ നീതിയും സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. ചരിത്രത്തിന്റെ ഏടുകളിൽ തളയ്ക്കപ്പെട്ട ധാരാളം പ്രാദേശിക സമരങ്ങളുടെയും സമരനേതാക്കളുടെയും വിയർപ്പിന്റെ ഗന്ധവും സ്വാതന്ത്ര്യം എന്ന വാക്കുകൊണ്ട് വിവക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ചിന്താപദ്ധതികളുമായി 'തക്ഷൻകുന്ന് സ്വരൂപം' പൊരുത്തപ്പെടുന്നു.

മലബാറിലെ നാട്ടുഭാഷയുടെ ഭംഗി വായനക്കാരെ ആകർഷിക്കുന്നവയാണ്. വ്യവഹാരത്തിൽ നിന്നകന്ന പല പദങ്ങളും യു.കെ. കുമാരൻ പ്രയോഗിച്ചിട്ടുണ്ട്. ആടെ, ഓറ്, ചേപ്ര, ദർസത്ത്, ഇമ്മള്, മാണ്ടത് തുടങ്ങിയവ ഉദാഹരണങ്ങളാണ്. സംഭാഷണങ്ങളിലാണ് ഭാഷാഭേദത്തിന്റെ ആവിഷ്കാരങ്ങൾ ഉപയോഗിക്കുന്നത്. ആഖ്യാനതലത്തിൽ മാനകമലയാളം ഉപയോഗിക്കുന്നു. ഒരു ഭാഷ ഉപയോഗിക്കുന്നവരുടെ സംഭാഷണങ്ങളിൽ നിന്നും അവർ ഉൾപ്പെടുന്ന ആവാസ മേഖലയുടെ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ അവരറിയാതെ തന്നെ വെളിപ്പെടുന്നു. ഇത്തരത്തിലുള്ള വെളിപ്പെടലുകൾക്ക് 'തക്ഷൻകുന്ന് സ്വരൂപം' ഒരു മുതൽകൂട്ടാണ്.

കൃഷിപ്രധാന വരുമാന മാർഗ്ഗമായി ഈ നോവലിൽ ചിത്രീകരിക്കുന്നു. തെങ്ങും നെല്ലും അവയുടെ ഉപോൽപന്നങ്ങളും ചേർന്ന തൊഴിൽ രംഗവും വളരെ സജീവമാണ്. ഇന്ത്യയും തക്ഷൻകുന്നും പരസ്പരം പൂരകമാകുന്ന കാഴ്ച നോവലിൽ പ്രകടമാണ്. ഇന്ത്യയിലെ സാമൂഹിക-രാഷ്ട്രീയ സ്ഥിതിഗതികൾ തക്ഷൻകുന്നിനെ കേന്ദ്രബിന്ദുവാക്കി അടയാളപ്പെടുത്തുന്ന ദൃശ്യം ആദ്യവായനയിൽ വെളിപ്പെടുന്നു. സാധാരണക്കാർ അധിവസിക്കുന്ന ഒരു ഗ്രാമത്തിൽ ലോകമഹായുദ്ധങ്ങൾ എങ്ങനെ സ്പർശിച്ചുവെന്നും ലോകം

ഒരു വിരൽത്തുമ്പിൽ കോർത്തിണക്കിയ സാഹചര്യത്തിൽ കാർഷികവൃത്തിയോടൊപ്പം ഉപജീവനമാർഗത്തിന് മറ്റു സാധ്യതകളുണ്ടെന്ന തിരിച്ചറിവ് കുഗ്രാമത്തിൽ ജീവിക്കുന്ന ജനതയുടെ സംസ്കാരത്തിൽ സൃഷ്ടിച്ച ചലനങ്ങൾ വളരെ വലുതാണ്.

പ്രാദേശികസ്വത്വം ആഖ്യാനം ചെയ്യുമ്പോൾ യാഥാർത്ഥ്യത്തോടൊപ്പം സാംസ്കാരികമായ പുനർനിർമാണം അനിവാര്യമാണ്. അവിടെ ദേശഭാഷയും ആചാരങ്ങളും വിശ്വാസങ്ങളും രാഷ്ട്രീയ സാഹചര്യങ്ങളും ദേശനിർമ്മിതിയെ രൂപപ്പെടുത്തുകയും പ്രാദേശികാനുഭവങ്ങൾ അതിഭാവുകത്വത്തിന്റെയോ അതിവൈകാരികതയുടെയോ അംശമില്ലാതെ അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. യാഥാർത്ഥ്യത്തിനുമേൽ സാങ്കല്പികമായ ചേരുവകൾ കൃത്യമായി നാണയപ്പെടുത്തിയ നോവലാണ് തക്ഷൻകുന്ന് സ്വരൂപം. കാലം ഒരു പ്രധാനകഥാപാത്രമായി നോവലിൽ നിറഞ്ഞു നിൽക്കുന്നു. തക്ഷൻകുന്നിലെ ബാങ്കിനു മുകളിൽ സയറൻ സമയബോധമറിയിച്ചുകൊണ്ട് സാന്നിധ്യമറിയിക്കുന്നു. തക്ഷൻകുന്നിലെ എല്ലാ ചലനങ്ങളും ആ സയറൻ മുഴക്കത്തിനനുസരിച്ചാണ് ക്രമീകരിക്കുന്നത്. കാലം എല്ലാത്തിനും സാക്ഷിയാണെന്നും നാമറിയാതെ കാലം കടന്നു പോകുന്നുവെന്നും നോവലിസ്റ്റ് ചൂണ്ടിക്കാണിക്കുന്നത് വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്നു. കേരളീയ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക പരിണാമങ്ങളെ പുതിയകാലത്തിന്റെ വീക്ഷണത്തിലൂടെ ചിട്ടപ്പെടുത്തിയപ്പോൾ കാലം മനുഷ്യമനോഭാവങ്ങളിൽ വരുത്തിയ മാറ്റങ്ങളെയാണ് നോവൽ ഓർമപ്പെടുത്തുന്നത്. പ്രശസ്ത ഡച്ച് ചിത്രകാരനായ വിൻസെന്റ് വാൻഗോഗ് വരച്ച 'പൊട്ടറ്റോ ഈറ്റേഴ്സ്' എന്ന ചിത്രത്തിൽ കാലം മൂകസാക്ഷിയാകുന്നതുപോലെ ഈ നോവലിലും ഒരു വാങ്മയചിത്രമായി കാലം തെളിഞ്ഞുവരുന്നു.

അധികാരവും പൊതുവ്യവഹാരും ഒരു ജനതയെ എങ്ങനെയാണ് സ്വാധീനിക്കുന്നതെന്ന് തക്ഷൻകുന്ന് സ്വരൂപത്തിലൂടെ വായിച്ചെടുക്കാൻ സാധിക്കുന്നു. ഇരുപതാംനൂറ്റാണ്ടിലെ ആദ്യ ദശകങ്ങളിൽ വടക്കൻ മലബാറിൽ നിലനിന്നിരുന്ന രാഷ്ട്രീയാവസ്ഥകളുടെയും സാമൂഹികശ്രേണീകരണത്താൽ വിഭജിക്കപ്പെട്ട

ഗ്രാമീണജനതയുടെ ഉയർത്തെഴുന്നേല്പ്പിന്റെ ചരിത്രവും നോവലിലൂടെ മനസ്സിലാക്കാവുന്നതാണ്. ജാതിവിവേചനവും ലിംഗവിവേചനവും അസമത്വവും അധിനിവേശത്തിന്റെ ഭീകരാവസ്ഥയും തക്ഷൻകുന്ന് നിവാസികളുടെ കഥയിലൂടെ ആഖ്യാനം ചെയ്യുന്ന ഈ നോവൽ മലയാളികളുടെ ഒരു കാലഘട്ടത്തിലെ സാമൂഹ്യ ജീവിതത്തിന്റെ മാർഗ്ഗരേഖയാകുന്നു.

**സഹായകഗ്രന്ഥങ്ങൾ**

1. കുമാർ. ജെ, കെ. ഷിജു (എഡിറ്റേഴ്സ്), ആധുനികാനന്തര മലയാളനോവൽ, തിരുവനന്തപുരം: മാളുബൻ പ്രസിദ്ധീകരണം, 2018.
2. കുമാരൻ. യു.കെ, തക്ഷൻകുന്ന് സ്വരൂപം, കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ, 2018.
3. രാമകൃഷ്ണൻ. ഇ.വി, മലയാള നോവലിന്റെ ദേശകാലങ്ങൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2018.

# ഒരു യാത്രയും കുറേ തിരിച്ചറിവുകളും

ഷെറിൻ ജോർജ്ജ്
അസി.പ്രൊഫസർ, മലയാള വിഭാഗം
പാവനാത്മാ കോളേജ് മുരിക്കാശ്ശേരി

“ചുമരിലെ ക്ലോക്കിൽ സമയം ഒന്നടിച്ചു പുസ്തകം വായിച്ചിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല. തുറന്നുകിടന്ന ജനാലയ്ക്കുള്ളിലൂടെ തണുത്ത കാറ്റ് അകത്തേയ്ക്ക് അടിച്ചു കയറുന്നു. ജനാല അടയ്ക്കാൻ നേരം ഞാൻ അല്പ സമയം പുറത്തേക്കു നോക്കി നിന്നു. പുറത്ത് സ്ട്രീറ്റ് ലൈറ്റുകൾ ഒന്നുപോലുമില്ല. കുറ്റാകുറ്റിരുട്ടുമാത്രം നാഗലിംഗപ്പൂവിന്റെ ഗന്ധം കാറ്റിലാകെ പരന്നിരുന്നു. പൂട്ടിക്കിടക്കുന്ന ആ നാലുകെട്ടിന്റെ മട്ടുപ്പാവിൽ ഒരു ബൾബ് പെട്ടെന്ന് കത്തിയണഞ്ഞോ? അതോ എനിക്ക് വെറുതെ തോന്നിയതാണോ.?”

307.47 മലയാള നോവൽ ചരിത്രത്തിൽ സംഖ്യകൾ കൊണ്ടൊരു നോവൽപേര് ഒരുപക്ഷേ ആദ്യമാവാം. 2018 ൽ പുറത്തിറങ്ങിയ ആദ്യപതിപ്പ് വായനക്കാരിൽ ഉളവാക്കിയ ആകാംക്ഷയുടെയും തരംഗത്തിന്റെയും പ്രതിഫലനമാണ് 2021 ൽ ആറാം പതിപ്പിലൂടെ കാണുന്നത്. ആശിഷ് ബെൻ അജയ് എന്ന ബാങ്ക് ഉദ്യോഗസ്ഥന്റെ ഫിക്സഡ് ഡെപ്പോസിറ്റായി ഈ നോവലിനെ കണക്കാക്കാം. ഇതേ എഴുത്തുകാരന്റെ 446054 എന്ന സംഖ്യാപ്പേരുള്ള മറ്റൊരു നോവൽ 2021 മാർച്ച് 16 ന് പുറത്തിറക്കി അധികം വൈകാതെ തന്നെ മുഴുവൻ കോപ്പികളും വിറ്റുപോവുകയും അടുത്ത പതിപ്പിലേക്കു ചുവടുവെയ്ക്കുകയും ചെയ്തു എന്നത് മലയാളി ഫിക്ഷനുകൾ ഇഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു എന്നതിന്റെ തെളിവാണ്.

ഒരു ട്രാവൽ ഫിക്ഷൻ ആണ് 307.47 കോട്ടയം പുഷ്പനാഥിലൂടെയും ബാറ്റൺ ബോസിലൂടെയും ഏറ്റുമാനൂർ ശിവകുമാറിലൂടെയുമെല്ലാം ഫിക്ഷനെ അറിഞ്ഞ തലമുറയ്ക്ക് ശേഷം ഏറെക്കാലത്തെ ഇടവേളകഴിഞ്ഞ് പുതുതലമുറയുടെ ഏറ്റെടുക്കലോടെയാണ് മലയാള ഫിക്ഷന് ഉണർവുണ്ടായത്. ഈ പുതുകാല എഴുത്തുകാരിൽ പ്രമേയം കൊണ്ടും പേരുകളിൽ സ്വീകരിക്കുന്ന പ്രത്യേകതകൊണ്ടും മുൻനിരയിലേക്ക് ഉയർന്നു വരുന്ന ആളാണ് ആശിഷ് ബെൻ അജയ്. ആദ്യനോവലിന്റെ പേരിൽതന്നെ വ്യത്യസ്തതകൾ നിറച്ചു. തലക്കെട്ടിലെ വ്യത്യസ്തത പ്രമേയത്തിലേക്കും എഴുത്തിലേക്കും ആഷിഷ് പകർത്തുമ്പോൾ വായനക്കാർക്ക് അതൊരു സുരക്ഷിത നിക്ഷേപമാകുന്നു.

ജീവിതത്തിന്റെ മുക്കാൽ സമയവും ബാങ്കുമായി സഹകരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ അക്കങ്ങളോട് മല്ലിടുന്നതിനാലാവാം 307.47 എന്ന പേരു തന്നെ എഴുത്തുകാരൻ നോവലിനു നൽകുന്നത്. യാത്രകളോട് താല്പര്യമുള്ള ആശിഷ് (മനോരമ ഓൺലൈനു നൽകിയ അഭിമുഖത്തിൽ ആശിഷ് വെളിപ്പെടുത്തിയത്) അത്തരമൊരു രീതി തന്നെയാണ് നോവലെഴുത്തിലും സ്വീകരിച്ചിരിക്കുന്നത്. റോഡ് മൂവിപോലെ വ്യത്യസ്തമായ ഒരാശയം. യാത്ര നടത്തുന്ന ഒരു പറ്റം യുവാക്കൾ, അവർക്കിടയിൽ രാത്രി സ്വപ്നംപോലെ കടന്നുവരുന്ന ചില കാര്യങ്ങൾ. സ്വപ്നത്തിനും യാഥാർഥ്യത്തിനുമിടയിൽ സ്തംഭനാവസ്ഥയിൽ നിൽക്കേണ്ടിവരുന്ന സ്ഥിതി. ഇവയെല്ലാം നോവൽ തുടക്കം മുതൽ ഒടുക്കംവരെ വിവരിക്കുന്നു.

എഴുത്തുകാരന്റെ അനുഭവങ്ങൾ തന്നെയാണ് 307.47 ന്റെ കഥാതന്തു. മനോരമ ഓൺലൈൻ എഴുത്തുകാരനുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ (ഏപ്രിൽ 3, 2020) അത് വ്യക്തമാക്കുന്നുണ്ട്. "സുഹൃത്തുക്കൾക്കൊപ്പം മൂന്നാറിലേക്ക് ബൈസൺവാലി വഴി നടത്തിയ ഒരു നൈറ്റ് ഡ്രൈവറാണ്, ഇതിനെല്ലാം തുടക്കമിട്ടത്. അന്നുരാത്രി ഞാൻ കടന്നുപോയ അനുഭവങ്ങൾക്കൊപ്പം അല്പം ഭാവനയും കൂട്ടിചേർത്തപ്പോൾ ആദ്യപുസ്തകത്തിന്റെ കയ്യെഴുത്തുപ്രതിയായി" ആഷിഷ് പറയുന്നു.

ഏകദേശം മൂന്നുവർഷത്തെ കഠിനശ്രമത്തിന്റെ ഫലമാണ് (2015-2018) 307.47. ഒരു പരീക്ഷണമെന്നോണം ട്രാവലോഗ് ഫിക്ഷന് മിസ്റ്ററി ത്രില്ലറിന്റെ പരിവേഷം നൽകിയതായും എഴുത്തുകാരൻ തന്നെ പറയുന്നു. ജനപ്രിയ സാഹിത്യത്തിൽ പുതിയ എഴുത്തുകാർ സ്വീകരിക്കുന്നത് ജോണർ മിസ്റ്ററി, ക്രൈം ത്രില്ലർ എന്നീ വിഭാഗങ്ങൾ ആണ്. വായന അന്യം നിൽക്കുന്നില്ല എന്നു ചിലർ അവകാശപ്പെട്ടാലും സ്മാർട്ട് ഫോണിന്റെ അമിത ഉപയോഗം പുതു തലമുറയെ ഏറെക്കുറെ പുസ്തകത്തിൽ നിന്നും അകറ്റുന്നുണ്ട്, അത് തിരിച്ചറിയപ്പെടേണ്ട സത്യവുമാണ്. ഇങ്ങനെ ഒരു സാഹചര്യത്തിൽ വായനാലോകത്തിലേക്ക് അവരെ മടക്കിക്കൊണ്ടുവരാൻ പിടിച്ചിരുത്തുന്ന തരത്തിലുള്ള രസക്കൂട്ടുകൾ ആവശ്യമാണ് അവിടെയാണ് മിസ്റ്ററി ക്രൈംത്രില്ലറുകൾക്ക് പ്രധാന്യമേറുന്നത്.

മൂന്നു സുന്ദരികൾക്ക് പുസ്തകം സമർപ്പിച്ചാണ് ആശിഷ് പുസ്തത്തിനു തുടക്കമിടുന്നത്. എനിക്ക് ജന്മം നൽകിയവർ... എനിക്കു വേണ്ടി ജനിച്ചവൾ... എന്നിൽ നിന്ന് ജനിച്ചവൾ. അമ്മ ഭാര്യ മകൾ ഇത്തരമൊരു സമർപ്പണം മറ്റുള്ള പുസ്തകങ്ങളുടെ സമർപ്പണരീതിയിൽ നിന്നുതന്നെ 307.47 നെ വ്യത്യസ്തമാക്കുന്നു.

സഞ്ചാരസാഹിത്യം എന്നൊരു വിഭാഗം മലയാളസാഹിത്യത്തിൽ ഉണ്ട്. ഒരു യാത്രയെക്കുറിച്ചു സാഹിത്യ രീതിയിൽ എഴുതുന്നതിനെയാണ് സഞ്ചാരസാഹിത്യം എന്നുപറയുന്നത്. ഇത് സാധാരണ രീതിയിൽ എഴുത്തുകാരന്റെ ഏതെങ്കിലും യാത്രയെ സംബന്ധിക്കുന്നതോ യാത്ര ചെയ്തപ്പോൾ ഉണ്ടായ അനുഭവത്തെക്കുറിച്ചോ ആയിരിക്കാം. ഇതിനെ ട്രാവലോഗ് എന്നും വിശേഷിപ്പിക്കാറുണ്ട്. 307.47 സഞ്ചാര സാഹിത്യത്തിന്റെ ഭംഗികൂടി നൽകുന്നുണ്ട്. നോവലിന്റെ തുടക്കം മുതൽ അനുഭവപ്പെടുന്ന യാത്ര എന്ന ഭംഗി.

നോവൽ ആരംഭിക്കുന്നത് 2017 ജൂൺ മാസത്തിലെ ഒരു രാത്രി എന്ന ഉപതലക്കെട്ടോടുകൂടിയാണ് അതിൽതന്നെ സമയത്തെ കാണിച്ചുകൊണ്ട് സമയം രാത്രി 11.30 എന്ന് കൊടുത്തിരിക്കുന്നു. വായനയെ തുടക്കത്തിൽ തന്നെ ഭയത്തിന്റെ കണ്ണിലൂടെ നീക്കുവാൻ നോവലിസ്റ്റ്

ശ്രമിച്ചിട്ടുണ്ട്. അതിനുള്ള ഉദാഹരണമാണ് പ്രധാന കഥാപാത്രമായ അഭിഷേക് സിനിമ കാണുന്നതിനിടയിൽ വന്ന ഫോൺ കോളിന്റെ എണ്ണം 13...! പതിമൂന്നു പൊതുവെ നിർഭാഗ്യ നമ്പർ ആയി കണക്കാക്കാറുണ്ട്. പാശ്ചാത്യ ലോകത്ത് ഉരുവംകൊണ്ട ആ ഭയം ഇന്നു നമുക്കുമുണ്ട്. ഹോട്ടലുകളിലും മറ്റും പതിമൂന്ന് എന്ന നമ്പറിൽ മുറിയില്ലാതിരിക്കുന്നതിലൂടെയും പതിമൂന്നാം തീയതിയും വെള്ളിയാഴ്ചയും ഒരുപോലെ വരുമ്പോൾ നടക്കുന്നു എന്നു പറയപ്പെടുന്ന സാത്താൻ സേവയിലൂടെയും പതിമൂന്ന് എന്ന സംഖ്യ പേടിയുടെ മൂടുപടമിടുന്നു.

അഭിഷേക് അയ്യർ, ധനു എന്നീ സുഹൃത്തുക്കളിലൂടെയാണ് നോവലിന്റെ കഥ മുന്നോട്ടു പോകുന്നത്. അതിനിടയിൽ കഥാഗതിയെ നിയന്ത്രിക്കുന്ന അനേകം കഥാപാത്രങ്ങൾ കടന്നുവരുന്നു. പ്രധാന കഥാപാത്രമായ അഭിഷേക് അയ്യർ എന്ന യുവ ബാങ്ക് മനേജർക്ക് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം ബ്രാഞ്ചിൽ നിന്നും എറണാകുളത്തെ നോർത്ത് പറവൂർ ബ്രാഞ്ചിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതോടെയാണ് കഥ തുടങ്ങുന്നത്. പറവൂരിൽ എത്തിച്ചേരുന്ന അഭിഷേകിനെ കാത്തിരിക്കുന്നത് പട്ടണത്തിന്റെ ഒത്ത നടുവിലായി സ്ഥിതിചെയ്യുന്ന ഇല്ലമാണ്. പതിവായി സിനിമകളിലും നോവലുകളിലും എഴുത്തുകാരൻ സൃഷ്ടിച്ചെടുക്കുന്ന ഭയാന്തരീക്ഷം തന്നെയാണിതും. സ്ഥിരം കാഴ്ചയല്ലേ ഇതൊക്കെ എന്ന് വായനയുടെ തുടക്കത്തിൽ തോന്നാം. പതിയെ സ്ഥിരം കാഴ്ചകളിൽ നിന്നു പിൻവാങ്ങി അപരിചിതമായ ഇടങ്ങളിലേക്ക് കഥ നീങ്ങുന്നത് കാണാം.

ഉഷ്ണമേഖലാ മഴക്കാടുകളിൽ കാണപ്പെടുന്ന ഒരു തരം മരമുണ്ട്. നാഗലിംഗം. അലങ്കാര വൃക്ഷമായി വ്യാപകമായി ഉപയോഗിക്കുന്ന ഈ മരം ശിവക്ഷേത്രങ്ങളിൽ വളർത്താറുണ്ട്. പൊതുവെ അലങ്കാരസസ്യമായി കണക്കാക്കുന്ന ഇതിനെ ഹൈന്ദവ വിശ്വാസത്തിന്റെ ചുവടുപിടിച്ചു മിത്തിക്കൽ എലമെന്റായി നോവലിൽ ഉൾപ്പെടുത്തുന്നു. നഗരമധ്യത്തിലെ ഇല്ലവും സർപ്പക്കാവും നോവലിലെ പ്രധാന അംശങ്ങളാവുമ്പോൾ നാഗലിംഗമരത്തിനും പ്രാധാന്യമേറുന്നു.

നോവലിന്റെ താളത്തിലുള്ള ഒഴുക്കിനിടയിൽ ഉണ്ടാവുന്ന വഴിത്തിരിവാണ് പഴയ വിലാസം തേടിയെത്തുന്ന കൊറിയർ "പ്രിയപ്പെട്ട ആശിഷ്" എന്ന സംബോധനയോടെ എത്തുന്ന കത്ത് എഴുത്തുകാരൻ കഥാപാത്രവുമായി കൂടുന്ന വിസ്മയത്തിലേക്കു വായനക്കാരെ നയിക്കുന്നു. അവിടം മുതലാണ് എഴുത്തുകാരന്റെ ജീവിതത്തിലെ തോന്നലുകളിൽ നിന്ന് രൂപം കൊണ്ട ഒന്നാണ് 307.47 എന്ന പ്രതീതി വായനക്കാരനുണ്ടാവുന്നത്. തുടർന്നുവരുന്ന മുപ്പത്തിയൊന്നാം താളുമുതൽ 'ഒരുമൂന്നാർ യാത്രയുടെ ഓർമ്മക്കുറിപ്പുകൾ' യ്യ ആശിഷ് ബെൻ അജയ് എന്നുപേരു നൽകിക്കൊണ്ട് നോവലിസ്റ്റ് നേരിട്ട് ഒപ്പം ചേരുന്നു. 2015 സെപ്റ്റംബറിൽ നടത്തിയ ആ യാത്രയിലാണ് നോവലിന്റെ ട്രാവൽ ഫിക്ഷൻ എന്ന കാമ്പ് ഒളിപ്പിച്ചുവെച്ചിരിക്കുന്നത്. യഥാർത്ഥ ജീവിതത്തിൽ ബാങ്ക് ഉദ്യോഗസ്ഥനായ ആശിഷ് അതൊരു കഥാപരമായ ഓർമ്മക്കുറിപ്പായി ചിട്ടപ്പെടുത്തിയിരിക്കുന്നു.

മൂന്നാറിലേക്കുള്ള യാത്രയുടെ തുടക്കം ഇവിടെനിന്നാണ്, ഓരോ വായനക്കാരന്റെയും ഉള്ളിലെ സാഹസിക സഞ്ചാരിയെ ഉണർത്തുന്ന ഇടം. നാലുപേരടങ്ങുന്ന സംഘത്തിന്റെ യാത്രയിലുടനീളം സൃഷ്ടിക്കപ്പെടുന്ന തടസങ്ങളും വഴിയറിയാതെ ചില മായക്കാഴ്ചകളിലകപ്പെട്ടുപോകുന്നതുമെല്ലാം [1]ദേജാവുവിലെന്നപോലെ വായനക്കാരന് അനുഭവവേദ്യമാകുന്നു. ആ അനുഭവത്തിലലിഞ്ഞ് അവരും മുന്നോട്ടു നീങ്ങുന്നു. ഇടയിൽ കണ്ടുമുട്ടുന്ന വൃദ്ധൻ, സെന്റ് സേവ്യേഴ്സ് ഹോസ്റ്റലിലെ സെക്യൂരിറ്റി തുടങ്ങിയവരെല്ലാം കഥയുടെ ആകാംക്ഷയിലേക്ക് നയിക്കുന്ന ഘടകങ്ങളാണ്.

ഉടനീളം തടസങ്ങൾ നിറഞ്ഞ യാത്രയ്ക്കിടയിൽ നാൽവർ സംഘത്തിന്റെ കണ്ണിലുടക്കുന്ന ഒറ്റപ്പെട്ട വീടും അതിലെ തമിഴത്തിയും വീടിനു മുന്നിലുള്ള നാഗലിംഗ മരവും നാഗലിംഗപ്പൂവുതിർക്കുന്ന തീക്ഷ്ണ ഗന്ധവും പഴയ യക്ഷിക്കഥകളുടെ അന്തരീക്ഷം നോവലിനു നൽകുന്നു. എഴുത്തുകാരന്റെ ഉള്ളിൽ വിടരുന്ന സംശയങ്ങളല്ലാതെ നിഗൂഢതകളൊന്നും തന്നെ ഇവിടെ മറനീക്കി പുറത്തുവരുന്നില്ല എന്നതും ശ്രദ്ധേയമാണ്.

നോവലിന്റെ രണ്ടാംഭാഗം ആരംഭിക്കുന്നത് തിരുവനന്തപുരം സെൻട്രലിൽ എത്തിച്ചേരുന്ന ട്രെയിനോടുകൂടിയാണ്. നോവലിന്റെ തുടക്കത്തിൽ കാണുന്ന അഭിഷേക് അയ്യർ എന്ന കേന്ദ്രകഥാപാത്രം തിരുവനന്തപുരത്തുള്ള വീട്ടിലേക്ക് യാത്ര ചെയ്യുന്നതും പോകുന്ന വഴിയിൽ 'ഒരു മൂന്നാർ യാത്രയുടെ ഓർമ്മകുറിപ്പുകൾ വായിച്ചു തീർക്കുന്നതുമായി കാണുന്നു. ആ വായനയാണ് ആദ്യം കണ്ട നാൽവർ സംഘത്തിന്റെ മൂന്നാർ യാത്ര. അവിടെനിന്നു തുടങ്ങുന്നു അഭിഷേക് അടങ്ങുന്ന സംഘത്തിന്റെ യാത്ര ആ സമയം വാട്ട്സ് ആപ്പിലേക്ക് വരുന്ന സന്ദേശത്തിൽ നിന്നു തീരുമാനിക്കുന്നതുക്കുന്നതും തുടങ്ങുന്നതുമാണ് നോവലിന്റെ രണ്ടാം പകുതിയിലെ മൂന്നാർ യാത്ര. 307.47 എന്ന സംഖ്യ യഥാർത്ഥത്തിൽ എന്താണ് എന്ന് വ്യക്തമാക്കുന്നത് ഈ രണ്ടാം പകുതിയിലാണ്. കൊച്ചിയിൽ നിന്ന് മൂന്നാറിലേക്കുള്ള ദൂരം...! അതുമാത്രമല്ല 307.47 എന്ന തിരിച്ചറിവിലേക്ക് എത്തിച്ചേരുന്നത് ഈ രണ്ടാംഘട്ട മൂന്നാർ യാത്രയ്ക്ക് ശേഷമാണ്. ആദ്യ സംഘത്തിന്റെതുപോലെ അനുഭവങ്ങൾ യാത്രയിലുടനീളം പുതിയ ഗ്രൂപ്പിനും സാധ്യമാകുന്നു. എന്നാൽ ഇതിനെക്കുറിച്ചെല്ലാം അറിവുള്ളയാൾ സംഘത്തിലെ അഭിഷേക് അയ്യർ എന്ന ചെറുപ്പക്കാരൻ മാത്രമാണ് (അയാൾ മാത്രമാണ് ആശിഷ് ബെൻ അജയ്ന്റെ മൂന്നാർ യാത്രാനുഭവങ്ങൾ വായിച്ച വ്യക്തി) ഒരേപോലുള്ള അനുഭവങ്ങളാൽ അസ്വസ്ഥനാകുന്ന അഭിഷേക് എഴുത്തുകാരനെ തേടി നടത്തുന്ന യാത്രയിലാണ് 307.47 എന്ന സംഖ്യയുടെ മറ്റൊരു മുഖം വെളിപ്പെടുത്തുന്നത്.

എന്താണ് 307.47? മനഃശാസ്ത്രപരമായ പ്രശ്നങ്ങളെയും അവയുടെ അടയാളങ്ങളെയും വിവിധ ചികിത്സാരീതികളേയും കുറിച്ച് വിശദമായി പ്രസ്താവിക്കുന്നവയാണ്. 307.47 DMC കോഡ്സ് നൈറ്റ്മേർ ഡിസോർഡർ എന്ന മാനസീകാവസ്ഥയെ സൂചിപ്പിക്കാൻ സൈക്യാട്രിയിൽ ഉപയോഗിക്കുന്ന കോഡ് നമ്പർ ആണ് DMC 5307.47 ഉറക്കത്തിൽ ഉണ്ടാകുന്ന ദുർസ്വപ്നങ്ങളും ഉറക്കത്തിലെ നടത്തവും സംസാരവും അതിനെ ചുറ്റിപ്പറ്റിയുള്ള മറ്റു മനശാസ്ത്രപരമായ

പ്രശ്നങ്ങളും സൂചിപ്പിക്കുന്ന നമ്പർ. ഈ അവസ്ഥ ഒരു വ്യക്തിയെ ഉത്കണ്ഠ, ഭയം എന്നിവയിലേക്ക് നയിക്കാം. ഇങ്ങനെയുള്ള അവസ്ഥ മൂന്നാർ യാത്രയ്ക്ക് ശേഷം അഭിഷേകിന് ഉണ്ടാവുന്നുണ്ട്. കൂട്ടുകാരനും ആശിഷിനും ഉണ്ടായിട്ടുണ്ടാവും എന്നുവേണം കരുതാൻ. ഏതാണ്ട് ഇതേപേലെ അവസ്ഥ നൽകുന്ന യാത്ര, ഒപ്പം തന്നെ യാത്രയുടെ ദൂരവും ആ സംഖ്യതന്നെയാവുമ്പോൾ ഉണ്ടാവുന്ന അമ്പരപ്പ്, ഇതു രണ്ടുംകൂടി സൃഷ്ടിക്കുന്ന അതിശയകരമായ സാഹചര്യത്തിൽ നിന്നാണ് 307.47 എന്ന തലക്കെട്ടിന്റെ ജനനം. മൂന്നാർ യാത്രയുടെ അനുഭവങ്ങളും പേറി എഴുത്തുകാരനെ കാണാൻ ചെല്ലുന്ന അഭിഷേകിന് തന്റെ അനുഭവങ്ങൾക്ക് നിറം ചാർത്തുന്ന തരത്തിൽ 307.47 എന്ന പുസ്തകം അവിടെനിന്നും ലഭിക്കുന്നു. എഴുത്തുകാരൻ തന്നെ നേരിട്ട് നൽകുന്നു. ആ പുസ്തകം. എഴുത്തുകാരൻ തന്നെ നേരിട്ട് നൽകുന്ന ആ പുസ്തകത്തിലൂടെ കഥയ്ക്കുള്ളിലെ കഥയായി നോവൽ പരിണമിക്കുന്നു.

നോവലുമായി തിരികെ പോകുന്ന അഭിഷേക് അയ്യർക്ക് ട്രെയിൻ യാത്രയ്ക്കിടയിൽ മറിക്കുന്ന ഓരോ താളുകളും അത്ഭുതങ്ങൾ സമ്മാനിക്കുകയായിരുന്നു. '2017 ജൂൺ മാസത്തിലെ ഒരു രാത്രി സമയം 11.30' നോവലിന്റെ തുടക്കം ഇവിടെ ആവർത്തിക്കപ്പെടുന്നു. ഇവിടെ [2]ടെലിപ്പതിയുടെയും ദേജാവുവിന്റെയും 307.47 ന്റെയും പ്രഭാവം കാണാം.

തുടക്കത്തിന്റേതായ ചെറിയ ചില അപാകതകൾ കാണാമെങ്കിലും ട്രാവൽ ഫിക്ഷൻ എന്ന വിഭാഗത്തിലെ പുതുമകൾ കൊണ്ടു നിറച്ച 307.47 തികച്ചും വ്യത്യസ്തത പുലർത്തുന്ന ഒന്നാണ്. വായന മരിക്കുന്നു, എന്നു മുറവിളികൂട്ടുന്ന കാലത്ത് പുതുതായി വായിച്ചു തുടങ്ങുന്ന വ്യക്തിക്ക് നിർദേശിക്കാനുള്ള പുസ്തകങ്ങളുടെ കൂട്ടത്തിൽ 307.47 എന്ന നോവലും ഉൾപ്പെടുത്താമെന്നത് നോവലിന്റെ പ്രധാന ഗുണമായി കണക്കാക്കാം

1. പുനരനുഭവമിഥ്യ; വർത്തമാനകാലത്തിൽ നടക്കുന്ന ഒരു സംഭവം മുൻപ് അനുഭവിച്ചിട്ടുണ്ട് എന്ന തോന്നൽ

2. ഇന്ദ്രിയ സഹായമില്ലാതെയുള്ള പരസ്പര അന്തകരണ ജ്ഞാന വിദ്യ അഥവാ ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്കു മനുഷ്യ സംവേദനാത്മകത ഉപയോഗിക്കാതെയുള്ള വിവര കൈമാറ്റമാണ്. ഇന്ദ്രിയാതീത സന്ദേശം (telepathy) എന്നറിയപ്പെടുന്നത്.

# ദളിത് മുന്നേറ്റത്തിന്റെ ഇതിഹാസഗാഥകൾ

സിബിൾ സണ്ണി
ഗവേഷകൻ, ഗവ.കോളേജ് കട്ടപ്പന

മുഖ്യധാരയിൽ നിന്നും അകറ്റപ്പെട്ട ഒരു ജനവിഭാഗം തങ്ങളുടെ സ്വത്വ ബോധവും പ്രതിഷേധവും രേഖപ്പെടുത്തുന്നതാണ് ദളിത് സാഹിത്യം. ആത്മ രോഷം തിളയ്ക്കുന്ന അലങ്കാര രഹിതമായ പരുഷപദങ്ങളാൽ രൂപം കൊള്ളുന്ന സ്വത്വചിന്തയുടെയും യാഥാസ്ഥിതികമായ മൂല്യനിരാസത്തി ന്റെയും സാഹിത്യമാണത്. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിലെ ദളിതർക്കി ടയിൽ വേരൂന്നിയ അംബേദ്കർ ദർശനങ്ങളാണ് വിശാലമായ ദളിത് സാഹി ത്യത്തിന് വഴിയൊരുക്കിയത്. അധികാരവികേന്ദ്രീകരണം, വർഗീയ രാഷ്ട്രീയം, തീവ്രഹിന്ദുത്വവാദം തുടങ്ങിയവയുടെയെല്ലാം ദൃക്ഷ്യഫലങ്ങൾ അനുഭവിച്ചിരുന്ന ദളിത് സമൂഹത്തിന്റെ പ്രതിരോധത്തിന്റെയും പുരോഗമ നത്തിന്റെയും സങ്കലനമാണ് ദളിത് പക്ഷചിന്തകളും പ്രവർത്തനങ്ങളും.

ദളിത് സാഹിത്യം പ്രത്യയശാസ്ത്രപരമായി രൂപം പ്രാപിക്കുന്നതിനുമുമ്പ് രചിക്കപ്പെട്ട പോത്തേരി കുഞ്ഞാമ്പുവിന്റെ സരസ്വതിവിജയം (1892) എന്ന നോവലും ദളിത് സാഹിത്യം വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ആധു നികോത്തര കാലഘട്ടത്തിന്റെ സവിശേഷതകളെ ഉൾക്കൊള്ളുന്ന എം. മുകുന്ദന്റെ പുലയപ്പാട്ട് (2005) എന്ന നോവലും കാലഘട്ടത്തിന്റെ അന്തര ത്തിനപ്പുറമായി ആവിഷ്കാരത്തിലും ദർശനത്തിലും ഐക്യം പുലർത്തു ന്നുണ്ട്.

**പ്രമേയപരമായ ഐക്യം**

കേരളത്തിൽ നിലനിന്നിരുന്ന സവർണമേധാവിത്വത്തിന്റെ അധികാരവും അതിലെ ക്രൂരതകളും കീഴാളവർഗം അനുഭവിക്കുന്ന അടിമത്വത്തിന്റെ ഭയാനക മായ ദുരന്ത യാഥാർത്ഥ്യങ്ങളുമാണ് ഇരു നോവലുകളുടെയും പ്രമേയം.

പുലയബാലനായ മരത്തന്റെ ജീവിതത്തിലെ നാടകീയമായ സംഭവവികാസങ്ങളാണ് സരസ്വതിവിജയത്തിന്റെ കഥാവസ്തു. യാഥാസ്ഥിതികനും അതിസമ്പന്നനുമായ കനകശേഖരയില്ലത്ത് കുബേരൻ നമ്പൂതിരിയുടെ പാടത്തുനിന്ന് പാട്ടുപാടി എന്ന കുറ്റത്തിന് പുലയ ബാലനായ മരത്തനെ നമ്പൂതിരിയുടെ കാര്യസ്ഥൻ രാമൻകുട്ടി നമ്പ്യാർ പാടത്തുവച്ചുതന്നെ ചവിട്ടി ബോധം കെടുത്തുന്നു. മരത്തനെ ചവിട്ടിയിടത്ത് പിറ്റേന്ന് ഒരു അജ്ഞാത ജഡം കണ്ടതോടെ അത് മരത്തനാണെന്ന് പ്രദേശവാസികൾ വിശ്വസിച്ച് അംശി അധികാരിക്ക് പരാതി നൽകുന്നു. കുബേരൻ നമ്പൂതിരിയുടെ സ്വാധീനഫലമായി ആ പരാതിയിൽ അന്വേഷണമുണ്ടായില്ലെങ്കിലും അഞ്ചരക്കണ്ടിയിലെ ജോസഫ് സായ്പ് വഴിയായി പരാതി സബ് ഇൻസ്പെക്ടറിന്റെയും മജിസ്ട്രേറ്റിന്റേയും മുന്നിലെത്തുന്നു.

കോടതി രാമൻകുട്ടി നമ്പ്യാരെ 15 വർഷം തടവിന് ശിക്ഷിക്കുന്നതോടെ ഗത്യന്തരമില്ലാതെ കുബേരൻ നമ്പൂതിരി ഒളിവിൽ പോകുന്നു. നമ്പൂതിരി ഒളിവിൽ പോയതോടെ അദ്ദേഹത്തിന്റെ ശത്രുവായ ഭവശർമ്മൻ നമ്പൂതിരി കുബേരൻ നമ്പൂതിരിയുടെ മകൾ സുഭദ്രക്ക് ജാരസംസർഗ്ഗമുണ്ടെന്ന് അപവാദം പരത്തുകയും സമുദായ രീതിയനുസരിച്ച് സുഭദ്രയെ സ്മർത്തവിചാരം നടത്തി ഭ്രഷ്ട് കൽപ്പിക്കുന്നു. പതിനഞ്ചു വർഷത്തിനുശേഷം കുബേരൻ നമ്പൂതിരിയെ കാശിയിൽ നിന്നും അറസ്റ്റു ചെയ്ത് സെക്ഷൻ കോടതിയിൽ വിചാരണക്ക് എത്തിക്കുമ്പോൾ സെക്ഷൻ കോടതി ജഡ്ജി യേശുദാസൻ, നമ്പൂതിരിയെ കേസിൽ നിന്നും മോചിപ്പിച്ച് തടവുശിക്ഷ അനുഭവിച്ചുകൊണ്ടിരുന്ന രാമൻകുട്ടി നമ്പ്യാരെ വിട്ടയക്കുന്നു. ജഡ്ജിയായ യേശുദാസൻ പഴയ മരത്തനായിരുന്നെന്ന് ജനം അപ്പോളാണ് തിരിച്ചറിയുന്നത്. അന്നത്തെ സംഭവിത്തിനുശേഷം നാടുവിട്ട മരത്തൻ കോഴിക്കോട്ടുള്ള മിഷണറിയുടെ സഹായത്തോടെ പഠിച്ചു ബിരുദം നേടിജഡ്ജിയുടെ പദവിയിൽ എത്തുകയായിരുന്നു. സ്മാർത്തവിചാരം ചെയ്യപ്പെട്ട നമ്പൂതിരിയുടെ മകൾ സുഭദ്രയെയും മക്കളെയും ബാസൽ മിഷൻകാർ കൂട്ടിക്കൊണ്ടുപോയി വിദ്യാഭ്യാസം നൽകി സുഭദ്രയെ അധ്യാപികയാക്കുന്നു.

സുഭദ്രയുടെ മകളായ സരസ്വതിയെയാണ് യേശുദാസൻ വിവാഹം കഴിച്ചത്. സുഭദ്രയുടെ ഭർത്താവ് യജ്ഞൻ നമ്പൂതിരിക്ക് അവളെ തിരിച്ചുകിട്ടു

ന്നു. അയാൾ ക്രിസ്തുമതം സ്വീകരിക്കുന്നതും കുബേരൻ നമ്പൂതിരി ഉൾപ്പെടുന്ന കുടുംബം ദുഷ്ടതകളെല്ലാം മറന്ന് സന്തോഷത്തോടെ ജീവിക്കുന്നതുമാണ് നോവൽ പ്രമേയം.

പുലയ ദമ്പതികളായ കറപ്പന്റെയും ചിരുതയുടെയും മകനായ ഗൗതമന്റെയും ആ നാട്ടിലെ മറ്റു കുട്ടികളുടെയും ജീവിതകഥയാണ് എം. മുകുന്ദന്റെ പുലയപ്പാട്ട്. കറപ്പൻ തന്റെ മകന് വെളുത്ത, ചീരൻ, കോരൻ, ചാത്തൻ തുടങ്ങിയ പേരുകളൊന്നും നൽകാതെ ഗൗതമൻ എന്ന് പേരിട്ടു വിളിക്കുന്നു. ഗൗതമന് മറ്റു പുലയകുട്ടികളെപ്പോലെ കൊത്താനും കിളക്കാനുമല്ല താൽപര്യം മറിച്ച് പഠിക്കാനാണ്. തങ്ങളെങ്ങനെയാണ് പുലയന്മാരായത് എന്ന ഗൗതമന്റെ ചോദ്യത്തിന് കറുപ്പന് ഉത്തരമില്ല. ജന്മിമാരുടെ കഠിനദ്രോഹത്താൽ വലയുന്ന പുലയരുടെ ചാളിൽ നിന്നും ഗൗതമനും ചിയ്യച്ചിക്കുട്ടിയും ഗൗരിയും സമൂഹത്തിനു നേരെ ചോദ്യങ്ങളുയർത്തുന്നു. എഴുത്തുപുരയുടെ അകം കാണാനുള്ള കൊതികൊണ്ട് ജനലിനരികിൽ ഒളിഞ്ഞിരുന്ന ഗൗതമനെ ഒരിക്കൽ വാധ്യാന്മാരും കുട്ടികളും കൂടി ചേർന്ന് അടിച്ചോടിക്കുന്നുണ്ട്.

മാറുമറക്കാൻ സ്വാതന്ത്ര്യമില്ലാതിരുന്ന ചിയ്യച്ചിക്കുട്ടിയുടെ നെഞ്ചിൽ ചെറിയ ആളത്താർ കാമക്കണ്ണോടെ നോക്കുന്നതിൽ അവൾക്ക് പരിഭവമുണ്ടായിരുന്നു. ഇതറിഞ്ഞ ഗൗതമൻ ഈശാനൻ വാദ്ധ്യാരുടെ മകൾ പാർവ്വതിയുടെ ഒരു ബ്ലൗസ് കൈക്കലാക്കി ചിയ്യയ്യിക്കുട്ടിക്കു കൊടുത്തു. ബ്ലൗസണിഞ്ഞ് പാടത്തെത്തിയ ചിയ്യയ്യികുട്ടിയെ എല്ലാവരുടെയും മുന്നിൽ വച്ച് ആളത്താർ അപമാനിക്കുകയും ഗൗതമനെ മർദ്ദിച്ചു വിവസ്ത്രനാക്കി കുരുക്കിൽ കെട്ടിയിടുകയും ചെയ്യുന്നു.

അവിടെ നിന്നും രക്ഷപ്പെടുന്ന ഗൗതമൻ ലൂക്കോസച്ചന്റെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസം നേടി സമുദായ പിരഷ്കരണ ശ്രമങ്ങൾ ആരംഭിക്കുന്നു. ചിയ്യയ്യിക്കുട്ടി ചെറിയ വേലനെ വിവാഹം ചെയ്യുകയും അവരുടെ കുട്ടിയായ ഗൗരിയെ ചിരുകണ്ടൻ നമ്പ്യാരുടെ മകൻ അച്ചുതൻ നമ്പ്യാരുടെ ശ്രമഫലമായി സ്കൂളിൽ ചേർക്കുന്നു. മാറുമറിച്ച് സ്കൂളിൽ പോകുന്ന ആദ്യത്തെ പുലയപെൺകുട്ടിയായി ഗൗരി മാറി. ഗൗതമൻ പഠിച്ചു ഉദ്യോഗം നേടിയെങ്കിലും ജാതി വിവേചനം അയാളെ പിന്തുടരുന്നുണ്ടായിരുന്നു. ഗൗത

മൻ മാറ്റിനിർത്തലുകൾക്കിടയിലും തന്റെ സ്വത്വം വീണ്ടെടുത്ത് ഉയർന്ന ഉദ്യോഗങ്ങൾ നേടിയെടുത്തു. ഒടുവിൽ ഭാരതത്തിലെ പ്രാഥമപൗരന്റെ സ്ഥാനം വരെ അലങ്കരിക്കുന്നു. അധ്യാപികയാകുകയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ചേർന്നു പ്രവൃത്തിക്കുകയും ചെയ്യുന്ന ഗൗരി ഒടുവിൽ സ്ഥലത്തെ എം.എൽ.എ. ആകുന്നു.

സ്വാതന്ത്ര്യത്തിനും ഒരു നൂറ്റാണ്ടുമുമ്പുള്ള കേരളത്തിന്റെ സാമൂഹികാവസ്ഥയാണ് രണ്ട് നോവലുകളും പങ്കുവയ്ക്കുന്നത്. വടക്കേ മലബാറിലെ പുലയ സമുദായത്തിന്റെ ജീവിത ചിത്രീകരണത്തിൽ പുലയർ ഉൾപ്പെടെയുള്ള താഴ്ന്ന വിഭാഗം അനുഭവിക്കുന്ന ചൂഷണങ്ങളും സ്വാതന്ത്രത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള സമരങ്ങളും കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങളുമെല്ലാം അവതരിപ്പിക്കുന്നു. ആര്യ സംസ്കാരത്തിന്റെ സവർണ മനോഭാവം പ്രത്യയശാസ്ത്രങ്ങളെയും പുരാണങ്ങളെയും വേദ ഗ്രന്ഥങ്ങളെയും മറയാക്കി കാലാകാലങ്ങളായി ദളിതനെ അടിമകളാക്കി ചൂഷണം ചെയ്യുന്നതിന്റെ കറുത്ത ഏടുകളാണ് ഈ നോവലുകൾ പങ്കുവയ്ക്കുന്നത്.

**അടിമ സമൂഹത്തിന്റെ അദൃശ്യചരിത്രം**

ജാതീയമായ വേർതിരിവുകൾ പ്രകടമായിത്തന്നെ നിലനിന്നിരുന്ന സാമൂഹികവ്യവസ്ഥയിൽ പരിഷ്കരണ ഉദ്യമങ്ങളുടെ ഭാഗമായാണ് 1892-ൽ പോത്തേരി കുഞ്ഞമ്പു സരസ്വതി വിജയം രചിക്കുന്നത്. പുല്ലേലികുഞ്ചു പോലുള്ള ആദ്യകാല നോവൽ മാതൃകകളിൽ ദളിത്പക്ഷ സമീപനം വ്യക്തമാകുന്നുണ്ടെങ്കിലും പൂർണ്ണമായ അർത്ഥത്തിൽ ആദ്യത്തെ ദളിത് നോവലായി സരസ്വതിവിജയത്തെ പരിഗണിക്കാം. ജാതിപ്രഭാവം അസ്തമിച്ചെങ്കിലും ജാതിയമായ വേർതിരിവുകൾ നിലനിൽക്കുന്ന സമകാലിക ഇന്ത്യൻ സാഹചര്യത്തിലെ തിരിഞ്ഞു നോട്ടമാണ് എം. മുകുന്ദന്റെ പുലയപ്പാട്ട്.

മുഖ്യധാര ചരിത്ര ഇടത്തിൽ നിന്നും വിസ്മരിക്കപ്പെട്ടതാണ് ദളിതന്റെ ചരിത്രം. ജനിച്ച മണ്ണിൽ അവസാന ശ്വാസംവരെ ഉഴവുമൃഗത്തെപ്പോലെ പണിയെടുക്കുന്ന ദളിത് മനുഷ്യന്റെ ജീവിതവും ചിന്തകളും പ്രവർത്തികളും അവന്റെ മരണത്തോടൊപ്പം ഇല്ലാതാകുന്നു. മണ്ണിനെയും മനുഷ്യനെയും അറിയുന്ന ആദിമജനതയെ അവഗണിച്ചുകൊണ്ട് സവർണ്ണ ആധിപത്യ

ത്തിന്റെ ശ്രമഫലമായി പുതിയചരിത്രം നിർമ്മിക്കുന്നിടത്തേക്ക് ദളിത് ജീവിത യാഥാർത്ഥ്യത്തിന്റെ ബദൽ ചരിത്രമാണ് സരസ്വതി വിജയവും പുലയപ്പാട്ടും പറഞ്ഞുവയ്ക്കുന്നത്. ചരിത്ര വസ്തുതകളെ അതർഹിക്കുന്ന യഥാർത്ഥ്യത്തോടെ അവതരിപ്പിക്കാൻ സാഹിത്യകൃതികൾക്കു കഴിയും. കൽപിതകഥയാണ് നോവലിന്റെ പ്രമേയമെങ്കിലും കല്പിത ചരിത്രരീതിയിലാണ് (Fictional History) ആഖ്യാനമെങ്കിലും കേരളത്തിലെ ദളിത് അവസ്ഥയുടെ നേർക്കാഴ്ച്ചയാണത്. സാഹിത്യകൃതിയുടെ ഭാവാത്മകമായ അന്തരീക്ഷം യാഥാർത്ഥ്യങ്ങളെ അതിന്റെ തീവ്രതയിൽ അനുവാചകർക്ക് അനുഭവവേദ്യമാക്കും. ചരിത്രപുസ്തകത്തിലെ ദളിത് ആഖ്യാനത്തിനുമപ്പുറം കേരളത്തിലെ ജാതിവെറിയുടെ ക്രൂരമുഖത്തെ പരുഷ ശബ്ദങ്ങളാൽ ആലേഖനം ചെയ്യുന്നതാണ് മലയാളത്തിലെ പല സഹിത്യകൃതികളും. ഇത്തരം കൃതികളുടെ പട്ടികയിൽ സരസ്വതിവിജയത്തിനും പുലയപ്പാട്ടിനും സവിശേഷമായ സ്ഥാനമാണുള്ളത്.

**സവർണ്ണ മേധാവിത്വത്തിനെതിരെയുള്ള ദാർശനികമായ ചെറുത്തുനിൽപ്പ്**

തീയസമുദായത്തേക്കാൾ പ്രശ്നങ്ങൾ പുലയർ അനുഭവിക്കുന്നുണ്ടെന്ന് തിരിച്ചറിഞ്ഞു പുലയരുടെ സാമൂഹികോന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ മുന്നിട്ടറങ്ങിയ സാമൂഹിക പരിഷ്കർത്താവാണ് പോത്തേരികുഞ്ഞമ്പു. ദൽഹിയിലെ ജീവിതത്തിനിടയിൽ ആധുനിക ഇന്ത്യയുടെ ഹൃദയഭൂമിയിൽ താൻ കണ്ട അധ:സ്ഥിതരുടെ ജീവിത ദൈന്യം കേരളത്തിലെ പുലയ ചരിത്രത്തോട് ചേർത്ത് എഴുതാനാണ് എം. മുകുന്ദൻ ശ്രമിക്കുന്നത്. സവർണ്ണ പ്രമാണിമാരുടെ ക്രൂരതകൾക്ക് വിധേയരായി കൊടിയ യാതനകൾ അനുഭവിച്ചിരുന്ന ജനവിഭാഗത്തിന്റെ പുരോഗമനയാത്രയിൽ വിദേശാധിപത്യവും ആധുനിക വിദ്യാഭ്യാസവും സ്വദേശിയമായ നവോത്ഥാന പ്രവർത്തനങ്ങളുമെല്ലാം ചരിത്ര സംഭവങ്ങളായി കടന്നു വരുമ്പോൾ ദാർശനികമായ ചോദ്യം ചെയ്യലിലേക്കാണ് പോത്തേരികുഞ്ഞമ്പുവും എം. മുകുന്ദനും താൽപര്യപൂർവ്വം എത്തിപ്പെടുന്നത്. "കണ്ടാൽ കണ്ണു കഴുകേണ്ടുന്ന ഒരു പുലയൻ ഹേതുവായി ഇത്രയെല്ലാം വന്നുപോയല്ലോ ഈശ്വരാ! ചൂണ്ടി പറഞ്ഞാൽ കുളമാകുന്ന കാലമാണ് ഇത് എന്ന് പലരും പറയാറുണ്ട്. പണ്ടെത്ര പുല

യരെ ജീവനോടെ  കിളങ്കാലിൽ കിടത്തി കിളച്ചിട്ടുണ്ട് എത്ര എണ്ണത്തിനെ ചളിയിൽ മുക്കിയിട്ടുണ്ട്. അതിനൊന്നും കുറ്റമുണ്ടായിട്ടില്ലല്ലോ! എന്തുചെയ്യാം നമ്മുടെ വിധി ഇങ്ങിനെ ആയല്ലോ!" (പോത്തേരി കുഞ്ഞമ്പു; 1892:20) സരസ്വതി വിജയത്തിൽ നമ്പൂതിരിയുടെ ഭാര്യ ഇപ്രകാരം വിധിയെയോർത്ത് വിലപിക്കുന്നുണ്ട്. ചവിട്ടി താഴ്ത്തപ്പെട്ട നൂറു കണക്കിന് ദളിതരുടെ നൂറ്റാണ്ടുകളുടെ ചരിത്രം വ്യക്തമാകുമ്പോഴും തങ്ങൾ ചെയ്യുന്നതിലെ നീതികേടിനെ തിരിച്ചറിയാതെ തങ്ങൾക്കുവന്നത് വിധിയെന്നോർക്കുന്ന ബ്രാഹ്മണ മേധാവിത്വത്തെ ദാർശനികമായി ചോദ്യം ചെയ്യുകയാണ് സരസ്വതി വിജയത്തിൽ. "പൊലേന്മാരായാല് തമ്പുരാക്കന്മാരെ ആട്ടും തുപ്പും കിട്ടും, ആയിനെന്താ, ഓലാന്മക്ക് അരീം നെല്ലും തര്ന്നത്. അതോണ്ടാ ന്മള് കഞ്ഞി കുടിക്കുന്നത്." (എം.മുകുന്ദൻ; 2005) പകലന്തിയോളം പണിയെടുത്തിട്ടും തമ്പുരാന്റെ ദയയാണ്  തങ്ങളുടെ ഭക്ഷണമെന്ന് സംതൃപ്തിയോടെ വിശ്വസിച്ചിരുന്ന ദളിത് ബോധത്തെ എം. മുകുന്ദൻ പുലയപ്പാട്ടിൽ പ്രശ്നവൽക്കരിക്കുന്നു.
വരേണ്യതയുടെ കപട ചിന്താപദ്ധതികൾ ബ്രാഹ്മണനെ മിഥ്യാലോകത്ത് ജീവിക്കാൻ തല്പരനാക്കുന്നു. മനുസ്മൃതിയും പുരാണങ്ങളും വിശ്വാസങ്ങളുമെല്ലാം അതിനെ ഊട്ടി ഉറപ്പിക്കുന്നു. സംസ്കൃതം അറിഞ്ഞുകൂടാത്ത ദളിതൻ തന്റെ സ്വത്വത്തെ വിലമതിക്കാതെ ബ്രാഹ്മണ്യം കൃത്രിമമായി സൃഷ്ടിച്ചെടുത്ത ആധിപത്യത്തിന്റെ അജ്ഞതയിൽ നമ്പൂതിരിയെ സേവിച്ച് അതു തന്റെ ജോലിയാണെന്ന് വിശ്വസിച്ചു ജിവിക്കുന്നു.

വിദ്യാഭ്യാസവും സമ്പത്തും ബ്രാഹ്മണനിൽ മാത്രം കേന്ദ്രീകരിക്കണമെന്നും മറ്റെല്ലാവർക്കും അത് നിഷിദ്ധമാണെന്നും സവർണ്ണ മേധാവിത്വം പഠിപ്പിച്ചിരുന്നു. ഇത്തരത്തിൽ പ്രത്യശാസ്ത്രപരമായും വിശ്വാസപരമായും നിലനിന്നിരുന്ന വഞ്ചനയുടെ കപട മുഖങ്ങളെ ചരിത്രപരമായും ദാർശനികമായും ചോദ്യം ചെയ്യുകയാണ് രണ്ടു നോവലുകളിലും.

ദളിത് സഹിത്യം പ്രകടരൂപം പ്രാപിച്ചതിനുശേഷമുള്ള കൃതിയായ പുലയപ്പാട്ട് പരിശോധിക്കുമ്പോൾ അംബേദ്കർ ദർശനങ്ങളുടെ പ്രഭാവം വ്യക്തമാണ്. 1956-ൽ അംബേദ്കറുടെ നേതൃത്വത്തിൽ ദളിത് സാഹിത്യ സമ്മേളനം ആസൂത്രണം ചെയ്യപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ അകാലമരണം മൂലം അതും നടന്നില്ല. പിന്നീട് 1958-ൽ നടന്ന സമ്മേളനം ദളിത് സാഹിത്യത്തെ

ക്കുറിച്ച് കൃത്യമായ നിർവചനം നിൽകുന്നുണ്ട്. ദളിതരാൽ എഴുതപ്പെടുന്നതോ ദളിതരെക്കുറിച്ച് മറ്റുള്ളവർ എഴുതുന്നതോ ആയ സാഹിത്യ മാണ് ദളിത് സാഹിത്യം. സാഹിത്യകൃതികൾ അവലംബമാക്കേണ്ടത് ബുദ്ധ സാഹിത്യത്തെയാണെന്ന ചിന്ത നിലനിന്നിരുന്നു. ബൗദ്ധ ചിന്തയുടെ ഭാഗമായി കൃതിയെ വിലയിരുത്തുമ്പോൾ പുലയപ്പാട്ടിലെ ഗൗതമൻ എന്ന കഥാപാത്ര രൂപീകരണം ദളിത്ദർശനങ്ങൾക്ക് ആക്കം കൂട്ടുന്നു. ഗൗതമന്റെ ജനനം മുതൽ അവന്റെ ജീവിതത്തിലെ ഓരോ ഘട്ടത്തേയും ഗൗതമബുദ്ധനുമായി ബന്ധപ്പെടുത്തിയാണ് അവതിരിപ്പിക്കുന്നത്. ആര്യവൽക്കരണ കാലത്ത് കേരളത്തിലെ അടിസ്ഥാന വർഗം ബുദ്ധമതത്തോട് ബന്ധപ്പെട്ടിരുന്നു എന്ന് വശ്വസിക്കപ്പെടുന്നു. ബുദ്ധമതം അധകൃതരോടു കാണിച്ച വിശാലമായ വീക്ഷണത്തെ സംബന്ധിച്ചും തെളിവുകളുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് എം. മുകുന്ദൻ ഗൗതമനേയും ബുദ്ധനെയും സാമ്യപ്പെടുത്തുന്നത്. ബുദ്ധൻ അറിവുകൊണ്ട് ഉന്നതിയിലെത്തിയതുപോലെ അറിവുകൊണ്ട് സ്വത്വം വീണ്ടെടുക്കുകയാണ് പുലയപ്പാട്ടിലെ ഗൗതമനും.

**വിദ്യാഭ്യാസം എന്ന അടിസ്ഥാന ഘടകം**

ബ്രാഹ്മണ്യത്തിന്റെ നിയമങ്ങൾ കീഴാളർക്ക് വിദ്യാഭ്യാസം നിഷിധമാണെന്ന് അനുശാസിച്ചിരുന്നു. വിദ്യാഭ്യാസത്തിലൂടെയും അന്ധവിശ്വാസങ്ങളെ ഉച്ചാടനം ചെയ്യുന്നതിലൂടെയും മാത്രമേ ദളിതർക്ക് ഉന്നമനം സാധ്യമാവുകയുള്ളൂ എന്ന് വിശ്വിക്കുന്നവരാണ് രണ്ട് എഴുത്തുകാരും. “ഈ വിവരം നമ്മെ മുൻപിൽ എന്തുകൊണ്ട് അറിയിച്ചില്ല? നിങ്ങൾക്ക് എഴുത്തു പഠിക്കാൻ പാടില്ലല്ലോ, എഴുത്തു പഠിച്ചാൽ നിങ്ങൾക്ക് എന്നു വേണ്ട നാട്ടിൽ തന്നെ ദാരിദ്ര്യം പിടിക്കും. കഷ്ടം!” (പോത്തേരികുഞ്ഞമ്പു ;1892:72) പുലയക്കുട്ടിയെ വിദേശീയർ വിദ്യാഭ്യാസം കൊടുക്കാൻ കൊണ്ടുപോയി എന്നറിയുന്ന നമ്പൂതിരി ആകുലപ്പെടുമ്പോൾ അന്ധവിശ്വാത്തെയാണ് അദ്ദേഹം മുറുകെ പിടിക്കുന്നത്. ശൂദ്രർ വിദ്യാഭ്യാസം ചെയ്താൽ മഴ പെയ്യില്ലെന്നും ദാരിദ്ര്യം ദേശത്തെ പിടിമുറുക്കുമെന്ന അന്ധവിശ്വാസം ദളിതന്റെ മനസിലേക്കും ആഴ്ത്തിയിറക്കി വിദ്യയുടെ മേഖലയിൽ നിന്നും അവനെ അകറ്റി നിർത്തുന്നു. പുലയപ്പാട്ടിലെ കറുപ്പൻ തന്റെ മകന് നിലനിന്നിരുന്ന പുലയ നാമങ്ങൾ നൽകാതെ ഗൗതമൻ എന്ന് പേരിടുമ്പോൾ ചിരുകണ്ടൽ നമ്പ്യാർ

മുന്നറിയിപ്പു നൽകുന്നുണ്ട്. "പേരെന്ത് വേണേങ്കിലും ഇട്ടോ, ചെക്കനെ പൊലയനായി വളർത്ത്യാല് മതി" (എം. മുകുന്ദൻ; 2005) സംസ്കൃതവും മാനകഭാഷയും അറിഞ്ഞുകൂടാത്ത ദളിതരുടെ മുന്നിൽ മനുനുസ്മൃതിയുടെ ശ്ലോകങ്ങൾ ചൊല്ലികേൾപ്പിച്ചു അതിന്റെ മഹത്വം അടിച്ചേൽപ്പിക്കുന്ന സവർണ്ണ മേധവിത്വം കീഴാളരെ അന്ധതയിൽ തളച്ചീടുന്നു. ഇത്തരത്തിലുള്ള അന്ധതയിൽ നിന്നും തങ്ങളുടെ സ്വത്വം തിരിച്ചറിഞ്ഞ് പുരോഗമനത്തിലേക്ക് എത്തിച്ചേരാനുള്ള ശരിയായ മാർഗം വിദ്യാഭ്യസമാണെന്ന ആത്യന്തിക സത്യം രണ്ടു നോവലുകളും പങ്കുവയ്ക്കുന്നു.

വിദ്യാധനം സർവ്വധനാൽ പ്രധാനം  എന്ന ചൊല്ലിനെ അനർത്ഥമാക്കി സരസ്വതിയാൽ വിജയം കൈവരിച്ച മരത്തനും അറിവിലൂടെ സ്വത്വത്തെ വീണ്ടെടുത്ത് രാജ്യത്തിന്റെ പ്രഥമ പൗരനായിത്തീരുന്ന ഗൗതമനും വിദ്യാഭ്യാസത്തിലൂടെ ശക്തി പ്രാപിച്ച സ്ത്രീ കഥാപാത്രം ഗൗരിയുമെല്ലാം വിദ്യാഭ്യാസ ചിന്തയുടെ വാഹകർ തന്നെ. വിദേശ മിഷണറിമാരുടെ ശ്രമഫലമുണ്ടായ സാമൂഹികമായ മാറ്റങ്ങളെ ശ്രദ്ധാപൂർവ്വം നോക്കിക്കാണുന്ന നോവിലിസ്റ്റുകൾ കോളോണിയൽ ആധുനികതയുടെ ഫലമായ ഇംഗ്ലീഷ് വിദ്യാഭ്യസത്തെ സാമൂഹിക പുരോഗതിയുടെ ബദൽ മാർഗമായി അംഗീകരിക്കുന്നു.

ദളിത് ജനജീവിതത്തിന്റെ വിശ്വാസങ്ങളും ആചാരങ്ങളും ഉൾക്കൊള്ളുന്ന സാംസ്കാരിക ചിത്രം, സ്ത്രീ ഉന്നമനത്തിന്റെ സവിശേഷമായ കാഴ്ചപ്പാട്, ദേശീയ പ്രസ്ഥാനത്തിന്റെയും നവോത്ഥാന മുന്നേറ്റത്തിന്റെയും ചരിത്ര സന്ധികളുമെല്ലാം രണ്ടു നോവലുകളും പങ്കുവയ്ക്കുന്നുണ്ട്. നൂറു വർഷത്തിലധികം അന്തരം രണ്ടു നോവലിന്റെയും രചനാകാലത്തിനുണ്ടെങ്കിലും ചരിത്രപരമായി കേരളം അനുഭവിച്ചിരുന്ന ജാതി വേർതിരിവിന്റെ അന്തരമില്ലാത്ത നേർ ചിത്രമാണ് പങ്കുവയ്ക്കുന്നത്.

## സഹായകഗ്രന്ഥങ്ങൾ

1. കുഞ്ഞമ്പു പോത്തേരി, 2013, സരസ്വതിവിജയം, ചിന്ത

പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

2. തരകൻ കെ.എം., 1978, മലയാള നോവൽ സാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശൂർ.
3. പുരുഷോത്തമൻ കെ.സി., 2008, ദളിത് സാഹിത്യപ്രസ്ഥാനം, ഡി.സി. ബുക്ക്സ്, കോട്ടയം.
4. മുരളി കവിയൂർ, 2001, ദളിത് സാഹിത്യം, കറന്റ് ബുക്ക്സ്, തൃശൂർ.
5. മുകുന്ദൻ എം, 2010, പുലയപ്പാട്ട്, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.

# 'അലിംഗം' - നായികാനടന്റെ ജീവിതം അരങ്ങിലും അണിയറയിലും

രമ്യമോൾ ജി.
ഗവേഷക, ഗവ.കോളേജ് കട്ടപ്പന

"കഥാപാത്രമായിക്കഴിഞ്ഞാൽ സ്വയം മറക്കണം
മനസും ശരീരവും കഥാപാത്രത്തിനു സമർപ്പിക്കണം".

ഉയിരും ഉടലും അരങ്ങിൽ സമർപ്പിച്ചിട്ടും മലയാളക്കര വേണ്ടത്ര അംഗീകാരം നൽകാതെ പോയ നായികാനടനായ ഓച്ചിറ വേലുക്കുട്ടിയുടെ ജീവിതത്തെ ആസ്പദമാക്കി എസ്. ഗിരീഷ്കുമാർ രചിച്ച നോവലാണ് 'അലിംഗം'. വേലുക്കുട്ടിയുടെ ജീവിതം ഭാവനാത്മകമായി ആവിഷ്ക്കരിക്കുന്നതിനൊപ്പം ഒരു നാടിന്റെ സാമൂഹിക - സാംസ്കാരിക നവോത്ഥാന ചരിത്രം കൂടി നോവൽ ഉൾവഹിക്കുന്നുണ്ട്. ലിംഗസമത്വം എന്ന ആശയം ചിന്തയിൽ പോലും വരാത്ത ഒരു കാലഘട്ടത്തിൽ ആണായി പിറന്ന് നിറഞ്ഞുനിന്ന പെൺസ്വത്വത്തോടെ, ദ്വന്ദ്വവ്യക്തിത്വത്തോടെ ജീവിക്കേണ്ടി വന്ന വേലുക്കുട്ടി അനുഭവിച്ചിരിക്കാൻ സാധ്യതയുള്ള സംഘർഷങ്ങളാണ് ഭാവനാത്മകമായി എഴുത്തുകാരൻ ആവിഷ്ക്കരിക്കുന്നത്.

ഇവിടെ വേലുവിന്റെ ജീവിതം ഒരു പാഠമാണ് എന്ന് ആമുഖത്തിൽ തന്നെ നോവലിസ്റ്റ് സൂചിപ്പിക്കുന്നുണ്ട്. രചനയുടെ നിർവഹണത്തോടെ എഴുത്തുകാരൻ മരിക്കുകയും വായനക്കാരൻ ജനിക്കുകയും ചെയ്യുന്നു എന്ന ബർത്തിന്റെ ആശയപ്രസക്തമാണ്. ഓരോ വായനക്കാരനും കണ്ടെത്തുന്ന ഭിന്നമായ അർത്ഥതലങ്ങൾ സർഗ്ഗാത്മകതയുടെ ഉറവിടമാണ്. നാം ഓരോരുത്തരും ഇവിടെ ഭിന്ന പാഠങ്ങളുടെ നിർമ്മാതാക്കളായി മാറുന്നു. വായനക്കാരന്റെ ഭാവനയുടെ സ്വാതന്ത്ര്യത്തിലാണ് വേലുക്കുട്ടി എന്ന നായികാനടന്റെ ജീവിതം വിഹരിക്കുന്നത്.

**ഓർമ്മകളിൽ തെളിയുന്ന ജീവിതം**

മലയാളനാടകവേദിയിൽ പെൺവേഷങ്ങളിൽ തിളങ്ങി നിന്ന ഓച്ചിറ വേലുക്കുട്ടി അരങ്ങ് വിട്ട് രോഗാതുരനായി കഴിയുന്ന, അദ്ദേഹത്തിന്റെ അവസാന നാളുകളിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. തന്റെ ആഗ്രഹമായ നാടകരചനയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവും അനുയോജ്യം തന്റെ ജീവിതം തന്നെയാണ് എന്ന തിരിച്ചറിവിൽ നിന്ന് നാടകമെഴുതും രീതിയിലാണ് നോവലിന്റെ ആഖ്യാനം. തന്റെ ഭൂതകാലത്തെയന്വേഷിക്കുന്ന വേലുക്കുട്ടിയിൽ ഓർമ്മകൾ ക്രമരഹിതമായി മിന്നിമറയുന്നു. ആത്മവിമർശനപരമായി അതിനെ സമീപിക്കുന്നു. തന്റെ അനുഭവങ്ങൾക്കൊപ്പം നാടകചരിത്രം, സാമൂഹിക - സാംസ്കാരിക നവോത്ഥാന പരിഷ്കരണങ്ങളും എല്ലാം ഓർമ്മയിൽ തെളിയുന്നു.

“പറയാൻ പറ്റുന്ന ഒരേയൊരു കഥ സ്വന്തം കഥയാണ്. ഒരു തരത്തിൽ പറഞ്ഞാൽ നാടകത്തെ തോൽപിക്കുന്ന ജീവിതകഥ സംഭവങ്ങൾ ഓരോന്നായി ഓർത്തെടുക്കണം. അടുക്കും ചിട്ടയുമില്ലാതെ ആഘോഷിച്ച ജീവിതമാണ്. അതൊന്നിനു മുകളിൽ ഒന്നായി അടുക്കണം. എന്നിട്ടു നാടകീയത മുറ്റുന്ന സന്ദർഭങ്ങൾ അടർത്തിമാറ്റി രംഗങ്ങളും ദൃശ്യങ്ങളുമായി കൊരുക്കണം”.

**അരങ്ങിലെ വിജയവും അണിയറയിലെ പരാജയവും**

സ്ത്രീവേഷങ്ങളിലൂടെ നായികനടനായി അരങ്ങുവാണിരുന്ന വേലുക്കുട്ടി, ഏറ്റവും കൂടുതൽ കൂടുതൽ കൂലി വാങ്ങിയഭിനയിച്ച നടൻ, വൺസ്മോറുകൾകൊണ്ട് പ്രേക്ഷകമനസിൽ തിളങ്ങിയ മോഹിനിരൂപം, പെൺസൗന്ദര്യത്തെ വെല്ലുവിളിച്ചുകൊണ്ട് സ്ത്രീസൗന്ദര്യസങ്കല്പം മലയാളികളിൽ നിറച്ച അതുല്യ നടൻ എന്നിങ്ങനെ അരങ്ങിലെ വിശേഷണങ്ങളേറെ. അഭിനയം ജീവാത്മാവായി കണ്ട മഹാപ്രതിഭയെ സംബന്ധിച്ചിടത്തോളം കലോപാസന ശൈവോപാസന തന്നെയാണ്, അർദ്ധനാരിശ്വരോപാസന. അവിടെ ലിംഗഭേദമോ ജാതിഭേദമോ ഇല്ല. അപ്പനെ പിൻതുടർന്ന് ഭജനപ്പാട്ടിലാരംഭിക്കുന്ന ആ ഈശ്വരോപാസന വിജയം കൈവരിക്കുന്നത് നാടകത്തിലാണ്. അമ്മാവനായ കുട്ടിശ്വരനാണ് വേലുവിന് നാടകത്തിലേക്കുള്ള വഴി തുറന്നുകൊടുക്കുന്നത്.

“ലോകം മാറുകയാണ്. സാധാരണക്കാരായ ആളുകളിൽ നാടകം വലിയ തോതിൽ അംഗീകരിക്കപ്പെടുന്നു. പല ജാതികളിൽ നിന്നായി നടന്മാർ ഭാഗ്യപരീക്ഷണത്തിന് എത്തുന്നു. ജാതിക്കും മതത്തിനും അപ്പുറം ആർക്കും എത്താവുന്ന ഇടമായി നാടകം മാറുന്നു. കഴിവുണ്ടെങ്കിൽ വേലുവിനും അവിടെ പ്രവേശനം ലഭിക്കും”.

കഴിവുള്ളവനു മാത്രം അംഗീകാരം ലഭിക്കുന്ന ഇടമാണ് നാടകം. കഴിവുണ്ടെങ്കിൽ വേലു എല്ലാം സ്വയം നേടിക്കൊള്ളും. എന്നതിനൊപ്പം വേലുവിൽ വിളങ്ങി നിന്ന പ്രകൃത്യാലുള്ള സ്ത്രീത്വത്തെയും കുറിച്ചുള്ള തിരിച്ചറിവുമായിരുന്നു വേലുവിനെ ബാലനടനസഭയിൽ ചേർക്കാനുള്ള അമ്മാവന്റെ തീരുമാനത്തിനു പിന്നിൽ. “ആരെയും ആകർഷിക്കുന്ന നീണ്ടുവിടർന്ന കണ്ണുകൾ വെളുത്ത വട്ടമുഖം. സ്ത്രൈണത തുടിക്കുന്ന കവിളുകൾ തോളറ്റവും കടന്നു കിടക്കുന്ന ഇടതൂർന്ന മുടി അതായിരുന്നു എന്റെ ഏറ്റവും വലിയ സമ്പാദ്യം. സൗന്ദര്യം കൊണ്ടു ലഭിച്ച സൗഭാഗ്യം”. തനിക്കുശേഷം സ്ത്രീപാർട്ടിൽ വേലുവിന് തിളങ്ങനാകും എന്നമ്മാവൻ വിശ്വസിച്ചു. എന്നാൽ ചെറുപ്പം മുതലേ പെണ്ണ് എന്നു വിളിച്ചുള്ള കളിയാക്കലുകളിൽ വിഷമിച്ചിരുന്ന തനിക്ക് രാജപ്പാർട്ടുകെട്ടി ആണാകാനായിരുന്നു താത്പര്യം. എന്നാൽ സ്ത്രീസഹജമായ ആകാരവടിവും ഭാവ-ചലനങ്ങളും വേലുവിനെ സ്ത്രീപാർട്ടുകാരനാക്കി, നായികാനടനാക്കി. ഗുരുതുല്യരായവർ വരെ തനിക്കിണങ്ങുക സ്ത്രീവേഷമാണെന്ന് മുദ്രകുത്തിയതോടെ നാടകത്തെ വെറുത്തു തുടങ്ങിയ വേലുകുട്ടിയെ വീട്ടിലെ ദാരിദ്ര്യം വീണ്ടും വീണ്ടും സ്ത്രീയായി അരങ്ങിലെത്തിച്ചു. അമ്മാവന്റെ മാർഗ്ഗം പിന്തുടർന്ന് അനന്തരവനും സ്ത്രീപാർട്ടുകാരനായി, ചന്ദ്രമതിയായി, ദമയന്തിയായി, ശകുന്തളയായി, നല്ല തങ്കയായി, ലെക്പെഷ്വാൾ ദാസിയായി തന്റെയുള്ളിലെ സ്ത്രീത്വത്തെ അരങ്ങിൽ തെളിയിച്ചുകൊണ്ടിരുന്നു.

“പെണ്ണായി അരങ്ങത്തു വന്നാൽ സാക്ഷാൽ പെണ്ണുപോലും തോൽക്കുന്ന സൗന്ദര്യത്തിനുടമയായിരുന്നു വേലുക്കുട്ടിയെന്ന പെൺനടൻ”[1].

കരുണയിലെ വാസവദത്തായിരുന്ന അതിലേറ്റവും മികച്ചത്. അരങ്ങിൽ വാസവദത്തയായി അഭിനയിച്ച് മുന്നേറുമ്പോൾ അണിയറയിൽ തന്റെയുള്ളിലെ വാസവദത്തയുമായി സംഘർഷത്തിലേർപ്പെട്ട് പരാജയപ്പെടുകയായിരുന്നു.

അരങ്ങിൽ തന്നെ അംഗീകരിക്കുന്നവർ യഥാർത്ഥജീവിതത്തിലെ സ്ത്രൈണതയെ പരിഹസിക്കുയാണ് എന്ന തിരിച്ചറിവ് വേലുവിന്റെ ജീവിതത്തെ സംഘർഷാത്മകമാക്കികൊണ്ടിരുന്നു. സമൂഹത്തിന്റെ ഒറ്റപ്പെടുത്തലുകൾക്കൊപ്പം കുടുംബത്തിൽ നിന്നുവരെ ചോദ്യങ്ങളുണ്ടായപ്പോൾ താൻ പിറന്നത് ആണായിട്ടാണ്. ആണായി തന്നെ ജീവിക്കും എന്നുറപ്പിച്ച വേലു പുരുഷത്വം തെളിയിക്കുന്നതിനുള്ള ഇടങ്ങളായി മദ്യശാലകളെയും വേശ്യാലയങ്ങളെയും കണ്ടു. അമിതമായ ലഹരിയുടെ ഉപയോഗം പതുക്കെ അരങ്ങിൽ നിന്നു വേലുവിനെ അകറ്റി. അങ്ങനെ കാൽക്കാശിനു വകയില്ലാതെ പ്രമേഹബാധിതനായി മരണത്തെ മുഖത്തോടുമുഖം നോക്കി കിടക്കുകയാണ് അരങ്ങിലെ അതുല്യ പ്രതിഭ.

**ആൺ - പെൺ ദ്വന്ദ്വസംഘർഷം**

ആൺ - പെൺ എന്നീ ലിംഗചിന്തകൾപ്പുറത്തേക്ക് മൂന്നാംലിഗം എന്ന സ്വത്വത്തെ മലയാളികൾ അംഗീകരിച്ചു തുടങ്ങിയിട്ട് അധികനാളുകളായിട്ടില്ല. വേലുവിന്റെ ജീവിതകാലഘട്ടത്തിൽ ലിംഗസമത്വം എന്ന ചിന്തക്കുപോലും സ്ഥാനമുണ്ടായിരുന്നില്ല. സമൂഹസൃഷ്ടിയായ ലിംഗഘടനക്കപ്പുറത്തേക്ക് സഞ്ചരിക്കേണ്ടി വരുന്നവർക്ക് ശക്തമായ പരിഹാസവും കുറ്റപ്പെടുത്തലും തിരസ്കാരങ്ങളുമായിരുന്നു ഫലം. ആത്മഹത്യ അല്ലെങ്കിൽ അന്യദേശങ്ങളിൽ അഭയം പ്രാപിക്കുക എന്നതിനപ്പുറത്തേക്ക് ആ ജീവിതം വിഷയമാകാറില്ല. ഇത്തരമൊരു സമൂഹത്തിൽ ജീവിച്ച വേലുക്കുട്ടിയുടെ അനുഭവവും വ്യത്യസ്തമായിരുന്നില്ല. ഭിന്നലിംഗത്തിൽപ്പെട്ട വ്യക്തിയനുഭവിക്കാൻ സാധ്യതയുള്ള എല്ലാ തലങ്ങളിലൂടെയും വേലുക്കുട്ടി കടന്നു പോയിരിക്കാം എന്ന സാധ്യതകളാണ് നോവലിസ്റ്റവതരിപ്പിക്കുന്നത്. "പെണ്ണിനെ സൃഷ്ടിക്കുന്ന ജോലിയിൽ വ്യാപൃതനായിരുന്ന ബ്രഹ്മാവിന് അവയവങ്ങൾ ഫിറ്റുചെയ്യുമ്പോൾ അവിചാരിതമായി പറ്റിയ തെറ്റുകൊണ്ടു മാത്രമാണ് വേലുക്കുട്ടി ഒരു പുരുഷനായിപ്പോയത്. തൊണ്ണൂറ്റിഒൻപത്

ശതമാനം സ്ത്രീത്വം തുളുമ്പുന്ന പുരുഷൻ. ഞാൻ പരിചയപ്പെടുന്ന കാലത്ത് അദ്ദേഹം പെണ്ണുങ്ങളെപ്പോലെ തലമുടി പനങ്കുല കണക്കെ വളർത്തിയിട്ടുണ്ടായിരുന്നു. സ്ഫടികക്കുപ്പിയിലിട്ട പരൽമീൻ പോലുള്ള കണ്ണുകൾ, അംഗനമാരുടെ ആകാരവടിവ്, അന്നനട. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുന്ന കാലത്താണ് ഞാൻ വേലുക്കുട്ടിയുടെ അഭിനയം കാണുന്നത് അത്ഭുതം തോന്നി. കണ്ണുകളുടെ, മാംസപേശികളുടെ, വിരൽത്തുമ്പുകളുടെയൊക്കെ ചലനങ്ങൾക്ക് വികാരം പകരാൻ ഈ ശക്തിയുണ്ടെന്ന് അന്നാണെനിക്ക് അനുഭവിച്ചറിയാൻ കഴിഞ്ഞത്''. എന്ന ടി. എൻ. ഗോപിനാഥൻ നായരുടെ അനുഭവസാക്ഷ്യം മാത്രം മതി വേലുവിലെ സ്ത്രീത്വത്തെ മനസിലാക്കാൻ.

സ്ത്രീ - പുരുഷ ദ്വന്ദ്വസംഘർഷം ആദ്യന്തം വേലുവിനെ പിന്തുടർന്നിരുന്നു. ബാല്യം മുതലെ ഈ സ്വത്വസംഘർഷം വേലുവിൽ അപകർഷകതാബോധം ജനിപ്പിച്ചിരുന്നു. കൂട്ടുകാരുടെ കളിയാക്കിയുള്ള നാണി എന്ന വിളി അവനെ മാനസികമായി തളർത്തിയിരുന്നു. ഒരു വ്യക്തിയുടെ സ്വത്വനിർണ്ണയത്തിൽ സാമൂഹികമായ ഇടപെടലുകൾ എങ്ങനെ സംഘർഷഭരിതമാക്കുന്നു എന്ന് വേലുവിന്റെ ജീവിതത്തിലൂടെ നോവലിസ്റ്റ് വരച്ചിടുന്നു. സമൂഹത്തെ ബോധ്യപ്പെടുത്താൻ വേണ്ടി പുരുഷത്വത്തിന്റെയിടങ്ങൾ എന്ന് സമൂഹമംഗീകരിച്ച മദ്യശാലകളിലും വേശ്യാലയങ്ങളിലും അഭയം പ്രാപിക്കുന്ന വേലു, മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ വേണ്ടി വിവാഹം കഴിച്ച് പരാജിതനായി നിൽക്കേണ്ടി വരുന്ന വേലു, നാടകം വേണ്ട എന്നു തീരുമാനിക്കുന്ന വേലു ഹൃഷികേശിൽ പോയി സന്യാസം സ്വീകരിച്ച് പേരു മാറ്റി തിരിച്ചുവന്ന വേലു ഇതെല്ലാം തന്റെ സ്വത്വത്തിൽ നിന്ന് ഒളിച്ചോടാനുള്ള അല്ലെങ്കിൽ സമൂഹം നിശ്ചയിച്ച ലിംഗഘടനക്കുള്ളിൽ ഒതുങ്ങാനുള്ള വൃഥാ ശ്രമങ്ങളായിരുന്നു. തന്റെയുള്ളിലെ സ്ത്രീത്വത്തെ പുറത്താക്കാൻ ശ്രമിക്കുമ്പോൾ അത് അവയവചലനമായും മുഖലാവണ്യമായും വേലുവിനെ വിട്ടൊഴിയുന്നില്ല. മനസും ശരീരവും കഥാപാത്രങ്ങൾക്കായി സമർപ്പിച്ച്, നിയന്ത്രിക്കാൻ കഴിയാത്തവിധം കഥാപാത്രങ്ങൾ വേലുവിനെ ഏറ്റെടുക്കുന്ന കാഴ്ചയാണ് നോവലിൽ കാണാനാകുന്നത്.

ആത്മഗതങ്ങളിലൂടെയാണ് വേലുവിന്റെ മാനസികസംഘർഷം വെളിവാകുന്നത്. "പെൺപാർട്ടിൽ നിൽക്കുമ്പോൾ എല്ലാവരും പുകഴ്ത്തും. പാർട്ടഴിച്ചു കഴിഞ്ഞാൽ തന്നിലെ പെണ്ണിനെ നോക്കി പരിഹാസപൂർവ്വം ചിരിക്കും ഇപ്പോൾ അതൊക്കെ ശീലമായി മാറിയിരിക്കുന്നു. ആഗ്രഹിക്കുമ്പോൾ പെണ്ണായി മാറാനും അല്ലാത്തപ്പോൾ ആണായി മാറാനും താൻ മഹാവിഷ്ണുവൊന്നുമല്ലല്ലോ? പെൺ പാർട്ടെടുക്കുമ്പോൾ എത്രത്തോളം പെണ്ണഴക് ഒഴിവാക്കാൻ പറ്റുമെന്നും അറിയണം. ആളുകൾ അതാണ് ആവശ്യപ്പെടുന്നത് അരങ്ങിലും ജീവിതത്തിലും അഭിനയിക്കാൻ പഠിക്കണം. ജീവിതം മുഴുവനും നാടകം".

"ജന്മനാ കിട്ടുന്ന ചിലതൊക്കെ പറിച്ചെറിയുക സാധ്യമാണോ? ഒഴിവാക്കാൻ കഴിയുന്നത് അപൂർണ്ണമായ സ്ത്രീവേഷങ്ങളാണ്"".

വേലുവിലെ ശരീരവും മനസും തമ്മിലുണ്ടാകുന്ന ആത്മസംഘർഷം ഇവിടെ വ്യക്തമാകുന്നു. തനിക്ക് കിട്ടിയ അംഗീകാരങ്ങളെല്ലാം തന്നിലെ സ്ത്രീത്വത്തിന് ലഭിച്ചതാണ് എന്ന് തിരിച്ചറിവ് വേലുവിനെ നാടകരങ്ങിൽ നിർത്തുന്നു. താൻ യഥാർത്ഥ സ്ത്രീയാണോ എന്ന് കരുതി ഒളിഞ്ഞു നോക്കിയതും, വേഷമഴിച്ച് പരിശോധിക്കാൻ ആവശ്യപ്പെടുന്നതുമൊക്കെ തന്നിലെ സ്ത്രൈണതയുടെ വിജയമാണ്. വാരസുന്ദരിയായി യുവമനസുകളിൽ താൻ വിഹരിക്കുന്ന എന്ന തിരിച്ചറിവ് വേലുവിനെ സന്തോഷിപ്പിക്കുന്നു. താൻ സ്ത്രീയാണോ പുരുഷനാണോ എന്ന് പന്തയം വെച്ചുവന്ന യുവാക്കൾക്കുള്ള മറുപടി ഏറെ ചിന്താനീയമാണ്. "നിർഭാഗ്യവശാൽ ഞാൻ പുരുഷനായി ജനിച്ച സ്ത്രീയായിപ്പോയി. മറ്റുള്ളവർക്ക് ഫലിതമാണെന്നു തോന്നിയെങ്കിലും വേലുവിനത് സ്വത്വപ്രതിസന്ധിയുടെ വാക്പ്രകടനമായിരുന്നു. ആ യുവാക്കൾ ചോദിച്ച ചോദ്യം തന്റെ തന്നെ ഉള്ളിലുള്ള സംശയമാണ്. "പുരുഷനും സ്ത്രീക്കുമിടയിലെ ഉമ്മറപ്പടിമേലാണ് തനിക്കിപ്പോൾ സ്ഥാനം. അതൊട്ട് ആളുകളോട് പറയാനും കഴിയുന്നില്ല". എങ്കിലും അരങ്ങിൽ തന്റെ പ്രിയതമനായിരുന്ന, ജീവിതത്തിലും ആകാൻ ആഗ്രഹിച്ച കുഞ്ഞുഞ്ഞു ഭാഗവതർ താൻ സ്ത്രീയാണെന്ന് പറയുന്നതു കേൾക്കാൻ വേലുവിലെ സ്ത്രീ കൊതിക്കുന്നുണ്ട്. വേലുവിലെ സ്ത്രീത്വത്തിന് കല്യാണിയിലെ

പുരുഷത്വത്തിനോടു തോന്നിയതാണോ ആദ്യപ്രണയം എന്ന് നോവലിസ്റ്റ് പറയാതെ പറയുന്നുണ്ട്. പെണ്ണാണ് എന്ന് ചായപ്പിടികയിൽ വച്ച് എല്ലാവരും പരിഹസിക്കുമ്പോൾ നിശബ്ദനായി കുനിഞ്ഞിരുന്ന കരയുന്ന വേലു ഏവരിലും വേദന നിറയ്ക്കുന്ന കാഴ്ചയാണ്. പുരുഷശരീരത്തിനുള്ളിലെ സ്ത്രീഭാവങ്ങൾ സൃഷ്ടിക്കുന്ന വേലിയേറ്റങ്ങൾ വേലുവിനെ ആദ്യന്തം വേട്ടയാടിക്കൊണ്ടിരിക്കുന്നു.

## ഓർമ്മയിൽ തെളിയുന്ന നാടകചരിത്രവും നവോത്ഥാന ചരിത്രവും

20–ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം സാമൂഹിക സാംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങളുടെ കാലമായിരുന്നു. ജാതിവ്യവസ്ഥയും ജന്മിത്വവും ശക്തമായ സ്വാധീനചെലുത്തിയിരുന്ന കാലം. ഇത്തരമൊരു കാലത്തിലാണ് വേലുവിന്റെ ജീവിതം. ഇതിനൊപ്പം തന്നെ മലയാള നാടകത്തിന്റെ ഉത്ഭവവികാസചരിത്രവും നോവൽ സംവദിക്കുന്നുണ്ട്.

കൊയ്ത്തുകഴിഞ്ഞ പാടങ്ങളിലും വീട്ടുമുറ്റങ്ങളിലും കെട്ടിയ താത്കാലിക കൊട്ടകയിൽ നിന്ന് സ്ഥിരം സ്റ്റേജുകളിലേക്കുള്ള നാടകത്തിന്റെ വികാസം നോവൽ അവതരിപ്പിക്കുന്നുണ്ട്. ജാതീയമായ അടിവേരുകൾ സമൂഹത്തിൽ ആഴ്ന്നിറങ്ങിയിരുന്നെങ്കിലും നാടകം കാണാൻ ജാതിവിലക്ക് ഉണ്ടായിരുന്നില്ല. നാടോടിനാടകം, സംസ്കൃത വിവർത്തനനാടകങ്ങൾ, സംഗീതനാടകങ്ങൾ, ബൈബിൾ നാടകങ്ങൾ എന്നിങ്ങനെ നാടകകലയുടെ വളർച്ച വേലുവിന്റെ ഓർമ്മയിൽ ഉദിക്കുന്നു. കുട്ടികളെ പരിശീലിപ്പിക്കുന്ന ബാലനടനസഭകൾ തിരുവനന്തപുരം, കടക്കാപൂർ, മധ്യനാട്, ഹരിപ്പാട്, പട്ടണക്കാട് എന്നിവടങ്ങളിൽ സജീവമായിരുന്നതിന്റെ സൂചന നാടകത്തിൽ കാണാം. വേലുവിന്റെ ജനനത്തിനു മുമ്പു തന്നെ അച്ഛനായ ചാമിപ്പിള്ള കാക്കാരിശ്ശി നാടകം കാണാൻ പോകുന്നതിനെക്കുറിച്ചും അതിനു മുമ്പ് തിരുവനന്തപുരത്ത് വലിയ തമ്പുരാൻ ശാകുന്തളം മലയാളം നടന്മാരെവെച്ചവതരിപ്പിച്ചതിനെപ്പറ്റിയും സൂചിപ്പിക്കുന്നു. തമിഴ് നാടകസംഘങ്ങൾ, മലയാള നാടകസംഘങ്ങൾ, ക്രിസ്തീയ നാടകങ്ങൾ, മഹൽസെറ്റുകൾ, റോയൽ സിനിമാറ്റിക് ആന്റ് ഡ്രമാറ്റിക് കമ്പനി, ഓച്ചിറ പരബ്രഹ്മോദയം, ബ്രഹ്മവിലാസം, നടനസഭ,

വാണിവിലാസം എന്നിങ്ങനെ പോകുന്ന നാടകസമിതികളുടെ വളർച്ചയും തളർച്ചയും ഇതിവൃത്തമാകുന്നു. ബബ്ബലൻ, കുട്ടീശ്വരൻ, സെബാസ്റ്റ്യൻ കുഞ്ഞ്, കുഞ്ഞ് ഭാഗവതർ, കെ. എസ്. ആന്റണി, വേദനായകം പിള്ള, വി. എസ്. ആൻഡ്രൂസ് തുടങ്ങിയ നാടക അരങ്ങണിയറ പ്രവർത്തകരെയും വേലു ഓർത്തെടുക്കുന്നു.

സ്ത്രീകൾക്ക് നാടകത്തിലഭിനയിക്കാൻ സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്താണ് വേലുക്കുട്ടിയുടെ രംഗപ്രവേശം. അരങ്ങിൽ ഒരു സ്ത്രീ ശരീരഭാഷ രൂപപ്പെടുത്തിയെടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ തന്നെയായിരുന്ന സ്ത്രീയെ നാടകത്തിൽ നിന്നകറ്റി നിർത്തിയത്. വേലുക്കുട്ടി രൂപപ്പെടുത്തിയ സ്ത്രീ രംഗഭാഷ പിന്നീട് വന്നവർ അനുകരിക്കുക മാത്രമാണ് ചെയ്തത്. സ്ത്രീകൾക്ക് നാടകത്തിൽ പ്രവേശിച്ചിട്ടുപോലും അവരും ആ രംഗഭാഷ അനുകരിക്കുക മാത്രമാണ് ചെയ്തത് എന്ന് കേൾക്കുമ്പോൾ മനസിലാകും വേലുക്കുട്ടിയുടെ കഴിവ്. പ്രത്യേകിച്ച് കരുണയിലെ വാസവദത്തയെ സ്വീകരിക്കാൻ പല സ്ത്രീനടിമാരും മടിച്ചു എന്നത് വേലുവിന്റെ അഭിനയ മികവിന്റെ പ്രതിഫലനമായിരുന്നു. "എന്റെ ശബ്ദം പോലും മാറി. ഞാൻ വേലുക്കുട്ടിയായി..... പിന്നെ വാസവദത്തയായി" എന്ന മാവേലിക്കര പൊന്നമ്മയുടെ ഈ പ്രതികരണം മാത്രം മതി വാസവദത്ത വേലുവായിരുന്നു എന്ന് തെളിയിക്കാൻ.

പപ്പടമുണ്ടാക്കി വിറ്റും കാളയെകൊണ്ട് ഓച്ചിറ പരബ്രഹ്മക്ഷേത്ര പരിസരത്ത് ഭക്തർക്കനുഗ്രഹം നൽകി അന്നം കണ്ടെത്താനവകാശമുണ്ടായിരുന്ന വീരശൈവ സമുദായത്തിലാണ് വേലുവിന്റെ ജനനം. തമിഴ്നാട്ടിൽ നിന്ന് കുടിയേറിയ പൂർവ്വജാതി ചരിത്രവും ഇവിടെ പരാമർശിക്കുന്നുണ്ട്. പരസ്പരം താഴ്ന്നവർ എന്നു കല്പിച്ച് മാറ്റി നിർത്തുന്ന ജാതിവ്യവസ്ഥ. എന്നാൽ എല്ലാവരും നാടകത്തെ ഒരേ പോലെ അംഗീകരിക്കുന്നു എന്ന തിരിച്ചറിവ് വേലുവിനെ നാടകരംഗത്തേക്ക് എത്തിക്കുന്നു.

സമൂഹത്തിൽ നടക്കുന്ന നവോത്ഥാന പ്രവർത്തനങ്ങളെക്കുറിച്ച് വേലു അറിയുന്നത് തന്റെ സുഹൃത്തായ പാപ്പുവിൽ നിന്നാണ്. കുമാരനാശന്റെ

ദുരവസ്ഥയെക്കുറിച്ച് കേട്ടപ്പോൾ തന്റെ അവസ്ഥയും സമാനമാണ് എന്ന ചിന്ത വേലുവിലുണ്ടായി. തന്റെ സഹോദരങ്ങൾക്ക് വിദ്യാഭ്യാസം നല്കണമെന്ന വേലുവിന്റെ ചിന്ത പരിവർത്തന സമൂഹത്തിന്റേതാണ്. ചാന്നാർ ലഹള, നായന്മാരിലും ഈഴവരിലുമുണ്ടായ വിദ്യാഭ്യാസ - വസ്ത്രധാരണ പരിഷ്ക്കാരങ്ങൾ, മേലാളന്മാരുടെ എതിർപ്പുകൾ എല്ലാം നോവൽ പരാമർശിക്കുന്നുണ്ട്. ജാതിവ്യവസ്ഥ ശക്തമാണെങ്കിലും അതിനപ്പുറം മാനുഷികതയിൽ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന മനുഷ്യരുണ്ടെന്ന് അമ്പൂട്ടി എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കുന്നു. അമ്പൂട്ടിയുടെയും കുറവരുടെയും പാട്ടിലൂടെയുള്ള ആശയവിനിമയം കേവലം വാക്കുകളുടെയല്ല, മനസിന്റെ വിനിമയമാണ്. കുടിയിറക്കപ്പെട്ട കുറവർക്കുവേണ്ടി കണ്ണീർ പൊഴിക്കാൻ അമ്പൂട്ടിക്കാവുന്നതും അതുകൊണ്ടു തന്നെ. ലിംഗം, ജാതി എന്നിവയെല്ലാം മാനുഷികതയ്ക്ക് വിരുദ്ധമാണെന്ന വേലുവിലുണ്ടാകുന്ന ചിന്ത യാഥാസ്ഥിക സമൂഹത്തിനു നേരെയുള്ളതാണ്.

**ജീവിതത്തിലും വിട്ടൊഴിയാത്ത കഥാപാത്രം**

അരങ്ങിലെ കഥാപാത്രങ്ങൾ ജീവിതത്തിലും വേലുക്കുട്ടിയിൽ നിറഞ്ഞു നിന്നു. താൻ കെട്ടിയ സ്ത്രീവേഷങ്ങളെല്ലാം വിജയമായിരുന്നെങ്കിലും ഏറെ ശ്രദ്ധിക്കപ്പെട്ടത് കരുണയിലെ വാസദത്തയായിരുന്നു. കുമാരനാശന്റെ ദുരവസ്ഥയെക്കുറിച്ചറിഞ്ഞപ്പോൾ മുതൽ അത് നാടകമാക്കണമെന്നായിരുന്നു ആഗ്രഹം. എന്നാൽ രചനക്കായി സ്വാമി ബ്രഹ്മവ്രതനെ സമീപിച്ചപ്പോൾ കരുണയാണ് ഉത്തമമെന്ന് പറഞ്ഞു. അങ്ങനെ കരുണ നാടകമായി. വേലു വാസവദത്തയായി. അരങ്ങിലും പ്രേക്ഷകമനസിലും വിളങ്ങി. വാസവദത്ത പിന്നീട് വേലുവിന്റെ ജീവിതത്തിലാകെ നിറഞ്ഞു നിന്നു. പ്രമേഹ ബാധിതനായി കാൽക്കാശിനു വകയില്ലാതായി. മരിച്ചാൽ കുഴിച്ചിടാനുള്ള വകപോലും ശേഷിക്കാത്ത അവസ്ഥയിൽ അരങ്ങിലെ സ്ത്രീത്വം ഒരെല്ലിൻ കൂടുമാത്രമായിരിക്കുന്നു. പ്രമേഹം മൂർദ്ധന്യാവസ്ഥയിലാണ്. കൈ മുറിച്ചു മാറ്റേണ്ടി വരും എന്ന ഡോക്ടറുടെ വാക്ക് വാസവദത്ത എന്ന തന്റെ പ്രിയകഥാപാത്രം അറുപറ്റിയതായി തോന്നി.

“കരചരണങ്ങൾ ഛേദിക്കപ്പെട്ടു മരണം കാത്തുകിടന്ന വാസവദത്തയെപ്പോലെ വേലുകുട്ടിയും ജീവിതത്തിന്റെ ചുടുകാട്ടിൽ തള്ളപ്പെടും. വേലുക്കുട്ടിയെ നായികാനടൻ വേലുക്കുട്ടിയാക്കിയ കഥാപാത്രം, വാസവദത്തയുടെ ദുരന്തജീവിതം നടന് അറം പറ്റിയെന്ന് ആളുകൾ പറയും. അതിനിടയാകും മുമ്പ് ഉപഗുപ്തനെന്ന് വേഗം വന്നിരുന്നെങ്കിൽ തന്റെയുള്ളിലെ സ്ത്രീയാഗ്രഹിച്ച മനസും ശരീരവും സമർപ്പിക്കാനാഗ്രഹിച്ച തന്റെ ഉപഗുപ്തനെ കാത്ത് വേലുകുട്ടി കിടന്നു. വാസവദത്തയ്ക്കു ലഭിച്ച അതേ മറുപടിയാണ് കുഞ്ഞു കുഞ്ഞു ഭാഗവതർ നൽകുന്നത് സമയമായില്ല” എന്നാണ്. ഇനി മരണമാണ് അത് ഓച്ചിറ പരതേവരുടെ മണ്ണിൽ കിടന്നാവണം.

വേലുവിനെ സംബന്ധിച്ചിടത്തോളം നാടകമായിരുന്നു ജീവിതം. ജീവിതമായിരുന്നു നാടകം. തന്റെയവസാന ആഗ്രഹമായ നാടകമെഴുതാൻ തന്റെ ജീവിതത്തെ തിരഞ്ഞെടുക്കുന്ന വേലുവിന്റെ ഉള്ളരങ്ങിൽ പതിന്നാലാം നമ്പർ മണ്ണെണ്ണ വിളക്ക് തെളിഞ്ഞു വന്നു. സംഭവബഹുലമായ ജീവിതവും.

**സഹായകഗ്രന്ഥങ്ങൾ**


1. ശ്രീകുമാർ കെ. ഡേ. ഓച്ചിറ വേലുക്കുട്ടി (ജീവചരിത്രം, കേരള സംഗീതനാടക അക്കാദമി, തൃശ്ശൂർ - 2000)
2. സജിത മഠത്തിൽ, മലയാള നാടകസ്ത്രീചരിത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട് - 2010
3. ശങ്കരപ്പിള്ള ജി, മലയാള നാടകസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ - 2005

# ചരിത്രാഖ്യാനം കരിക്കോട്ടക്കരിയിൽ

ആൻമരിയ സിബി
അസി.പ്രൊഫസർ, മലയാള വിഭാഗം
പാവനാത്മാ കോളേജ് മുരിക്കാശ്ശേരി

ഉത്തരാധുനിക പരിതസ്ഥിതിയിൽ ചരിത്രമെന്ന ആഖ്യാനതന്ത്രം ഏതെല്ലാം സവിശേഷരീതികളിൽ പരീക്ഷിക്കുകയും വിജയിക്കുകയും ചെയ്തുവെന്നതിന്റെ ഉത്തരമാണ് വിനോയ് തോമസിന്റെ കരിക്കോട്ടക്കരി എന്ന നോവൽ. വ്യത്യസ്ഥമായ ഭൂരാഷ്ട്രീയത്തിന്റെയും ജാതിയുടേയും തൊഴിലിന്റെയും സംയോജിത രാഷ്ട്രീയവും ചരിത്രവുമാണ് കരിക്കോട്ട ക്കരിയിൽ ഉൾചേർന്നിരിക്കുന്നത്. ആദ്യകാല നോവലിസ്റ്റുകൾ ചരിത്രത്തെ രാജവംശ ചരിത്രമായി കണ്ടാണ് അവതരിപ്പിച്ചിരുന്നത്. അഥവാ രാജവം ശത്തിന്റെ മഹിമയോലുന്ന ചരിത്രത്തെ പുറംലോകങ്ങളിലേയ്ക്കും വ്യാപി പ്പിക്കാനായി ഭാവനയുടെ മേമ്പൊടികൂട്ടിചേർത്ത് അവയെ ചരിത്രാഖ്യായി കകളാക്കി മാറ്റി. മലയാള നോവൽ സാഹിത്യചരിത്രത്തിൽ സി. വി. യുടെ ചരിത്രാഖ്യായികകൾ വഹിക്കുന്ന സ്ഥാനം ഇതിനുദാഹരണമാണ്. യഥാർത്ഥത്തിൽ സി. വി. എഴുതിയ നോവലുകളുടെ ഉദ്ദേശ്യം രാജവംശ ത്തിന്റെ പുകൾ പാടുകയെന്നതായിരുന്നു. അവിടെ അവതരിപ്പിക്കപ്പെട്ട ദേശ ചരിത്രവും കുടുംബചരിത്രവും രാഷ്ട്രീയ ചരിത്രവുമൊക്കെ ഉത്തരാധുനി കമെന്നു വിശേഷിപ്പിക്കുന്ന ഇക്കാലത്തും ആഖ്യാനതന്ത്രങ്ങളായി നില നിൽക്കുമ്പോഴും അവയിൽ പുതിയ പരീക്ഷണങ്ങൾ കടന്നുവരുന്നു. ഇവി ടെയാണ് കരിക്കോട്ടക്കരിക്ക് പ്രസക്തിയേറുന്നത്.

ഉത്തരാധുനികതയിൽ ചരിത്രം ഭിന്നിക്കപ്പെടുന്നു. ഇവിടെ ചരിത്രമെന്നത് ഒറ്റതിരിഞ്ഞുനിൽക്കുന്ന ചെറുതുരുത്തുകളിലേയ്ക്കുള്ള സഞ്ചാരമായി മാറു കയാണ്.ദേശത്തിനും രാഷ്ട്രീയത്തിനുമപ്പുറം ജാതിയും കുടുംബവും അധി

കാരവും സാമൂഹ്യാവസ്ഥകളും സാമൂഹ്യാസ്ഥാപനങ്ങളും സൂഷ്മതയോടെ വിശകലനം ചെയ്യപ്പെടുന്നു. അത്തരത്തിലാണ് കരിക്കോട്ടക്കരിയും അധികാരത്തിൽ കുടുംബവും വിമർശനബുദ്ധ്യാ അപഗ്രഥന വിധേയമാക്കുന്നത്. പ്രാദേശിക ചരിത്രത്തിന്റേയും കുടുംബചരിത്രത്തിന്റേയും രാഷ്ട്രീയസുന്ദരമായ അപനിർമ്മാണം ഇവിടെ കാണാം.

യഥാർത്ഥപുലയരുടെ ഈറ്റില്ലമായ വെട്ടയ്ക്കലും പരിവർത്തിത പുലയരുടെ കാനാൻദേശമായ കരിക്കോട്ടക്കരിയും സവർണ്ണക്രൈസ്തവതയുടെ അധികാര കേന്ദ്രമായ മാലോമും സ്ഥലരാശികളായി നിർത്തികൊണ്ട് രണ്ടു ജനതകളുടേയും ജീവിതസംസ്ക്കാരങ്ങളെ ഇഴപിരിച്ചെടുക്കാനുള്ള ശ്രമമാണ് നോവലിസ്റ്റ് നടത്തിയിരിക്കുന്നത്. കുടിയേറ്റമേഖലകളിലെ ക്രൈസ്തവജനതയുടെ സ്വത്വബോധവും സ്വത്വപ്രതിസന്ധിയും സ്വത്വാന്വേഷണവും പതിവുകുടിയേറ്റ ക്രൈസ്തവ ജീവിതാവിഷ്കാരത്തിൽ നിന്നും ഈ നോവലിനെ വ്യത്യസ്തമാക്കുന്നു. പോരാട്ടത്തിന്റെ നരകയാതനകൾ പിന്നിട്ട് സൗഭാഗ്യങ്ങളുടെ പറുദീസയിൽ കഴിയുന്നവർ തങ്ങളുടെ പ്രൗഢിയും മഹത്വവും ഉദ്ഘോഷിക്കാൻ ശ്രമിക്കുന്ന കാഴ്ച ഇവിടെ കാണാം. അധികാരത്തിൽ കുടുംബത്തിന്റെ ചരിത്രം രേഖപ്പെടുത്തികൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. ചരിത്രത്തോട് വംശമഹിമയെ കൂട്ടിച്ചേർത്തുകൊണ്ടാണ് പുതുചരിത്രനിർമ്മിതി സാധിച്ചിരിക്കുന്നത്. അധികാരത്തിൽ കുടുംബത്തിന്റെ വംശപരമ്പരയുടെ ആരംഭം തരിസാപള്ളി ചെപ്പേടുമായി ബന്ധപ്പെട്ടിരിക്കുന്നു. അപൂർവ്വമായ വാണിജ്യകരാറുകളും കാർഷിക ആവശ്യങ്ങളും കൈമുതലാക്കിയ മാർ. സപീർ ഈശോയുടെ സഹോദരൻ അഫ്രോത്തിന്റെ വിവാഹവുമായി ബന്ധപ്പെട്ടിരിക്കുന്നു അധികാരത്തിൽ കുടുംബം. അഫ്രോത്ത് മണിനങ്ങയെന്ന നമ്പൂതിരിയുവതിയെ വിവാഹം കഴിക്കുന്നതോടെയാണ് അധികാരത്തിൽ കുടുംബത്തിന്റെ ആരംഭം. തലക്കാണം, മേനിപ്പൊന്ന്, പൊലിപ്പൊന്ന് തുടങ്ങിയ അധികാരങ്ങൾ ഉള്ളതിനാലാണ് അധികാരത്തിൽ എന്ന വീട്ടുപേര് വന്നുചേർന്നത്. രണ്ടു കുലീനപാരമ്പര്യങ്ങൾ ചേർന്ന് നല്ല ഉയരവും നിറവുമുള്ള പരമ്പര കുടുംബത്തിലുണ്ടാകുന്നു. ഈ

വംശപരമ്പരയുടെ മഹത്വവും പാരമ്പര്യവും നിലനിർത്തി കലർപ്പില്ലാതിരിക്കാൻ ചില നിർബന്ധനിയമങ്ങളും രൂപപ്പെടുത്തിയിരുന്നു. അവയിൽ പ്രധാനപ്പെട്ടതാണ് വധുവിന്റെ അഞ്ചുതലമുറയെങ്കിലും നോക്കിവേണം വിവാഹബന്ധത്തിലേർപ്പെടാനെന്നത്. വ്യാപാരവും ഭൂപ്രഭുത്വവും ഉപജീവനമാർഗ്ഗമാക്കിയ അധികാരത്തിൽ കുടുംബത്തിൽ നിന്ന് ഇവ തെറ്റിക്കുന്നവരെ കുടുംബത്തിനു പുറത്താക്കിയിരുന്നു. വർക്കിയവിര വല്യപ്പൻ തുടങ്ങിവെച്ച കുടുംബയോഗം വർഷാവർഷം നടത്താറുണ്ട്. മധ്യകേരളത്തിലെ ദുരിതങ്ങളിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും രക്ഷനേടാൻ ധാരാളം മിച്ചഭൂമിയുള്ള മലബാർ പ്രദേശത്തേയ്ക്ക് ക്രിസ്ത്യാനികൾ കുടിയേറ്റം നടത്തി. കാടുകൾ വെട്ടിത്തെളിച്ച് അവർ ആ ഭൂമിയിൽ ആവശ്യാനുസരണം കൃഷിചെയ്തു. ഇത്തരത്തിൽ മലബാറിന്റെ കിഴക്കൻ മലയോരങ്ങളിൽ കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽതന്നെ എത്തിച്ചേർന്ന വർക്കിയവിരവല്യപ്പനാണ് മലബാർ കുടിയേറ്റത്തിന്റെ പിതാവ്.

വർക്കിയവിരയുടെ അടുത്ത തലമുറയിലെ കുഞ്ചെറിയായും മകൻ കുഞ്ഞേപ്പും കുടക് അതിർത്തികൾ വരെ റബ്ബർത്തോട്ടങ്ങൾ വ്യാപിപ്പിച്ചു. കുഞ്ഞേപ്പിന്റെ മക്കൾ ഫിലിപ്പോസും ജോണിയും. ഫിലിപ്പോസ് ഒരു പണിക്കാരിപെണ്ണിന്റെയടുത്ത് തോന്ന്യാസം കാണിച്ചതായി അറിഞ്ഞ കുഞ്ഞേപ്പ് അന്നുതന്നെ ആലക്കോടുപോയി മകന് പെണ്ണുകണ്ടു. വിവാഹവും നടന്നു. ജോണിയുടെ മക്കളാണ് സണ്ണിയും എമിലിയും. മക്കളില്ലാത്ത ഫിലിപ്പോസ് അർത്തുങ്കൽ വെളുത്തച്ഛനെ പ്രാർത്ഥിച്ചുണ്ടായ പുത്രനാണ് ഇറാനിമോസ്. തൊലിവെളുപ്പിൽ വംശശുദ്ധിയുടെ വ്യാജാധികാരങ്ങൾ ചമച്ചുണ്ടാക്കിയ കുഞ്ഞേപ്പിന്റെയും ഫിലിപ്പോസിന്റെയും അഭിമാനത്തിനേറ്റ ക്ഷതമായിരുന്നു കറുത്തിരുണ്ട ഇറാനിമോസിന്റെ ജനനം. മാമ്മോദീസാ ദിവസം കുഞ്ഞിനെ കണ്ട ബന്ധുജനങ്ങൾ അവന്റെ കറുപ്പിൽ അപഹസിച്ച് മൂക്കത്തു വിരൽവയ്ക്കുകയും ഇതൊരു കരിക്കോട്ടക്കരിക്കാരനാണെന്നു പറയുകയും ചെയ്തുവത്രേ. ഇറാനിമോസിന്റെ ജീവിതവും അനുഭവവും അപ്രതീക്ഷിത സംഭവങ്ങളും കരിക്കോട്ടക്കരിയെന്ന പ്രദേശത്തിന്റെയും അധികാരത്തിൽ എന്ന കുടുംബത്തിന്റെയും യഥാർത്ഥ ചരിത്രങ്ങളുടെ ചുരുളഴിക്കാൻ പോന്നവ

യായിരുന്നു. ഇറാനിമോസ് നേരിടുന്ന സ്വത്വപ്രതിസന്ധി ഒരു പ്രദേശത്തെ ഒരുകൂട്ടമാളുകൾ അനുഭവിച്ചതാണെന്ന വസ്തുതയെ അനാവൃതമാക്കുന്നതും ഇറാനിമോസിന്റെ ജീവിതവും കണ്ടെത്തലുകളുമാണ്. ഇറാനിമോസിലൂടെ ഒരു ചരിത്രം മുന്നേറുമ്പോൾ യഥാർത്ഥചരിത്രത്തെ ഇറാനിമോസ് കണ്ടെത്തുകയാണ് ചെയ്യുന്നത്.

പുലയജനതയ്ക്ക് സവർണ്ണമേധാവിത്വത്തിൽ നിന്ന് മോചനം ലഭിച്ചത് പുതുക്രിസ്ത്യാനികളായതോടെയാണ്. എങ്കിൽപോലും കരിക്കോട്ടക്കരിക്കാരൻ എന്നപേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. തിരുവിതാകൂറിലെ പുലയരെ കരിക്കോട്ടക്കരിയിലേയ്ക്ക് എത്തിച്ച് കൃഷിക്കാരാക്കിയ വിദേശമിഷനറി നിക്കോളച്ചന്, അവർക്കുനേരേയുള്ള അവഹേളനം ഇല്ലാതാക്കാൻ കഴിയുന്നില്ല.

പള്ളിമതത്തിലേയ്ക്ക് പരിവർത്തിതരായ പുലയർ അനുഭവിക്കുന്ന സ്വത്വപ്രതിസന്ധിയുടെ തീവ്രമുഖമാണ്. സെബാനിൽ കാണുന്നത്. പഠനകാലത്തിനുശേഷം ഒരു ജോലി ആവശ്യമായി വരുന്നതോടെ മതം അവിടെ വില്ലനായി മാറുന്നു. ഈ ആത്മസംഘർഷങ്ങൾ സെബാൻ ഇറാനിമോസുമായി പങ്കുവയ്ക്കുന്നുമുണ്ട്. ക്രിസ്തുമതം സ്വീകരിച്ച പുലയർക്ക് ദളിത് സംവരണം ലഭിക്കുകയില്ലെന്ന് തിരിച്ചറിഞ്ഞ അയാൾ പ്രായോഗികമായ ഒരു മാർഗം തിരഞ്ഞെടുക്കുന്നു. താൻ ഹിന്ദുവാണെന്ന് തെളിയിക്കാനായി വീട്ടിൽ നിന്നും പുറപ്പെട്ടുപോയി കരിക്കോട്ടക്കരിക്ക് വെളിയിൽ പുതിയൊരു ജീവിതം ആരംഭിക്കുന്നു. അങ്ങനെ സംവരണവും തൊഴിലും നേടിയെടുക്കുന്നു. സെബാന്റെ നിറവും ഭാഷയും പുലയന്റേതാണ്. അഥവാ ഹിന്ദുവിന്റേത്. എന്നാൽ സെബാൻ എന്ന പേര് ക്രിസ്ത്യാനിയുടേതും. മതപരമായ ഈ വൈപരീത്യത്തിൽ നിന്നും രക്ഷനേടാനായി സെബാൻ എന്ന തന്റെ പേര് മാറ്റി പകരം സുമേഷ് കുമാർ എന്ന പേര് സ്വീകരിക്കുന്നു. വിദ്യാഭ്യാസം നേടിയ, എന്നാൽ സ്വത്വപ്രതിസന്ധി നേരിടുന്ന സെബാൻ ഒരു കരിക്കോട്ടക്കരിക്കാരന്റെ മാത്രം പ്രതിനിധിയല്ല. ചരിത്രത്തിൽ നിന്നും അവഗണിക്കപ്പെട്ടുപോയ എന്നാൽ യഥാർത്ഥ ചരിത്രമുള്ള കീഴാളജനതയുടെ, പ്രദേശത്തിന്റെ ചരിത്രം തന്നെയാണ്.

ആകാശത്തും ഭൂമിയിലുമല്ലാത്ത ദളിത് ക്രിസ്ത്യാനിയുടെ അവസ്ഥയിൽ വേദനിച്ചിരുന്ന, സെബാന്റെ സഹോദരിയായ ബിന്ദു, താനൊരു ഹിന്ദുവിനെ മാത്രമെ വിവാഹം ചെയ്യുമെന്ന് തീരുമാനിക്കുന്നു. തന്റെ കുഞ്ഞുങ്ങൾക്കും ഇത്തരമൊരു ഗതി വന്നുചേരരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നതിനാലാണ് അവൾ ഇപ്രകാരമൊരു തീരുമാനത്തിൽ എത്തിചേരുന്നത്.

നിക്കോളച്ചന്റെ മരണത്തോടെ കരിക്കോട്ടക്കരിയെന്ന ഭൂമിക തകരുന്നു. കരിക്കോട്ടക്കരിഇടവക, രൂപതയുടെ ഭരണനിയന്ത്രണങ്ങൾക്കുള്ളിലാകുന്നു. കരിക്കോട്ടക്കരിയിൽ അച്ചൻ വളർത്തിയിരുന്ന പന്നികളെ നോക്കിയിരുന്ന, അന്ധരായ കപ്ലിങ്ങനേയും മരങ്ങനേയും അന്ധമന്ദിരത്തിലേയ്ക്ക് പറഞ്ഞു വിടാൻ തീരുമാനിക്കുന്നു. പന്നികളെ തുറന്നുവിടുന്നു. ചുരുക്കത്തിൽ നിക്കോളച്ചൻ കെട്ടിപടുത്തതെല്ലാം ഇല്ലാതാക്കപ്പെടുന്നു. കരിക്കോട്ടക്കരിയും നിക്കോളച്ചനും പുതിയ ചരിത്രത്തിലെ അടയാളങ്ങൾ മാത്രമായി തുടങ്ങുന്നു. ആ പുരോഹിതൻ പുലർത്തിയ മനുഷ്യത്വവും മാനവികതയും കരുണയും കരുതലും സ്നേഹദയാവായ്പ്പുകളുമെല്ലാം അദ്ദേഹത്തിന്റെ സ്ഥാവരജംഗമവസ്തുക്കൾ തീയിട്ട് നശിപ്പിക്കപ്പെട്ടതുപോലെ എരിഞ്ഞുതീർന്നു. പുലയരുടെ കഴുത്തിൽ വെന്തിങ്ങയിട്ടുകൊടുത്ത് ക്രിസ്ത്യാനിയായി തീർന്ന നിങ്ങൾക്ക് ഏതുവഴിവേണമെങ്കിലും ഭയക്കാതെ നടക്കാമെന്ന് പറഞ്ഞ് ഒരു ദേശം മുഴുവൻ അവർക്ക് വാസയോഗ്യമാക്കി നൽകിയ നിക്കോളച്ചനാണ് കരിക്കോട്ടക്കരിയുടെ പിതാവ്. ഈ പിതാവിന്റെ മരണത്തോടെ വലിയൊരുവിഭാഗത്തിന്റെ പരിവർത്തന ചരിത്രംകൂടി ഇല്ലാതാവുകയാണ്.

മരണസമയത്ത് നിക്കോളച്ചൻ പുലയർ ആരാധിച്ചിരുന്ന കല്ലുകളിലൊന്നിനെ നെഞ്ചോട് ചേർത്തുപിടിച്ചിരുന്നു. ഈ വിവരം ഞെട്ടലോടെയാണ് ചാഞ്ചൻവല്ല്യച്ചൻ കേൾക്കുന്നത്. തന്റെ വംശത്തിന്റെ പാരമ്പര്യത്തേയും മഹിമകളേയും നിക്കോളച്ചൻ തിരിച്ചറിഞ്ഞല്ലോയെന്ന ചിന്ത ചാഞ്ചന് ആശ്വാസ്യകരമാണ്. പൂർവ്വീകരുടെ ആത്മാക്കൾക്കുവേണ്ടി കോഴി കുരുതി നൽകുന്ന സമയത്ത് ഒരു കല്ലിൽ കുരിശുവരച്ച് അച്ചനോടുള്ള സ്നേഹവായ്പ്പുകൾ ചാഞ്ചൻ പ്രകടിപ്പിക്കുന്നുണ്ട്.

കഥാഗതിയുടെ അടിസ്ഥാനത്തിൽ നോവലിനെ മൂന്നുഭാഗങ്ങളാക്കാം. ഇറാനിമോസിന്റെ ബാല്യകാലവും, നസ്രാണി ക്രിസ്ത്യാനികളെന്ന പേരിൽ

അഭിമാനം കൊള്ളുന്ന അധികാരത്തിൽ കുടുംബവും ഒന്നാം ഭാഗത്ത് വരുന്നു. കരിക്കോട്ടക്കരിയും അവിടുത്തെ പുലയരുടെ ജീവിതവും രണ്ടാംഭാഗത്തും തന്റെ വേരുകൾ തേടി ചാഞ്ചൻ വല്ല്യച്ചന്റെയടുത്ത് എത്തിച്ചേരുന്ന ഇറാനിമോസും അദ്ദേഹത്തിന്റെ തിരിച്ചറിവുകളുമാണ് മൂന്നാംഭാഗം. കൂട്ടാളികൾ പലരും മതപരിവർത്തനം ചെയ്തപ്പോഴും തന്റെ വംശമഹിമയിൽ അൽപംപോലും അശ്രദ്ധ വരുത്താത്തയാളാണ് ചാഞ്ചൻ. ദ്രാവിഡപഴമയുടെ ചിട്ടവട്ടങ്ങളിൽ ജീവിക്കുന്ന അയാൾ അധികാരത്തിൽ കുടുംബത്തിന്റെ യഥാർത്ഥചരിത്രത്തെ മറനീക്കാൻ കെൽപ്പുള്ളവനാണ്. ചാഞ്ചൻ വല്ല്യച്ചന്റെയും പുലയനാർ മണിയമ്മയായ കണ്ണമ്മചേച്ചിയുടെയും കൂടെയുള്ള താമസകാലത്താണ് ഇറാനിമോസ് ദ്രാവിഡപഴമയുടെ കരുത്താർജിക്കുന്നത്. പെരുമഴ തകർത്തു പെയ്ത ഒരു ഇരുണ്ട രാവിൽ തന്റെ ഊന്നുവടി മാത്രം അവശേഷിപ്പിച്ച് എങ്ങോമറഞ്ഞ ചാഞ്ചൻവല്ല്യച്ചൻ ചേരമാൻ പെരുമാക്കൻമാരുടെ സന്തതിപരമ്പരയിലെ കണ്ണിയാണ്. ഒടുവിൽ ഇറാനിമോസിന്റെ ചോദ്യങ്ങൾക്കുള്ള മറുപടികളുമായി ഫീലിപ്പോസ് മകന്റെ മുന്നിലെത്തുന്നു. ചാഞ്ചൻ വല്ല്യച്ചനിൽനിന്നും താനറിഞ്ഞ സത്യങ്ങൾ സ്വപിതാവിൽ നിന്നുകൂടി കേൾക്കുന്നു. ചാഞ്ചൻവല്ല്യച്ചന്റെയും തന്റെയും പൂർവ്വികർ പുലയൻമാരായിരുന്നുവെന്നസത്യം ഇറാനിമോസ് തിരിച്ചറിയുന്നു.

അധിനിവേശകരുടെ വെളുപ്പിനോടുള്ള കൊളോണിയൽ വിധേയത്വം തന്നെയാണ്, മലബാർ കുടിയേറ്റത്തിലും കാണുന്നത്. സവർണ്ണനു കീഴാളവേല ചെയ്തുവന്നിരുന്ന പുലയൻ മാടൻ പുതുക്രിസ്ത്യാനി വർക്കിയവിര ആയതോടെ തന്റെ തലമുറയിൽ ആരും കീഴാളനെന്ന ദുഃഖവും ദുരിതവും അനുഭവിക്കേണ്ടി വരില്ലയെന്ന് വർക്കിയവിര കണക്കുകൂട്ടിയിട്ടുണ്ടാവും. പട്ടിക്കും പൂച്ചയ്ക്കും ക്രിസ്ത്യാനിക്കും ഏതുവഴിവേണമെങ്കിലും നടക്കാമെന്ന പരിതസ്ഥിതിയിൽ വെട്ടിപിടിച്ച ഭൂസ്വത്തിലേറെയും പള്ളിക്കും സഭാസ്ഥാപനങ്ങൾക്കും നൽകി ക്രിസ്ത്യാനിയെന്ന സ്ഥാനവും അധികാരവും സ്വന്തമാക്കിയ വർക്കിയവിരയാണ് ഇറനിമോസിന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരം. എത്ര തലമുറകൾ പിന്നിട്ടാലും തങ്ങളുരുവപ്പെട്ട മണ്ണിന്റെ നിറവും മണവും രക്തത്തിൽ നിന്നു മായ്ക്കാൻ കഴിയില്ലെന്ന് ഫിലിപ്പോസിനു തിരിച്ചറിവുണ്ട്. അതുകൊണ്ടാണല്ലോ വർക്കിയവിരവല്ല്യപ്പൻ

അറിയാതെ ചെയ്ത തെറ്റിന്റെ ഇരകളാണ് നമ്മളെന്ന് അയാൾ പറയുന്നത്. ഒരു വലിയ നുണ പറഞ്ഞു; ശരിതന്നെ. ഒരു കീഴാളനെ സംബന്ധിച്ചിടത്തോളം ഉന്നതസ്ഥാനം ലഭിക്കണമെന്നത് ആഗ്രഹവും ആവശ്യവുമായിരുന്നു. നുണയുടെ സാധൂകരണമല്ല ഇത്. മറിച്ച് ചരിത്രത്തിന്റെ നിമ്നോന്നത തലങ്ങളാണ്. പൂർവ്വികൻ ചെയ്ത തെറ്റ് നിന്റെ ജീവിതംകൊണ്ട് നീ തിരുത്തിയെന്ന് മകനോട് പറയുന്ന ഫിലിപ്പോസ് പ്രതാപത്തിന്റെയും അധികാരത്തിന്റെയും കോണിപടികളിൽ നിന്നും മണ്ണിലേയ്ക്ക് കാലുകുത്തുകയാണ്. ജാതി വർഗ വംശമഹിമകൾക്കപ്പുറമാണ് മനുഷ്യത്വമെന്ന തിരിച്ചറിവിനാണ് ഇവിടെ പ്രാധാന്യം.

നോവലിന്റെ ആരംഭത്തിൽ കാണുന്ന തരിസാപള്ളി ചെപ്പേടിന്റെ പരാമർശം കുടുംബമഹിമയെ ഊട്ടിയുറപ്പിക്കുന്ന പൊങ്ങച്ചക്കഥകളുമായി ബന്ധപ്പെട്ടതാണ്. സമ്പത്തും അധികാരവും ചരിത്രത്തെ വിഡ്ഠികഥകളാക്കുന്നതിന്റെ ഉദാഹരണമാണ്. ഇന്ന് മലബാർ പ്രദേശത്ത് നിറഞ്ഞുനിൽക്കുന്ന കുടിയേറ്റചരിത്രങ്ങളിൽ പലതും ഇത്തരം നിർമ്മിതികളാണെന്ന് നോവലിസ്റ്റ് പറയാതെപറയുന്നുണ്ട്. ദേവമാതാ കോളേജിൽ ഇറാനിമോസ് ചരിത്രം പഠിക്കുമ്പോൾ വൈദേശീയരുടെ കടന്നുവരവിനോടും സവർണ്ണരുടെ ആധിപത്യശ്രമങ്ങളോടും ചേർത്ത് കീഴാളന്റെ ദുരിതങ്ങൾകൂടി കാണുന്നുണ്ട്. സിന്ധുനദിതടത്തിൽ ഉയർന്നുവന്ന നാഗരീകതയെ പഠിക്കുമ്പോൾ മേലാളന്റെ പറമ്പിൽ ചെറിയ കുഴികുത്തി അതിൽ കഞ്ഞികുടിക്കേണ്ടിവന്ന പൂർവ്വീകരേയും ഇറാനിമോസ് ചേർത്തുവയ്ക്കുന്നുണ്ട്. അടിമയുടെ രക്തവും മാംസവും മജ്ജയും സ്വന്തമാക്കിയ മേലാളന്റെയും അടിമപ്പണി ചെയ്ത് സ്വയം ആരുമല്ലാതായിതീർന്ന കീഴാളന്റെയും ചരിത്രങ്ങളെകുറിച്ച് ഇറാനിമോസ് ഇവിടെ ചിന്തിക്കുന്നു.

ഇന്ന് കേരളത്തിൽ കാണുന്ന ഒരു വംശവും ശുദ്ധമായിരിക്കാനുള്ള സാധ്യത യുണ്ടെന്ന് നോവലിസ്റ്റും കരുതുന്നില്ല. ചാഞ്ചൻവല്ല്യച്ചന്റെ വാക്കുകളിൽ നിന്നും ഇത് മനസിലാക്കാം. നമ്മുടെ കുലം കൊള്ളില്ലാന്ന് തോന്നീത്, നമ്മുടെ നെറം കൊള്ളില്ലാന്ന് തോന്നീത്, ഒക്കെ അവൻമാര് വന്നേപ്പിന്നെയാ...... ആര്യൻമാര്. പടിഞ്ഞാറൻ കടൽ തീരത്തൂടാ അവര് വന്നത്. ആടിനേം പശൂനേം തീറ്റാൻ. പോന്നവഴിയൊക്കെ അമ്പലങ്ങൾ പണിതു.

നമ്മുടെ നാട് കൊടുംകാടായി കിടന്നതുകൊണ്ട് അവര് പെണ്ണുങ്ങളെ കൂട്ടിയില്ല. മലബാറിലേയ്ക്ക് ആദ്യം ക്രിസ്ത്യാനികൾ പോയതുപോലെ. അവൻമാരിവിടെ വന്ന് നോക്കുമ്പോ നമ്മളാണിവടെ. നമ്മളെന്നുവച്ചാൽ ചേരൻമാർ, പറയൻ, വെട്ടോൻ, കരിമ്പാലൻ, കുറിച്യർ, പറയർ, അരയർ, കൊശവൻ, ഉള്ളാടൻ തൊടങ്ങി നൂറുകണക്കിന് ജാതികള്. ഓരോദേശത്തും ഓരോന്ന്. സകല ജാതീലേം പെണ്ണുങ്ങടെ കൂടെ അവൻമാർ കെടന്നു. അങ്ങനെയുണ്ടായ പിള്ളേർക്ക് വെളുപ്പു നിറോം പൊക്കോം ഉണ്ടായിരുന്നു. അവരെ ശൂദ്രൻമാരെന്നു വിളിച്ച് മറ്റോൻമാര് കൂടെ നിർത്തി. അങ്ങനെയൊണ്ടായതാ ഇവിടുത്തെ കുറുപ്പൻമാരും നായൻമാരുമൊക്കെ. എന്നു പറഞ്ഞാ ഇവിടുത്തെ മേലാളൻമാരെന്ന് പറയുന്നവര് മുഴുവനുണ്ടായത് നമ്മുടെ മണ്ണീന്നും  പെണ്ണീന്നുമാ . ചാഞ്ചൻവല്ല്യച്ചന്റെ ഈ വാക്കുകൾ വംശസങ്കരങ്ങളുടെ ചരിത്രഗാഥയാണ്.  സംഘകാലകൃതികളിലെ തിണസങ്കൽപ്പങ്ങളോടൊത്തു നിൽക്കുന്നവയാണ് ചാഞ്ചന്റെ വാക്കുകൾ. തൊഴിലിന്റെ അടിസ്ഥാനത്തിൽ മാത്രം ജാതിഭേദങ്ങളുണ്ടായിരുന്ന ആദിമദ്രാവിഡരുടെ ജീവചരിത്രം ! അധിനിവേശകരുടെ തന്ത്രങ്ങൾക്ക് ജാതിമാറിയും അദ്ധ്വാനം നൽകിയും ജീവിതം മുഴുവനായി അടിയറവുവച്ചവരാണ് ആദിദ്രാവിഡജനത. തേച്ചാലും മാച്ചാലും മാഞ്ഞുപോകാത്ത വംശമഹിമയും അസ്ഥിത്വവും അവസാനമാണെങ്കിലും അവർ വീണ്ടെടുക്കുന്നുവെന്നത് ചരിത്രസത്യമാണ്.

തന്റെ അന്വേഷണങ്ങൾക്കും ചോദ്യങ്ങൾക്കും വ്യക്തവും കൃത്യവുമായ ഉത്തരം കണ്ടെത്തിയ ഇറാനിമോസിന് ഇനിയങ്ങോട്ട് വ്യഥകളില്ല.  ഞാനിനി മാലോത്തു തന്നെയുണ്ടാകും. ക്രിസ്ത്യാനിയായല്ല, പുലയനായി . എന്ന് ഉറപ്പിച്ചുപറയാൻ അയാൾക്കു കഴിയുന്നു.

റബ്ബർമരങ്ങളുടെ മാരകമായ തണലിൽനിന്നും പ്രകാശം തേടി ചെറുമരതൈകൾ തല നീട്ടുന്നു. വർഷങ്ങളിലൂടെ അവർ അതിജീവിക്കും  ഇറാനിമോസിന്റെ ജീവിതാനുഭങ്ങളുമായി ചേർത്ത് ഇതിനെ വായിക്കാം. കൊളോണിയൽ അധിനിവേശവും സവർണ്ണമേധാവിത്വവുമാണ് ഈ റബ്ബർമരങ്ങൾ. അതിനിടയിൽ തിക്കിയും തിരക്കിയും ഞെരുങ്ങിയും പ്രകാശം തേടി മുകളിലേയ്ക്കുയരുന്ന ചെറുമരത്തൈകളാണ് കീഴാളർ. ഇന്നോളം കണ്ടുവരുന്ന ചരിത്രം വിജയിയുടേതാണ്. വിജയിച്ചവന്റെ  മാത്രം ചരിത്രം രേഖപ്പെടു

ത്തിയ കാലത്തുനിന്നും വ്യത്യസ്ഥമായി വിജയികൾ തങ്ങളുടെ ജൈത്രയാത്രയിൽ ചവിട്ടിയരച്ചുപോയവരുടെ ചരിത്രവും ജീവിതവും കൂടി നോവൽ ആഖ്യാനം ചെയ്യുന്നു. തങ്ങൾ വെട്ടിപിടിച്ച ഭൂമി അതില്ലാത്തവർക്കുകൂടി അവകാശപ്പെട്ടതാണെന്ന് പ്രഖ്യാപിക്കുന്ന ഫിലിപ്പോസിനെ നോവലിന്റെ അന്ത്യത്തിൽ കാണാം.

ആരും തലകുനിക്കണ്ട വർഷങ്ങൾക്കു മുൻപ് എന്റെ വല്ല്യപ്പൻ കുഞ്ചെറിയ ഈ മണ്ണുവളഞ്ഞു പിടിച്ചു. ഇവിടെയുണ്ടായിരുന്ന യഥാർത്ഥ അവകാശികളെ തല്ലിയോടിച്ചു. പക്ഷേ കാലം നിങ്ങടെ ഭൂമി നിങ്ങക്ക് തിരിച്ച് തന്നു. എനിക്ക് ഒരപേക്ഷയേ ഉള്ളു. നിങ്ങളെപ്പോലെ ഇതിൽ ഒരു വീതം എന്റെ മകനുണ്ടാകണം. ഇതുകേട്ട ഭൂമിയില്ലാത്തവരായ സമരക്കാർ കരയുകയായിരുന്നുവെന്നാണ് നോവലിസ്റ്റ് പറയുന്നത്. ആരാണോ താൻ എന്ന തിരിച്ചറിവിൽ ഇറാനിമോസും സന്തോഷവാനായി. ആ സന്തോഷം പന്നിക്കളിപ്പാട്ടിലൂടെയാണ് അയാൾ പ്രകടിപ്പിക്കുന്നത്. എല്ലാവരും ഒരുമിച്ചു ചേർന്നിരുന്ന് വൈകുന്നേരത്തെ തണുപ്പിനെ അതിജീവിക്കാനായി ആഴി കൂട്ടി തീകായുന്ന ചിത്രം അവസാനഭാഗത്ത് കാണാം. ഇതിലൂടെ ദ്രാവിഡ പഴമയുടെ ഐക്യബോധത്തെയും സ്വത്വത്തെയുമാണ് ഇറാനിമോസിനോടും ജീവിതത്തോടും ചേർത്ത് നിർത്തികൊണ്ട് വിനോയ് തോമസ് തിരിച്ചുപിടിക്കുന്നത്. അങ്ങനെ ചരിത്രത്തിന്റെ ഏറ്റവും മഹത്തായ ഉദാരവൽക്കരണമാണ് ഇവിടെ സാധ്യമാക്കിയിരിക്കുന്നത്.